# 6

# ട്രയൽ ബാലൻസും അക്കൗണ്ടുകളിലെ തെറ്റുതിരുത്തലും
# (Trial Balance and Rectification of Errors)

**പഠന നേട്ടങ്ങൾ**

- ട്രയൽ ബാലൻസിന്റെ അർഥം വിശദീകരിക്കുന്നു.
- വിവിധ രീതിയിൽ ട്രയൽ ബാലൻസ് തയാറാക്കുന്നു.
- വിവിധ തരം അക്കൗണ്ടിംഗ് തെറ്റുകൾ വിശദീകരിക്കുന്നു.
- ബിസിനസ്സ് ഇടപാടുകൾ രേഖപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട വിവിധതരം തെറ്റുകൾ കണ്ടെത്തുന്നു.
- ട്രയൽ ബാലൻസിനെ ബാധിക്കുന്ന തെറ്റുകൾ കണ്ടെത്തുന്നു.
- ജേർണലിൽ രേഖപ്പെടുത്തലിലൂടെ തെറ്റുകൾ തിരുത്തുന്നു.
- സസ്പെൻസ് അക്കൗണ്ടിന്റെ അർഥവും ആവശ്യകതയും വിവരിക്കുന്നു.
- സസ്പെൻസ് അക്കൗണ്ടിലൂടെ തെറ്റുകൾ തിരുത്തുന്നു.

## ആമുഖം (Introduction)

ഓരോ ഡെബിറ്റിനും തത്തുല്യമായ ക്രെഡിറ്റ് ഉണ്ടായിരിക്കും എന്ന അക്കൗണ്ടിംഗിന്റെ അടിസ്ഥാനതത്വം മുൻ അധ്യായങ്ങളിൽ നിന്ന് മനസ്സിലാക്കിയല്ലോ? അതിനാൽ, എല്ലാ ഡെബിറ്റുകളുടെ ആകെത്തുകയും ക്രെഡിറ്റുകളുടെ ആകെത്തുകയും തുല്യമാണെങ്കിൽ ലെഡ്ജറിലേക്ക് പോസ്റ്റ് ചെയ്ത ഡെബിറ്റ്, ക്രെഡിറ്റ് തുകകൾ കൃത്യമാണെന്ന് അനുമാനിക്കാം. ഇത്തരത്തിൽ ഡെബിറ്റ്, ക്രെഡിറ്റ് തുകകളുടെ കൃത്യത പരിശോധിക്കുന്നതിനുള്ള ഒരുപാധിയാണ് ട്രയൽ ബാലൻസ് (ശിഷ്ടപത്രം). ഇരട്ടപ്പതിക്കൽ സമ്പ്രദായത്തിൽ (Double Entry System) രണ്ട് ഘടകങ്ങളും (Dual aspects) കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന സാംഖിക കൃത്യതാ നിർണയത്തിനു കൂടി ട്രയൽ ബാലൻസ് ഉപയോഗിക്കാം. ട്രയൽ ബാലൻസിന്റെ അർഥം, തയാറാക്കുന്ന രീതി, അക്കൗണ്ടിംഗിലെ വിവിധതരം തെറ്റുകൾ, അത്തരം തെറ്റുകൾ തിരുത്തുന്നതിനുള്ള മാർഗങ്ങൾ എന്നിവയാണ് ഈ അധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നത്.

## 6.1 ട്രയൽ ബാലൻസിന്റെ അർഥം (Meaning of Trial Balance)

ലെഡ്ജറിലെ എല്ലാ അക്കൗണ്ടുകളുടെയും ബാലൻസ് തുക അല്ലെങ്കിൽ ഡെബിറ്റുകളുടെയും ക്രെഡിറ്റുകളുടെയും ആകെ തുക കാണിക്കുന്ന പത്രികയാണ് ട്രയൽ ബാലൻസ്. ലെഡ്ജർ അക്കൗണ്ടുകളിൽ പോസ്റ്റ് ചെയ്തത്

സാംഖികമായി ശരിയാണോ എന്ന് പരിശോധിക്കുക എന്ന ഉദ്ദേശ്യം കൂടി ഇതിനുണ്ട്. ധനകാര്യ പത്രികകൾ തയാറാക്കുന്നതിന് ഏറെ സഹായകരമായ ട്രയൽ ബാലൻസ് എല്ലാ അക്കൗണ്ടുകളുടെയും വർഷാന്ത്യസ്ഥിതി കാണിക്കുന്നതുകൊണ്ട് അക്കൗണ്ടിംഗ് പ്രക്രിയയിലെ വളരെ പ്രധാനപ്പെട്ട ഒരു പത്രികയാണ് ഇത് എന്ന് പറയാം. ലെഡ്ജർ മുഴുവനായും പരിശോധിക്കാതെ തന്നെ എല്ലാ ബാലൻസുകളും ട്രയൽ ബാലൻസിൽ നിന്ന് ലഭ്യമാകുന്നതുകൊണ്ട് അക്കൗണ്ടന്റിന് ധനകാര്യ പത്രികകൾ തയാറാക്കുന്ന ജോലി എളുപ്പമാവുകയും ചെയ്യും. ഇവിടെ സൂചിപ്പിക്കുന്നത്, എല്ലാ അക്കൗണ്ടുകളുടെയും ബാലൻസുകൾ എടുത്തുകൊണ്ടാണ് സാധാരണയായി ട്രയൽ ബാലൻസ് തയാറാക്കുന്നത് എന്നതാണ്.

**2018 മാർച്ച് 31 ലെ .................................. ന്റെ ട്രയൽ ബാലൻസ്**

| അക്കൗണ്ടിന്റെ പേര് | എൽ. എഫ് | ഡെബിറ്റ് ബാലൻസ്(₹) | ക്രെഡിറ്റ് ബാലൻസ്(₹) |
|---|---|---|---|
| | | | |
| ആകെ തുക | | | |

ചിത്രം 6.1 ട്രയൽ ബാലൻസിന്റെ മാതൃക

സാധാരണയായി ട്രയൽ ബാലൻസ് തയാറാക്കുന്നത് ഒരു അക്കൗണ്ടിംഗ് വർഷത്തിന്റെ അവസാനമാണ്. പക്ഷേ, ഒരു സ്ഥാപനത്തിന് വേണമെങ്കിൽ ഒരു നിശ്ചിത കാലാവധി യുടെ അവസാനം (ആവശ്യമനുസരിച്ച് മാസാവസാനമോ, ത്രൈമാസികമായോ, അർധ വാർഷികമായോ, വാർഷികമായോ) ഇത് തയാറാക്കാവുന്നതേയുള്ളൂ.

**ഒരു ട്രയൽ ബാലൻസ് തയാറാക്കുന്നതിനായി താഴെ കൊടുത്തിരിക്കുന്ന ഘട്ടങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്:**

- ലെഡ്ജറിലുള്ള എല്ലാ അക്കൗണ്ടുകളുടെയും ബാലൻസുകൾ കണ്ടുപിടിക്കുക.
- ഓരോ അക്കൗണ്ടും ലിസ്റ്റ് ചെയ്യുകയും ഡെബിറ്റ്/ക്രെഡിറ്റ് ബാലൻസ് പ്രസ്തുത കോളത്തിൽ രേഖപ്പെടുത്തുകയും ചെയ്യുക. (ഒരു അക്കൗണ്ടിന്റെ ബാലൻസ് പൂജ്യ മാണ് വരുന്നതെങ്കിൽ, ആ അക്കൗണ്ട് ട്രയൽ ബാലൻസിൽ ഉൾപ്പെടുത്തുകയും അതിന്റെ ബാലൻസ് പൂജ്യമായി അനുബന്ധ കോളത്തിൽ കാണിക്കേണ്ടതുമാണ്).
- ഡെബിറ്റ് ബാലൻസുകളുടെ ആകെ തുക കണക്കാക്കുക.

- ക്രെഡിറ്റ് ബാലൻസുകളുടെ ആകെ തുക കണക്കാക്കുക.
- ഡെബിറ്റ് ബാലൻസുകളുടെയും ക്രെഡിറ്റ് ബാലൻസുകളുടെയും ആകെത്തുക തുല്യമാണോ എന്ന് പരിശോധിക്കുക. അവ തുല്യമാകുന്നില്ലെങ്കിൽ അതിനർഥം, അക്കൗണ്ടുകളിൽ ചില തെറ്റുകൾ സംഭവിച്ചിട്ടുണ്ട് എന്നാണ്. അതുകൊണ്ട് എല്ലാ അക്കൗണ്ടുകളുടെയും ബാലൻസുകൾ ശരിയാണോ എന്ന് പരിശോധിക്കുക. ഇവിടെ ശ്രദ്ധിക്കേണ്ട കാര്യം, എല്ലാ ആസ്തികൾക്കും ചെലവുകൾക്കും ഡെബിറ്റ് ബാലൻസും, എല്ലാ ബാധ്യതകൾക്കും വരുമാനത്തിനും ക്രെഡിറ്റ് ബാലൻസുമായിരിക്കും. (ചിത്രം 6.2 കാണുക)

| അക്കൗണ്ടിന്റെ പേര് | എൽ. എഫ്. | ഡെബിറ്റ് ബാലൻസ്₹ | ക്രെഡിറ്റ് ബാലൻസ് ₹ |
|---|---|---|---|
| • മൂലധനം (ക്യാപ്പിറ്റൽ) | | | ✓ |
| • ഭൂമിയും കെട്ടിടങ്ങളും (ലാന്റ് & ബിൽഡിംഗ്സ്) | | ✓ | |
| • യന്ത്രസാമഗ്രികൾ (പ്ലാന്റ് & മെഷിനറി) | | ✓ | |
| • ഉപകരണങ്ങൾ (എക്യുപ്മെന്റ്സ്) | | ✓ | |
| • ഫർണിച്ചർ | | ✓ | |
| • കൈയിലുള്ള പണം (ക്യാഷ് ഇൻ ഹാൻഡ്) | | ✓ | |
| • ബാങ്കിലുള്ള പണം (ക്യാഷ് അറ്റ് ബാങ്ക്) | | ✓ | |
| • പണം തരാനുള്ളവർ (ഡെബ്റ്റേഴ്സ്) | | ✓ | |
| • കിട്ടാനുള്ള ബില്ലുകൾ (ബിൽസ് റിസീവബ്ൾ) | | ✓ | |
| • അസംസ്കൃത വസ്തുക്കളുടെ നീക്കിയിരുപ്പ് (സ്റ്റോക്ക് ഓഫ് റോ മെറ്റീരിയൽസ്) | | ✓ | |
| • ഉൽപ്പന്നങ്ങളുടെ നീക്കിയിരുപ്പ് (സ്റ്റോക്ക് ഓഫ് ഫിനിഷ്ഡ് ഗുഡ്സ്) | | | |

| | | | |
|---|---|---|---|
| • സാധനങ്ങൾ വാങ്ങിയത് (പർച്ചേസസ്) | | ✓ | |
| • സാധനങ്ങൾ കൊണ്ടുവരാനുള്ള കൂലി (ക്യാരേജ് ഇൻവേഡ്സ്) | | ✓ | |
| • സാധനങ്ങൾ കൊണ്ടു പോകാനുള്ള കൂലി (ക്യാരേജ് ഔട്ട്‌വേഡ്സ്) | | ✓ | |
| • വിൽപ്പന (സെയിൽസ്) | | | ✓ |
| • വിൽപ്പന മടക്കം (സെയിൽസ് റിട്ടേൺസ്) | | ✓ | |
| • വാങ്ങൽ മടക്കം (പർച്ചേസസ് റിട്ടേൺസ്) | | | ✓ |
| • പലിശ നൽകിയത് (ഇന്ററസ്റ്റ് പെയ്ഡ്) | | ✓ | |
| • കമ്മിഷൻ/ഡിസ്കൗണ്ട് കിട്ടിയത് | | | ✓ |
| • ശമ്പളം (സാലറി) | | ✓ | |
| • ദീർഘകാല വായ്പ | | | ✓ |
| • കൊടുക്കാനുള്ള ബില്ലുകൾ (ബിൽസ് പേയബിൾ) | | | ✓ |
| • പണം കൊടുക്കാനുള്ളവർ (ക്രെഡിറ്റേഴ്സ്) | | | ✓ |
| • മുൻകൂർ കിട്ടിയ തുക (അഡ്വാൻസ്) | | | ✓ |
| • പണം പിൻവലിച്ചത് (ഡ്രോയിംഗ്സ്) | | ✓ | |
| ആകെ തുക | | xxx | xxx |

ചിത്രം 6.2 വിവരണാത്മക ട്രയൽ ബാലൻസ്

## 6.2 ട്രയൽബാലൻസ് തയാറാക്കുന്നതിന്റെ ഉദ്ദേശ്യങ്ങൾ (Objectives of preparing Trial Balance)

താഴെ കൊടുത്തിരിക്കുന്ന ഉദ്ദേശ്യങ്ങൾ സാക്ഷാൽക്കരിക്കുന്നതിന് വേണ്ടിയാണ് ട്രയൽ ബാലൻസ് തയാറാക്കുന്നത്:

1. ലെഡ്ജർ അക്കൗണ്ടുകളുടെ സാംഖികമായ കൃത്യത നിർണയിക്കുന്നതിന്.
2. തെറ്റുകൾ കണ്ടെത്താൻ സഹായിക്കുന്നതിന്
3. ധനകാര്യ പത്രികകൾ തയാറാക്കാൻ സഹായിക്കുന്നതിന് – ലാഭനഷ്ടക്കണക്കും ബാക്കിപത്രവും (Profit and Loss Account & Balance Sheet)

### 6.2.1 ലെഡ്ജർ അക്കൗണ്ടുകളുടെ സാംഖികമായ കൃത്യത നിർണയിക്കുന്നതിന് (To ascertain the arithematical accuracy of ledger accounts)

മുൻപ് സൂചിപ്പിതുപോലെ എല്ലാ ഡെബിറ്റുകളും ക്രെഡിറ്റുകളും ലെഡ്ജറിൽ ശരിയായി രേഖപ്പെടുത്തിയിട്ടുണ്ടോ എന്നും, എല്ലാ അക്കൗണ്ടുകളും കൃത്യമായി ബാലൻസ് ചെയ്തിട്ടുണ്ടോ എന്നും കണ്ടെത്തുകയാണ് ട്രയൽ ബാലൻസ് തയാറാക്കുന്നതിന്റെ ഉദ്ദേശ്യം. എല്ലാ ലെഡ്ജർ അക്കൗണ്ട് ബാലൻസുകളുടെയും ഒരു സംക്ഷിപ്ത പട്ടികയാണ് ട്രയൽ ബാലൻസ്. ട്രയൽ ബാലൻസിലെ എല്ലാ ഡെബിറ്റ് ബാലൻസുകളുടെയും ക്രെഡിറ്റ് ബാലൻസുകളുടെയും തുക തുല്യമായാൽ അക്കൗണ്ടുകളിൽ പതിച്ചതും (പോസ്റ്റ് ചെയ്തതും), അവ ബാലൻസ് ചെയ്തതും സാംഖികമായി ശരിയാണ് എന്ന് അനുമാനിക്കാം. പക്ഷേ, ട്രയൽ ബാലൻസിന്റെ ഇരുവശവും തുല്യമാകുന്നതുകൊണ്ട് മാത്രം അക്കൗണ്ടുകളുടെ കൃത്യത ഉറപ്പുവരുത്താൻ കഴിയുകയില്ല. എല്ലാ ഡെബിറ്റുകളും അതിന് തുല്യമായ ക്രെഡിറ്റുകളും ശരിയായ രീതിയിൽ ലെഡ്ജറിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് മാത്രമേ ഇത് ഉറപ്പ് നൽകുന്നുള്ളൂ.

### 6.2.2 തെറ്റുകൾ കണ്ടെത്താൻ സഹായിക്കുന്നതിന് (To help in locating errors)

ട്രയൽ ബാലൻസിന്റെ ഡെബിറ്റ് ബാലൻസുകളുടെയും ക്രെഡിറ്റ് ബാലൻസുകളുടെയും തുക തുല്യമായില്ലെങ്കിൽ ചുരുങ്ങിയത് ഒരു തെറ്റെങ്കിലും ഉണ്ട് എന്ന് നമുക്ക് മനസ്സിലാക്കാം. ആ തെറ്റ്/തെറ്റുകൾ അക്കൗണ്ടിംഗ് പ്രക്രിയയുടെ താഴെ പറയുന്ന ഘട്ടങ്ങളിലൂടെ ഉണ്ടാകാം.

(1) അനുബന്ധ പുസ്തകങ്ങളുടെ ആകെ തുക കണക്കാക്കുമ്പോൾ,

(2) ജേർണൽ എൻട്രികൾ ലെഡ്ജറിൽ പോസ്റ്റ് ചെയ്യുമ്പോൾ,

(3) അക്കൗണ്ടുകളുടെ ബാലൻസ് കണക്കാക്കുമ്പോൾ,

(4) അക്കൗണ്ട് ബാലൻസുകൾ ട്രയൽ ബാലൻസിലേക്ക് എടുത്തെഴുതുമ്പോൾ,

(5) ട്രയൽ ബാലൻസിന്റെ കോളങ്ങളുടെ ആകെ തുക കണക്കാക്കുമ്പോൾ

ഇവിടെ ശ്രദ്ധിക്കേണ്ട കാര്യം, ട്രയൽ ബാലൻസിലെ ഡെബിറ്റ് ബാലൻസുകളുടെയും ക്രെഡിറ്റ് ബാലൻസുകളുടെയും തുക തുല്യമാകുന്നുണ്ടെങ്കിലും അക്കൗണ്ടിംഗ് കൃത്യത ഇത് ഉറപ്പാകണമെന്നില്ല, കാരണം ചില തെറ്റുകൾ ഡെബിറ്റ് ബാലൻസുകളുടെയും ക്രെഡിറ്റ് ബാലൻസുകളുടെയും തുകകളുടെ തുല്യതയെ ബാധിക്കുന്നവയല്ല. ഉദാഹരണമായി, അക്കൗണ്ടന്റ് ജേർണൽ എൻട്രി നടത്തുമ്പോഴോ ജേർണൽ എൻട്രി ലെഡ്ജറിൽ പോസ്റ്റ് ചെയ്യുമ്പോഴോ ശരിയായ തുക തെറ്റായ അക്കൗണ്ടിലേക്ക് രേഖപ്പെടുത്തിയെന്ന് വരാം. ഇത് രണ്ട് അക്കൗണ്ടുകളിൽ തെറ്റായ ബാലൻസ് വരുന്നതിന് ഇടയാക്കും. അതുവഴി ട്രയൽ ബാലൻസ് തുല്യമാവുകയും ചെയ്യും. തെറ്റ് ഉണ്ടാകാനുള്ള മറ്റൊരു സാധ്യത, തെറ്റായ ഒരു തുക ഒരുപോലെ ഡെബിറ്റും ക്രെഡിറ്റും ചെയ്ത

തുകൊണ്ടാകാം. എന്നാൽ ആകെ ഡെബിറ്റും ക്രെഡിറ്റും തുല്യമായിരിക്കും. ട്രയൽ ബാലൻസിന്റെ ഇരുവശങ്ങളും തുല്യമായി എന്നതുകൊണ്ട് മാത്രം ക്യാഷ് ബുക്ക്, ജേർണൽ തുടങ്ങിയ അടിസ്ഥാനബുക്കുകളിൽ എല്ലാ എൻട്രികളും കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെന്നോ പതിക്കൽ നടത്തിയിട്ടുണ്ടെന്നോ അർഥമാക്കേണ്ടതില്ല. ട്രയൽ ബാലൻസിന്റെ ഇരുവശങ്ങളും തുല്യമാകുന്നതിലൂടെ പലവിധത്തിലുള്ള തെറ്റുകളും ഉണ്ടായിട്ടില്ല എന്ന് അനുമാനിക്കാം.

### 6.2.3 ധനകാര്യ പത്രികകൾ തയാറാക്കാൻ സഹായിക്കുന്നതിന് (To help in the preparation of financial statements)

അക്കൗണ്ടിംഗ് രേഖകളെയും ധനകാര്യപത്രികകൾ (financial statements) തയാറാക്കുന്നതിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണിയായി ട്രയൽ ബാലൻസിനെ കണക്കാക്കാം. ധനകാര്യ പത്രികകൾ തയാറാക്കുന്നതിന് അക്കൗണ്ടന്റിന് ലെഡ്ജർ മുഴുവൻ നോക്കേണ്ട ആവശ്യമില്ല. യഥാർഥത്തിൽ ഇരുവശങ്ങളും തുല്യമായ ഒരു ട്രയൽ ബാലൻസ് ലഭ്യമാവുക എന്നതാണ് ധനകാര്യപത്രികകൾ തയാറാക്കുന്നതിന്റെ ആദ്യ പടി. ധനകാര്യ പത്രികകൾ തയാറാക്കുന്നതിന് ട്രയൽ ബാലൻസിൽ കാണുന്ന എല്ലാ വരവുകളുടെയും ചെലവുകളുടെയും അക്കൗണ്ട് ബാലൻസുകൾ വ്യാപാര ലാഭനഷ്ട അക്കൗണ്ടിലേക്കും (ട്രേഡിംഗ്, പ്രോഫിറ്റ് & ലോസ്സ് അക്കൗണ്ട്) എല്ലാ ആസ്തി, ബാധ്യത, മൂലധന അക്കൗണ്ട് ബാലൻസുകൾ ബാക്കിപത്രത്തിലേക്കും (ബാലൻസ് ഷീറ്റ്) മാറ്റുകയാണ് വേണ്ടത്. (ധനകാര്യ പത്രികകൾ തയാറാക്കുന്നവിധം 9, 10 അധ്യായങ്ങളിൽ വിശദീകരിക്കുന്നുണ്ട്).

## 6.3 ട്രയൽ ബാലൻസ് തയാറാക്കൽ (Preparation of Trial Balance)

താഴെപ്പറയുന്ന മൂന്ന് രീതികളിൽ ട്രയൽബാലൻസ് തയാറാക്കാം.

1. ആകെത്തുക രീതി (Totals method)
2. നീക്കിയിരിപ്പ് രീതി (Balances method)
3. ആകെത്തുകയുടെയും നീക്കിയിരിപ്പ് തുകയുടെയും സംയുക്ത രീതി (Totals - cum balances method)

### 6.3.1 ആകെത്തുക രീതി (Totals Method)

ഈ രീതിയിൽ ലെഡ്ജർ അക്കൗണ്ടുകളുടെ ഇരുവശങ്ങളിലെയും (ഡെബിറ്റ്, ക്രെഡിറ്റ്) തുകകൾ പ്രത്യേകം കണ്ടെത്തുകയും ട്രയൽ ബാലൻസിന്റെ അതാത് കോളങ്ങളിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. ട്രയൽ ബാലൻസിലെ ഡെബിറ്റ് കോളത്തിലെ ആകെത്തുക ക്രെഡിറ്റ് കോളത്തിലെ ആകെത്തുകയ്ക്ക് തുല്യമായിരിക്കണം, കാരണം അക്കൗണ്ടുകളുടെ രേഖപ്പെടുത്തൽ ഇരട്ടപ്പതിപ്പിക്കൽ (ഡബിൾ എൻട്രി) രീതിയെ അടിസ്ഥാനമാക്കിയുള്ളതാണ്. എന്നാൽ വിവിധ അക്കൗണ്ടുകളിലെ ബാലൻസുകളുടെ കൃത്യത ഉറപ്പ് വരുത്തുന്നതിനും, ധനകാര്യപത്രികകൾ തയാറാക്കുന്നതിനും സഹായകരമല്ലാത്തതുകൊണ്ട്, ഇപ്പോൾ ഈ രീതി പ്രചാരത്തിലില്ല.

### 6.3.2 നീക്കിയിരിപ്പ് രീതി (Balances method)

ട്രയൽ ബാലൻസ് തയാറാക്കുന്നതിന് സാധാരണയായി ഉപയോഗിക്കുന്ന രീതി ഇതാണ്. ഈ രീതിയിൽ എല്ലാ ലെഡ്ജർ അക്കൗണ്ടുകളുടെയും ബാലൻസുകൾ ട്രയൽ ബാലൻസിന്റെ ഡെബിറ്റ്/ ക്രെഡിറ്റ് കോളങ്ങളിൽ രേഖപ്പെടുത്തുകയും തുടർന്ന് ആ കോളങ്ങളുടെ ആകെത്തുക കണ്ടെത്തി കൃത്യത ഉറപ്പ് വരുത്തുകയും ചെയ്യുന്നു. ബാലൻസുകൾ അക്കൗണ്ടുകളിലെ ആകെ ഇടപാടുകളുടെ അന്തിമ ഫലത്തിന്റെ സംക്ഷിപ്തരൂപം പ്രദാനം ചെയ്യുകയും അത് ധനകാര്യ പത്രികകൾ തയാറാക്കുന്നതിന് സഹായകരമാവുകയും ചെയ്യുന്നതുകൊണ്ടാണ് ട്രയൽ ബാലൻസ് തയാറാക്കാൻ അക്കൗണ്ട് ബാലൻസുകൾ ഉപയോഗിക്കുന്നത്. ഇവിടെ ശ്രദ്ധിക്കേണ്ട ഒരു വസ്തുത ട്രയൽ ബാലൻസിൽ പണം തരാനുള്ളവരുടെ അക്കൗണ്ടുകൾ ഓരോന്നായി കാണിക്കുന്നതിന് പകരം ഡെബ്റ്റേഴ്സ് എന്നും അതുപോലെ പണം കൊടുക്കാനുള്ളവരുടെ അക്കൗണ്ടുകൾ വ്യത്യസ്തമായി കാണിക്കുന്നതിന് പകരം ക്രെഡിറ്റേഴ്സ് എന്നും രേഖപ്പെടുത്തി അവയുടെ ആകെ തുകയാണ് സാധാരണയായി കാണിക്കാറുള്ളത്.

### 6.3.3 ആകെത്തുകയുടെയും നീക്കിയിരിപ്പിന്റേയും സംയുക്ത രീതി (Totals - cum - balances method)

ആകെത്തുക രീതിയും നീക്കിയിരിപ്പ് രീതിയും കൂടിച്ചേർന്ന ഒരു രീതിയാണ് ഇത്. ഈ രീതിയിൽ തുകകൾ കാണിക്കുന്നതിന് നാല് കോളങ്ങൾ തയാറാക്കുന്നു. രണ്ട് കോളങ്ങൾ വിവിധ അക്കൗണ്ടുകളുടെ ഡെബിറ്റ്, ക്രെഡിറ്റ് തുകകൾ എഴുതുന്നതിനും, മറ്റ് രണ്ട് കോളങ്ങൾ ഈ അക്കൗണ്ടുകളുടെ ഡെബിറ്റ്, ക്രെഡിറ്റ് ബാലൻസുകൾ രേഖപ്പെടുത്തുന്നതിനും ഉള്ളതാണ്. എന്നാൽ ഈ രീതിയും ഇപ്പോൾ ഒട്ടും പ്രയോഗത്തിലില്ല, കാരണം ഈ രീതി കൂടുതൽസമയം ആവശ്യമുള്ളതും, അതുകൊണ്ട് പ്രത്യേകിച്ച് അധിക പ്രയോജനം ഒന്നും ഇല്ലാത്തതുമാണ്.

ഈ മൂന്ന് രീതിയിലൂടെയും ട്രയൽ ബാലൻസ് തയാറാക്കുന്നത് എങ്ങനെയെന്ന് താഴെ കൊടുത്തിരിക്കുന്ന ഉദാഹരണത്തിലൂടെ നമുക്ക് മനസ്സിലാക്കാം.

ശ്രീ. പ്രവീണിന്റെ ലെഡ്ജറിൽ അദ്ദേഹത്തിന്റെ ബിസിനസ്സിലെ താഴെ പറയുന്ന അക്കൗണ്ടുകൾ കാണിച്ചിരിക്കുന്നു. (1) ആകെത്തുക രീതി, (2) നീക്കിയിരിപ്പ് രീതി, (3) ആകെത്തുകയുടെയും നീക്കിയിരിപ്പിന്റേയും സംയുക്ത രീതി എന്നീ മൂന്ന് രീതിയിലും ട്രയൽ ബാലൻസ് തയാറാക്കുന്നതിന് അദ്ദേഹത്തെ സഹായിക്കുക.

## പ്രവീണിന്റെ ക്യാപ്പിറ്റൽ അക്കൗണ്ട്

**Dr.** **Cr.**

| തിയതി | വിവരണങ്ങൾ | ജെ. എഫ് | തുക(₹) | തിയതി | വിവരണങ്ങൾ | ജെ. എഫ് | തുക (₹) |
|---|---|---|---|---|---|---|---|
| 2014 | | | | 2014 | | | |
| ഡിസം.31 | ബാലൻസ് c/d | | 60,000 | ജനു. 1 | ബാലൻസ് b/d | | 40,000 |
| | | | | | ക്യാഷ് | | 20,000 |
| | | | 60,000 | | | | 60,000 |
| | | | | 2015 | | | |
| | | | | ജനു. 1 | ബാലൻസ് b/d | | 60,000 |

## റോഷന്റെ അക്കൗണ്ട്

**Dr.** **Cr.**

| തിയതി | വിവരണങ്ങൾ | ജെ. എഫ് | തുക(₹) | തിയതി | വിവരണങ്ങൾ | ജെ. എഫ് | തുക(₹) |
|---|---|---|---|---|---|---|---|
| 2014 | | | | 2014 | | | |
| ഡിസം.31 | ക്യാഷ് | | 40,000 | ജനു. 1 | ബാലൻസ് b/d | | 10,000 |
| | ബാലൻസ് c/d | | 20,000 | | പർച്ചേസ് | | 50,000 |
| | | | 60,000 | | | | 60,000 |
| | | | | 2015 | | | |
| | | | | ജനു. 1 | ബാലൻസ് b/d | | 20,000 |

## മെഷിനറി അക്കൗണ്ട്

**Dr.** **Cr.**

| തിയതി | വിവരണങ്ങൾ | ജെ. എഫ് | തുക(₹) | തിയതി | വിവരണങ്ങൾ | ജെ. എഫ് | തുക(₹) |
|---|---|---|---|---|---|---|---|
| 2014 | | | | 2014 | | | |
| ഡിസം.31 | ബാലൻസ് b/d | | 20,000 | ഡിസം.31 | ഡിപ്രീസിയേഷൻ | | 3,000 |
| | | | | | ബാലൻസ് c/d | | 17,000 |
| | | | 20,000 | | | | 20,000 |
| 2015 | | | | | | | |
| ജനു. 1 | ബാലൻസ് b/d | | 17,000 | | | | |

രാഹുൽ അക്കൗണ്ട്

Dr. Cr.

| തിയതി | വിവരണങ്ങൾ | ജെ. എഫ് | തുക(₹) | തിയതി | വിവരണങ്ങൾ | ജെ. എഫ് | തുക(₹) |
|---|---|---|---|---|---|---|---|
| 2014 | | | | 2014 | | | |
| ജനു. 1 | ബാലൻസ് b/d | | 15,000 | | ക്യാഷ് | | 55,000 |
| | സെയിൽസ് | | 60,000 | ഡിസം.31 | ബാലൻസ് c/d | | 20,000 |
| 2015 | | | 75,000 | | | | 75,000 |
| ജനു. 1 | ബാലൻസ് b/d | | 20,000 | | | | |

സെയിൽസ് അക്കൗണ്ട്

Dr. Cr.

| തിയതി | വിവരണങ്ങൾ | ജെ. എഫ് | തുക(₹) | തിയതി | വിവരണങ്ങൾ | ജെ. എഫ് | തുക(₹) |
|---|---|---|---|---|---|---|---|
| | | | | 2014 | | | |
| | | | | | രാഹുൽ | | 60,000 |
| | | | | | ക്യാഷ് | | 10,000 |
| | | | | | | | 70,000 |

ക്യാഷ് അക്കൗണ്ട്

Dr. Cr.

| തിയതി | വിവരണങ്ങൾ | ജെ. എഫ് | തുക(₹) | തിയതി | വിവരണങ്ങൾ | ജെ. എഫ് | തുക(₹) |
|---|---|---|---|---|---|---|---|
| 2014 | | | | 2014 | | | |
| ജനു. 1 | ബാലൻസ് b/d | | 15,000 | ഡിസം.31 | റോഷൻ | | 40,000 |
| | ക്യാപ്പിറ്റൽ | | 20,000 | | വേജസ് | | 5,000 |
| | രാഹുൽ | | 55,000 | | പർച്ചേസ് | | 12,000 |
| | സെയിൽസ് | | 10,000 | | ബാലൻസ് c/d | | 43,000 |
| | | | 1,00,000 | | | | 1,00,000 |
| 2015 | | | | | | | |
| ജനു. 1 | ബാലൻസ് b/d | | 43,000 | | | | |

വേജസ് അക്കൗണ്ട്

**Dr.** **Cr.**

| തിയതി | വിവരണങ്ങൾ | ജെ. എഫ് | തുക (₹) | തിയതി | വിവരണങ്ങൾ | ജെ. എഫ് | തുക (₹) |
|---|---|---|---|---|---|---|---|
| 2014 | ക്യാഷ് | | 5,000 | | | | |
| | | | 5,000 | | | | |

ഡിപ്രീസിയേഷൻ അക്കൗണ്ട്

**Dr.** **Cr.**

| തിയതി | വിവരണങ്ങൾ | ജെ. എഫ് | തുക (₹) | തിയതി | വിവരണങ്ങൾ | ജെ. എഫ് | തുക (₹) |
|---|---|---|---|---|---|---|---|
| 2014 | മെഷിനറി | | 3,000 | | | | |
| | | | 3,000 | | | | |

പർച്ചേസ് അക്കൗണ്ട്

**Dr.** **Cr.**

| തിയതി | വിവരണങ്ങൾ | ജെ. എഫ് | തുക (₹) | തിയതി | വിവരണങ്ങൾ | ജെ. എഫ് | തുക (₹) |
|---|---|---|---|---|---|---|---|
| 2014 | റോഷൻ | | 50,000 | | | | |
| | ക്യാഷ് | | 12,000 | | | | |
| | | | 62,000 | | | | |

മൂന്ന് തരത്തിൽ ട്രയൽ ബാലൻസുകൾ തയാറാക്കിയത് താഴെ വിശദീകരിച്ചിരിക്കുന്നു.

(i) 2014 ഡിസംബർ 31 ലെ ട്രയൽ ബാലൻസ്

(ആകെത്തുക രീതി ഉപയോഗിച്ച്)

| അക്കൗണ്ടിന്റെ പേര് | എൽ. എഫ്. | ഡെബിറ്റ് B sI Xp (₹) | ക്രെഡിറ്റ് ആകെ തുക (₹) |
|---|---|---|---|
| പ്രവീണിന്റെ ക്യാപ്പിറ്റൽ | | | 60,000 |
| റോഷൻ | | 40,000 | 60,000 |
| മെഷിനറി | | 20,000 | 3,000 |
| രാഹുൽ | | 75,000 | 55,000 |
| സെയിൽസ് | | - | 70,000 |
| ക്യാഷ് | | 1,00,000 | 57,000 |
| വേജസ് | | 5,000 | |
| ഡിപ്രീസിയേഷൻ | | 3,000 | |
| പർച്ചേസ് | | 62,000 | |
| **ആകെത്തുക** | | **3,05,000** | **3,05,000** |

(ii) 2014 ഡിസംബർ 31 ലെ ട്രയൽ ബാലൻസ്

(നീക്കിയിരിപ്പ് രീതി ഉപയോഗിച്ച്)

| അക്കൗണ്ടിന്റെ പേര് | എൽ. എഫ്. | ഡെബിറ്റ് ബാലൻസ് (₹) | ക്രെഡിറ്റ് ബാലൻസ് (₹) |
|---|---|---|---|
| പ്രവീണിന്റെ ക്യാപ്പിറ്റൽ | | - | 60,000 |
| റോഷൻ | | - | 20,000 |
| മെഷിനറി | | 17,000 | - |
| രാഹുൽ | | 20,000 | - |
| സെയിൽസ് | | - | 70,000 |
| ക്യാഷ് | | 43,000 | |
| വേജസ് | | 5,000 | |
| ഡിപ്രീസിയേഷൻ | | 3,000 | |
| പർച്ചേസ് | | 62,000 | |
| **ആകെത്തുക** | | **1,50,000** | **1,50,000** |

(iii)2014 ഡിസംബർ 31 ലെ ട്രയൽ ബാലൻസ്

(ആകെത്തുക രീതിയും നീക്കിയിരിപ്പ് രീതിയും സംയുക്തമായി ഉപയോഗിച്ച്)

| അക്കൗണ്ടിന്റെ പേര് തലക്കെട്ട് | എൽ. എഫ് | ഡെബിറ്റ് ആകെത്തുക (₹) | ക്രെഡിറ്റ് ആകെ തുക(₹) | ഡെബിറ്റ് ബാലൻസ്(₹) | ക്രെഡിറ്റ് ബാലൻസ്(₹) |
|---|---|---|---|---|---|
| പ്രവീണിന്റെ ക്യാപ്പിറ്റൽ | | - | 60,000 | - | 60,000 |
| റോഷൻ | | 40,000 | 60,000 | - | 20,000 |
| മെഷിനറി | | 20,000 | 3,000 | 17,000 | - |
| രാഹുൽ | | 75,000 | 55,000 | 20,000 | - |
| സെയിൽസ് | | | 70,000 | | 70,000 |
| ക്യാഷ് | | 1,00,000 | 57,000 | 43,000 | |
| വേജസ് | | 5,000 | | 5,000 | |
| ഡിപ്രീസിയേഷൻ | | 3,000 | | 3,000 | |
| പർച്ചേസ് | | 62,000 | | 62,000 | |
| **ആകെ തുക** | | **3,05,000** | **3,05,000** | **1,50,000** | **1,50,000** |

**സ്വയം വിലയിരുത്തൽ ചോദ്യങ്ങൾ - I**

താഴെ കൊടുത്തിരിക്കുന്ന ഓരോ അക്കൗണ്ടും ഡെബിറ്റ് ബാലൻസാണോ ക്രെഡിറ്റ് ബാലൻസാണോ കാണിക്കുക എന്നെഴുതുക. തുടർന്ന് ഈ ബാലൻസുകളെ അടിസ്ഥാനപ്പെടുത്തി 2018 മാർച്ച് 31 ലെ ട്രയൽബാലൻസ് തയാറാക്കുക.

| അക്കൗണ്ടിന്റെ പേര് | സംഖ്യ (₹) |
|---|---|
| ക്യാപ്പിറ്റൽ | 1,00,000 |
| ഡ്രോയിംഗ്സ് | 16,000 |
| മെഷിനറി | 20,000 |
| സെയിൽസ് | 2,00,000 |
| പർച്ചേസ് | 2,10,000 |
| സെയിൽസ് റിട്ടേൺസ് | 20,000 |
| പർച്ചേസ് റിട്ടേൺസ് | 30,000 |
| വേജസ് | 40,000 |
| ഗുഡ്‌വിൽ | 60,000 |
| ഇന്ററസ്റ്റ് കിട്ടിയത് | 15,000 |
| ഡിസ്കൗണ്ട് അനുവദിച്ചത് | 6,000 |

| | |
|---|---|
| ബാങ്ക് ഓവർഡ്രാഫ്റ്റ് | 22,000 |
| ബാങ്ക് ലോൺ | 90,000 |
| ഡെബ്റ്റേഴ്സ്: | |
| നീതു | 55,000 |
| രൂപ | 20,000 |
| ക്രെഡിറ്റേഴ്സ്: | |
| റീന | 35,000 |
| ഗണേഷ് | 25,000 |
| ക്യാഷ് | 54,000 |
| 2017 ഏപ്രിൽ 1 ലെ ചരക്ക് നീക്കിയിരിപ്പ് | 16,000 |

## 6.4. ട്രയൽ ബാലൻസ് തുല്യമാകുന്നതിന്റെ പ്രാധാന്യം (Significance of agreement of Trial Balance)

ഒരു അക്കൗണ്ടന്റിനെ സംബന്ധിച്ചിടത്തോളം ട്രയൽ ബാലൻസിന്റെ ഇരുവശവും തുല്യമാകേണ്ടത് വളരെ പ്രധാനമാണ്. സാധാരണ ഗതിയിൽ ട്രയൽ ബാലൻസിന്റെ ഇരുവശവും തുല്യമായാൽ ഓരോ ഇടപാടിന്റെയും ഡെബിറ്റ് ക്രെഡിറ്റ് രേഖപ്പെടുത്തലുകൾ ശരിയാണ് എന്ന് കരുതാം. എന്നാൽ മുൻപ് സൂചിപ്പിച്ചത് പോലെ ട്രയൽ ബാലൻസിന്റെ ഇരുവശവും തുല്യമായതുകൊണ്ടു മാത്രം അക്കൗണ്ടിംഗ് രേഖകളുടെ സമ്പൂർണ കൃത്യത ഉറപ്പുവരുത്താൻ കഴിയുകയില്ല. എന്നാൽ ഇരുവശവും തുല്യമായാൽ ഒരു പരിധി വരെ ലെഡ്ജറുകളിലെ പതിക്കലുകൾ സാംഖികമായി ശരിയായി എന്ന് പറയാം. പക്ഷെ അതുകൊണ്ടു മാത്രം രേഖപ്പെടുത്തൽ പൂർണമായി ശരിയാണ് എന്ന് പറയാൻ കഴിയുകയില്ല. ക്രെഡിറ്റിന്റെയും ഡെബിറ്റിന്റെയും തുല്യതയെ ബാധിക്കുന്ന തെറ്റുകളും ബാധിക്കാത്ത തെറ്റുകളും ഉണ്ടാകാം. സാധാരണയായി കാണപ്പെടുന്ന ചില തെറ്റുകൾ താഴെ കൊടുക്കുന്നു.

- ട്രയൽ ബാലൻസിന്റെ ക്രെഡിറ്റിന്റെയും ഡെബിറ്റിന്റെയും ബാലൻസുകൾ കൂട്ടുമ്പോൾ ഉണ്ടാകാവുന്ന തെറ്റുകൾ.
- അനുബന്ധ പുസ്തകങ്ങൾ (സബ്സിഡിയറി ബുക്കുകൾ) കൂട്ടുമ്പോൾ ഉണ്ടാകാവുന്ന തെറ്റുകൾ.
- A \ p_ Ô ] pk ¥X I § f psS (Subsidiary books) ആകെ തുക പതിക്കുമ്പോൾ ഉണ്ടാകാവുന്ന തെറ്റുകൾ.
- അക്കൗണ്ട് ബാലൻസുകൾ ട്രയൽ ബാലൻസിന്റെ തെറ്റായ വശങ്ങളിൽ രേഖപ്പെടുത്തുകയോ തെറ്റായ തുക രേഖപ്പെടുത്തുകയോ ചെയ്തതുമൂലം ഉണ്ടാകുന്ന തെറ്റുകൾ.

- ട്രയൽബാലൻസിൽ ഏതെങ്കിലും അക്കൗണ്ടുകൾ ചേർക്കാൻ വിട്ടുപോവുക.
- ലെഡ്ജർ ബാലൻസുകൾ കണക്കാക്കുമ്പോൾ ഉണ്ടാകാവുന്ന തെറ്റുകൾ
- ജേർണൽ എൻട്രികൾ ലെഡ്ജറിൽ പതിക്കുമ്പോൾ ഉണ്ടാകുന്ന തെറ്റുകൾ അതായത് തെറ്റായ തുക പതിക്കുകയോ അക്കൗണ്ടിന്റെ തെറ്റായ വശത്ത് പതിക്കുകയോ തെറ്റായ അക്കൗണ്ടിൽ പതിക്കുകയോ ചെയ്യുന്നത് മൂലം ഉണ്ടാകാവുന്ന തെറ്റുകൾ
- ഇടപാടുകൾ ജേർണലിൽ രേഖപ്പെടുത്തുമ്പോൾ ഉണ്ടാകാവുന്ന തെറ്റുകൾ, അതായത് തിരിച്ച് രേഖപ്പെടുത്തുക, (ഡെബിറ്റ് ചെയ്യേണ്ട അക്കൗണ്ട് ക്രെഡിറ്റ് ചെയ്യുകയും തിരിച്ചും സംഭവിക്കുക) അല്ലെങ്കിൽ തെറ്റായ അക്കൗണ്ടിൽ രേഖപ്പെടുത്തുക, തുടങ്ങിയവ.
- അനുബന്ധ പുസ്തകങ്ങളിൽ (Subsidiary books) രേഖപ്പെടുത്തുമ്പോൾ തെറ്റായ പേരിലോ തെറ്റായ അക്കൗണ്ടിലോ രേഖപ്പെടുത്തുക

### 6.4.1 തെറ്റുകളുടെ തരം തിരിക്കൽ (Classification of Errors)

തെറ്റുകളെ അവയുടെ സ്വഭാവം അനുസരിച്ച് നാല് വിഭാഗങ്ങളാക്കി തരം തിരിക്കാം.

- നിർവഹണത്തെറ്റുകൾ (Error of commission)
- ഉപേക്ഷാത്തെറ്റുകൾ (Error of omission)
- താത്വികത്തെറ്റുകൾ (Error of principle)
- പൂരീകൃതത്തെറ്റുകൾ (Compensating errors)

### 6.4.2 നിർവഹണത്തെറ്റുകൾ (Error of Commission)

ഇടപാടുകൾ തെറ്റായി രേഖപ്പെടുത്തുന്നത് മൂലമോ സംഖ്യകൾ കൂട്ടുമ്പോഴോ, അക്കൗണ്ടുകളുടെ ബാക്കി കാണുമ്പോഴോ അനുബന്ധ പുസ്തകങ്ങളിൽ (സബ്സിഡിയറി ബുക്കിൽ) തെറ്റായി രേഖപ്പെടുത്തുമ്പോഴോ ലെഡ്ജറിൽ സംഖ്യകൾ തെറ്റായി പതിക്കുമ്പോഴോ ഒക്കെ ഉണ്ടാകാവുന്ന തെറ്റുകൾ ഇക്കൂട്ടത്തിൽപ്പെടുത്താം. ഉദാഹരണമായി, രാജാസ് ട്രേഡേഴ്സ്, പ്രീതി ട്രേഡേഴ്സിന് 25,000 രൂപ നൽകി എന്ന് കരുതുക. ഈ ഇടപാട് ക്യാഷ് ബുക്കിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലെഡ്ജറിൽ പതിക്കുമ്പോൾ പ്രീതിയുടെ അക്കൗണ്ടിൽ 2,500 രൂപ മാത്രമേ ഡെബിറ്റ് ചെയ്തുള്ളൂ. ഇത് നിർവഹണ തെറ്റുകളിൽ ഉൾപ്പെടുന്നതാണ്. ഇത്തരം തെറ്റിനെ ഒരു ക്ലറിക്കൽ തകരാർ അഥവാ കയ്യബദ്ധം ആയി കണക്കാക്കാം. മാത്രമല്ല, ഇത്തരം തെറ്റുകൾ മിക്കപ്പോഴും ട്രയൽബാലൻസിന്റെ തുല്യതയെ ബാധിക്കുകയും ചെയ്യും.

## 6.4.2 ഉപേക്ഷാത്തെറ്റുകൾ (Error of Omission)

ഇടപാടുകൾ നാൾവഴിയിൽ (journal) രേഖപ്പെടുത്തുമ്പോഴോ അല്ലെങ്കിൽ പേരേടിൽ (Ledger) പതിക്കുമ്പോഴോ (പോസ്റ്റ് ചെയ്യുമ്പോൾ) ഉണ്ടാകുന്ന തെറ്റുകളാണ് ഉപേക്ഷാ തെറ്റുകൾ. ഇവ രണ്ട് വിധത്തിലുണ്ട്.

- പൂർണ്ണ ഉപേക്ഷാത്തെറ്റുകൾ (Errors of complete omission)
- ഭാഗിക ഉപേക്ഷാത്തെറ്റുകൾ (Errors of partial omission)

ഒരു ഇടപാട് പൂർണമായും നാൾവഴിയിൽ രേഖപ്പെടുത്താൻ വിട്ടുപോയാൽ അതിനെ പൂർണ്ണ ഉപേക്ഷാത്തെറ്റ് എന്ന് പറയാം. ഉദാഹരണം: മോഹനന് 10,000 രൂപയുടെ സാധനങ്ങൾ കടമായി വിൽപ്പന നടത്തിയത് വിൽപ്പന ബുക്കിൽ (സെയിൽസ് ബുക്കിൽ) രേഖപ്പെടുത്താൻ വിട്ടുപോയി. ഇടപാട് രേഖപ്പെടുത്തുമ്പോൾ ഭാഗികമായി മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളു എങ്കിൽ അതിനെ ഭാഗിക ഉപേക്ഷാത്തെറ്റ് എന്ന് പറയാം. മുകളിലെ ഉദാഹരണത്തിൽ കടമായി വിറ്റത് സെയിൽസ്ബുക്കിൽ ശരിയായി രേഖപ്പെടുത്തിയിട്ടുണ്ട്, പക്ഷെ സെയിൽസ്ബുക്കിൽ നിന്ന് മോഹനന്റെ അക്കൗണ്ടിലേക്ക് പതിക്കാൻ (പോസ്റ്റ് ചെയ്യാൻ) വിട്ടുപോയി. ഇത് ഭാഗികമായി മാത്രം വിട്ടുപോയതുമൂലമുണ്ടായ തെറ്റിൽ ഉൾപ്പെടുന്നതാണ്.

## 6.4.3 താത്വികത്തെറ്റുകൾ (Error of principle)

അംഗീകരിക്കപ്പെട്ടിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങൾ അനുസരിച്ചാണ് എല്ലായ്പ്പോഴും അക്കൗണ്ടിംഗ് രേഖപ്പെടുത്തലുകളും പതിക്കലുകളും (ജേർണലൈസിംഗും പോസ്റ്റിംഗും) നടത്തുന്നത്. ഇവയിൽ ഏതെങ്കിലും തത്വങ്ങൾ ലംഘിക്കപ്പെടുകയോ ശ്രദ്ധിക്കപ്പെടാതെ പോവുകയോ ചെയ്താൽ ഉണ്ടാകുന്ന തെറ്റുകളെ താത്വികത്തെറ്റുകൾ എന്ന് പറയാം. സാധാരണയായി താത്വികത്തെറ്റുകൾ സംഭവിക്കുന്നത് ചെലവുകളെയും വരവുകളെയും മൂലധന ഇനങ്ങളായും (Capital) റവന്യൂ ഇനങ്ങളായും (Revenue) തരം തിരിക്കുമ്പോഴാണ്. ഇത് ലാഭ-നഷ്ടക്കണക്ക്, ബാക്കി പത്രം തുടങ്ങിയ ധനകാര്യ പത്രികകളെ ബാധിക്കുന്നതിനാൽ വളരെ പ്രധാനപ്പെട്ടതാണ്. ഇതുവഴി വരവ്, ആസ്തികൾ, ചെലവ്, ബാധ്യത എന്നിവയിൽ കൂടുതലോ കുറവോ വരാം. ഉദാഹരണമായി, നിലവിലുള്ള കെട്ടിടങ്ങൾക്ക് ചില കൂട്ടിച്ചേർക്കലുകൾ നടത്തിയപ്പോൾ ഉണ്ടായ ചെലവുകൾ യഥാർത്ഥത്തിൽ മൂലധനച്ചെലവായി കണക്കാക്കുകയും പ്രസ്തുത ആസ്തിയുടെ അക്കൗണ്ടിൽ ഡെബിറ്റ് ചെയ്യുകയുമാണ് വേണ്ടത്. എന്നാൽ ഈ ചെലവ് പരിപാലനച്ചെലവായോ കേടുപാടുകൾ തീർക്കുന്നതിനുള്ള ചെലവായോ രേഖപ്പെടുത്തിയാൽ അത് ദൈനംദിനച്ചെലവായി മാറും. ഇത് ഒരു താത്വിക തെറ്റാണ്. അതുപോലെ തന്നെ യന്ത്രസാമഗ്രികൾ കടമായി വാങ്ങിയത് ജനറൽ ജേർണലിൽ രേഖപ്പെടുത്തേണ്ടതിന് പകരം പർച്ചേസ് ബുക്കിൽ രേഖപ്പെടുത്തുക, ഭൂവുടമയ്ക്ക് നൽകിയ വാടക ക്യാഷ് ബുക്കിൽ ഭൂവുടമയ്ക്ക് പണം നൽകിയതായി

രേഖപ്പെടുത്തുക തുടങ്ങിയവയൊക്കെ താത്വിക തെറ്റുകൾ ആണെന്ന് പറയാം. ഇത്തരം തെറ്റുകൾ ട്രയൽ ബാലൻസിനെ ബാധിക്കുകയില്ല.

## 6.4.4 പൂരികൃത തെറ്റുകൾ (Compensating errors)

രണ്ടോ അതിലധികമോ തെറ്റുകൾ സംഭവിക്കുകയും അവ അക്കൗണ്ടുകളിലെ ഡെബിറ്റിനെയും ക്രെഡിറ്റിനെയും തുല്യമായി ബാധിക്കുകയും ആത്യന്തികമായി തെറ്റ് പ്രതിഫലിക്കാതിരിക്കുകയും ചെയ്താൽ അത്തരം തെറ്റുകളെ പൂരികൃത തെറ്റുകൾ എന്ന് പറയാം. ഉദാഹരണമായി പർച്ചേസ് ബുക്കിൽ ആകെത്തുക കാണുന്നതിൽ 1000 രൂപ കൂടിപ്പോവുകയും സെയിൽസ് റിട്ടേൺസ് ബുക്കിൽ ആകെത്തുക കാണുന്നതിൽ 1000 രൂപ കുറഞ്ഞുപോവുകയും ചെയ്തു. ഇവിടെ പർച്ചേഴ്സ് ബുക്കിലെ അധികത്തുക സെയിൽ റിട്ടേൺസ് ബുക്കിലെ കുറവ് കൊണ്ട് പരിഹരിക്കപ്പെട്ടു. അതായത് രണ്ട് അക്കൗണ്ടുകൾക്കും ഡെബിറ്റ് ബാലൻസ് ആയതിനാൽ ഒരു കുറവ് മറ്റൊരു കൂടുതൽ കൊണ്ട് തട്ടിക്കിഴിച്ചു എന്ന് സാരം. ഇവയുടെ ആത്യന്തിക ഫലം ശൂന്യമായത് കൊണ്ട് ഇവയും ട്രയൽ ബാലൻസിൽ പ്രതിഫലിക്കുകയില്ല.

## 6.5 തെറ്റുകൾ കണ്ടെത്തൽ (Searching of errors)

ട്രയൽ ബാലൻസിന്റെ ഇരുവശവും തുല്യമല്ലെങ്കിൽ ചുരുങ്ങിയത് ഒരു തെറ്റെങ്കിലും സംഭവിച്ചു എന്ന് ഉറപ്പിക്കാം. ധനകാര്യപത്രികകൾ തയാറാക്കുന്നതിന് മുൻപായി ആ തെറ്റ് (അഥവാ തെറ്റുകൾ) എവിടെയാണെന്ന് കണ്ടെത്തി തിരുത്തേണ്ടതാണ്.

ട്രയൽ ബാലൻസ് തുല്യമാകുന്നില്ലെങ്കിൽ തെറ്റുകൾ കണ്ടെത്തുന്നതിന് അക്കൗണ്ടന്റ് താഴെ പറയുന്ന നടപടികൾ എടുക്കേണ്ടതാണ്:

- ട്രയൽബാലൻസിന്റെ ഡെബിറ്റ് കോളവും ക്രെഡിറ്റ് കോളവും ഒന്നുകൂടി കൂട്ടി നോക്കുക.
- അക്കൗണ്ടുകളുടെ ശീർഷകങ്ങൾ താരതമ്യം ചെയ്ത് ലെഡ്ജറിൽ ഉള്ള തുകയും, ട്രയൽ ബാലൻസിലെ തുകയും തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ എന്നും, ഏതെങ്കിലും സംഖ്യകളോ അക്കൗണ്ടുകളോ വിട്ടുപോയിട്ടുണ്ടോ എന്നും പരിശോധിക്കുക.
- ഈ വർഷത്തെ ട്രയൽബാലൻസും മുൻ വർഷത്തെ ട്രയൽ ബാലൻസും താരതമ്യം ചെയ്ത് ഏതെങ്കിലും അക്കൗണ്ടുകൾ വിട്ടുപോവുകയോ പുതിയതായി ഉൾപ്പെടുത്തുകയോ ചെയ്തിട്ടുണ്ടോ എന്നും അപ്രതീക്ഷിതമായതോ, വിശദീകരിക്കാൻ ബുദ്ധിമുട്ടുള്ളതോ ആയ വളരെ വലിയ വ്യത്യാസമുള്ള തുകകൾ വന്നിട്ടുണ്ടോ എന്നും പരിശോധിക്കുക.
- ലെഡ്ജറിലെ ഓരോ അക്കൗണ്ടിന്റെയും നീക്കിയിരിപ്പ് (balance) ശരിയാണോ എന്ന് ഒന്നുകൂടി പരിശോധിച്ച് തെറ്റില്ല എന്ന് ഉറപ്പ് വരുത്തുക.

- ജേർണലിൽ നിന്ന് അക്കൗണ്ടുകളിലേക്ക് പതിച്ചത് (പോസ്റ്റ് ചെയ്തത്) ശരിയാണോ എന്ന് ഒരിക്കൽ കൂടി പരിശോധിക്കുക.
- ട്രയൽബാലൻസിന്റെ ഡെബിറ്റ്, ക്രെഡിറ്റ് കോളങ്ങൾ തമ്മിലുള്ള വ്യത്യാസം 2 കൊണ്ട് നിശ്ശേഷം ഹരിക്കാവുന്ന ഒരു സംഖ്യയാണെങ്കിൽ വ്യത്യാസത്തിന്റെ പകുതി സംഖ്യയ്ക്കുള്ള ഒരു പതിക്കൽ (posting) ലെഡ്ജറിലെ മറ്റൊരു അക്കൗണ്ടിന്റെ തെറ്റായ വശത്ത് നടത്തിയിട്ടുണ്ടാകാൻ സാധ്യതയുണ്ട്. ഉദാഹരണമായി ഡെബിറ്റ് കോളത്തിൽ 1500 രൂപ കൂടുതൽ ഉണ്ടെങ്കിൽ സ്വാഭാവികമായും ക്രെഡിറ്റ് കോളത്തിൽ വരേണ്ട 750 രൂപ ഡെബിറ്റ് വശത്ത് തെറ്റായി പതിപ്പിച്ചിരിക്കാനുള്ള സാധ്യത ഉണ്ട്. ഇത്തരം തെറ്റുകൾ കണ്ടെത്താൻ 750 രൂപയുടെ എല്ലാ ഡെബിറ്റ് എൻട്രികളും വിശദമായി പരിശോധിക്കുക.
- തുകയിലെ വ്യത്യാസം ചിലപ്പോൾ സംഖ്യ പൂർണമായും പോസ്റ്റ് ചെയ്യാൻ വിട്ടുപോയതിന്റെ ഫലമാകാം. മുകളിലെ 1,500 രൂപയുടെ കാര്യത്തിൽ 1500 രൂപയുടെ എൻട്രി ക്രെഡിറ്റ് സൈഡിൽ പോസ്റ്റ് ചെയ്യാൻ അക്കൗണ്ടന്റ് വിട്ടുപോയതാകാം. അതുകൊണ്ടു തന്നെ 1,500 രൂപയുടെ ക്രെഡിറ്റ് എൻട്രികൾ പൂണമായും പരിശോധിക്കുക.
- വ്യത്യാസങ്ങൾ 9 ന്റെഗുണിതങ്ങളോ 9 കൊണ്ട് ഹരിക്കാവുന്ന സംഖ്യയോ ആണെങ്കിൽ ഒരു പക്ഷേ തുകയിലെ അക്കങ്ങൾ തമ്മിൽ മാറിപ്പോയതാകാനും സാധ്യതയുണ്ട്. ഉദാഹരണമായി 459 എന്ന ഒരു ഡെബിറ്റ് സംഖ്യ 954 ആയി പോസ്റ്റ് ചെയ്തിട്ടുണ്ടെങ്കിൽ ഡെബിറ്റ് വശത്ത് 495 രൂപ (954–459) അധികം കാണും. ഈ വ്യത്യാസം 9 കൊണ്ട് ഹരിക്കാവുന്ന സംഖ്യയാണ്. ദശാംശബിന്ദു തെറ്റായി രേഖപ്പെടുത്തിയതും ഇതുപോലെ പരിശോധിക്കാവുന്നതാണ്. ഇങ്ങനെ ട്രയൽ ബാലൻസിലെ വ്യത്യാസം 9 കൊണ്ട് ഹരിക്കാവുന്ന സംഖ്യയാണെങ്കിൽ അത് അക്കങ്ങൾ മാറിപ്പോയതുകൊണ്ടുള്ള തെറ്റാകാൻ സാധ്യതയുണ്ട്.

## 6.6 തെറ്റുകൾ തിരുത്തൽ (Rectification of errors)

തിരുത്തലിന്റെ രീതികൾ അനുസരിച്ച് തെറ്റുകളെ താഴെ കൊടുത്തിരിക്കുന്ന രണ്ട് വിഭാഗങ്ങളായി തരം തിരിക്കാം.

എ) ട്രയൽ ബാലൻസിനെ ബാധിക്കാത്ത തെറ്റുകൾ

ബി) ട്രയൽ ബാലൻസിനെ ബാധിക്കുന്ന തെറ്റുകൾ

ഈ വ്യത്യാസം പ്രസക്തമാണ്, എന്തുകൊണ്ടെന്നാൽ ട്രയൽ ബാലൻസിനെ ബാധിക്കാത്ത തെറ്റുകൾ സാധാരണയായി രണ്ട് അക്കൗണ്ടുകളെ ബാധിക്കുന്നതുകൊണ്ട് ഒരു ജേർണൽ എൻട്രിയിലൂടെ പരിഹരിക്കാം. എന്നാൽ ട്രയൽ ബാലൻസിനെ ബാധിക്കുന്ന തെറ്റുകൾ സാധാരണയായി ഒരു അക്കൗണ്ടിനെ മാത്രം ബാധിക്കുന്നതുകൊണ്ട് അത് പരിഹരിക്കുന്നതിന് ഒരു സസ്പെൻസ് അക്കൗണ്ട് തുറക്കാതെ ഒരു ജേർണൽ എൻട്രി എഴുതി പരിഹരിക്കാൻ കഴിയുകയില്ല. അത്തരം തെറ്റുകൾ തിരുത്തുന്നതിന് പ്രസ്തുത അക്കൗണ്ടിന്റെ ഒരു അസാധുവാക്കൽ (nullifying entry) എൻട്രി എഴുതേണ്ടതുണ്ട്.

### *6.6.1 ട്രയൽ ബാലൻസിനെ ബാധിക്കാത്ത തെറ്റുകൾ തിരുത്തുന്ന രീതി*

ഇത്തരം തെറ്റുകൾ രണ്ടോ അതിലധികമോ അക്കൗണ്ടുകളിൽ സംഭവിച്ചിട്ടുണ്ടാകും. ഇത്തരം തെറ്റുകളെ ദ്വിവശത്തെറ്റുകൾ (Two- sided errors) എന്നും പറയാറുണ്ട്. പ്രസ്തുത അക്കൗണ്ടുകളിൽ ശരിയായ ഡെബിറ്റും ക്രെഡിറ്റും നൽകി ഒരു ജേർണൽ എൻട്രി നടത്തി പരിഹരിക്കാവുന്നതേയുള്ളൂ.

പ്രഥമ രേഖപ്പെടുത്തൽ ബുക്കിൽ ഒരിടപാട് രേഖപ്പെടുത്താൻ പൂർണമായും വിട്ടുപോവുക, അക്കൗണ്ട് ബുക്കിൽ ഇടപാടുകൾ തെറ്റായി രേഖപ്പെടുത്തുക, അക്കൗണ്ടുകളിൽ പോസ്റ്റ് ചെയ്യാൻ പൂർണമായും വിട്ടുപോവുക, തെറ്റായ അക്കൗണ്ടിൽ ശരിയായ വശത്ത് പോസ്റ്റ് ചെയ്യുക, താത്വിക തെറ്റുകൾ മുതലായവ ഇത്തരം തെറ്റുകൾക്ക് ഉദാഹരണങ്ങളാണ്.

തെറ്റ് തിരുത്തൽ പ്രക്രിയകളിൽ താഴെപ്പറയുന്ന കാര്യങ്ങൾ ഉൾപ്പെടുന്നു:-

- തെറ്റായ ഡെബിറ്റും ക്രെഡിറ്റും തിരിച്ചെഴുതി അതിന്റെ പ്രസക്തി ഇല്ലാതാക്കുക.
- ശരിയായ ഡെബിറ്റും ക്രെഡിറ്റും പുനസ്ഥാപിക്കുക.

ഈ ആവശ്യത്തിന് അതിൽ ഉൾപ്പെട്ടിട്ടുള്ള അക്കൗണ്ടുകളിലെ സ്വാധീനം എത്രമാത്രം ഉണ്ടെന്ന് വിശകലനം ചെയ്യേണ്ടതുണ്ട്. അത് താഴെ പറയുന്നപോലെ ആകാം.

(എ) ഒരു അക്കൗണ്ടിലെ ഡെബിറ്റ് അല്ലെങ്കിൽ ക്രെഡിറ്റ് കുറഞ്ഞിരിക്കുക.

(ബി) ഒരു അക്കൗണ്ടിലെ ഡെബിറ്റ് അല്ലെങ്കിൽ ക്രെഡിറ്റ് കൂടിയിരിക്കുക. അതുകൊണ്ടുതന്നെ തിരുത്തൽ എൻട്രികൾ താഴെ പറയുന്ന രീതിയിൽ ആയിരിക്കും.

(i) കുറഞ്ഞ ഡെബിറ്റ് അല്ലെങ്കിൽ അധിക ക്രെഡിറ്റ് വന്ന അക്കൗണ്ട് ഡെബിറ്റ് ചെയ്യുക

(ii) കൂടുതൽ ഡെബിറ്റ് അല്ലെങ്കിൽ കുറഞ്ഞ ക്രെഡിറ്റ് വന്ന അക്കൗണ്ട് ക്രെഡിറ്റ് ചെയ്യുക.

ഇത്തരം തെറ്റുകൾ പരിഹരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ താഴെ കൊടുത്തിരിക്കുന്ന ഉദാഹരണങ്ങളിലൂടെ വിശദീകരിക്കാം.

(എ) 10,000 രൂപയ്ക്ക് മോഹനന് സാധനങ്ങൾ കടമായി വിറ്റത് രേഖപ്പെടുത്തിയില്ല. ഇത് പൂർണമായും വിട്ടുപോവുക എന്ന ഉപേക്ഷിതത്തെറ്റാണ്. ഈ തെറ്റിന്റെ പ്രസക്തി മോഹനന്റെ അക്കൗണ്ട് ഡെബിറ്റും ചെയ്തിട്ടില്ല വിൽപ്പന (സെയിൽസ്) അക്കൗണ്ട് ക്രെഡിറ്റും ചെയ്തിട്ടില്ല എന്നതാണ്. ആയതുകൊണ്ട് സാധാരണഗതിയിൽ കടമായി വിൽപ്പന നടത്തുന്നതിനുള്ള ജേർണൽ എൻട്രി എഴുതിയാൽ ഈ തെറ്റ് തിരുത്തപ്പെടും.

| | | | |
|---|---|---|---|
| മോഹനൻ അക്കൗണ്ട് | Dr. | 10,000 | |
| To സെയിൽസ് അക്കൗണ്ട് | | | 10,000 |

(ബി) 10,000 രൂപയ്ക്ക് മോഹനന് കടമായി സാധനങ്ങൾ വിറ്റത്, 'വിൽപ്പന ബുക്കിൽ' (sales book) 1,000 രൂപ എന്ന് രേഖപ്പെടുത്തി. ഇത് ഒരു നിർവഹണത്തെറ്റാണ്. ഇങ്ങനെ തെറ്റായി രേഖപ്പെടുത്തിയത് ചുവടെ കാണുന്ന പോലെയായിരിക്കും.

| | | | |
|---|---|---|---|
| മോഹനൻ അക്കൗണ്ട് | Dr. | 1,000 | |
| To സെയിൽസ് അക്കൗണ്ട് | | | 1,000 |

ശരിയായ രേഖപ്പെടുത്തൽ ഇങ്ങനെയാവണമായിരുന്നു.

| | | | |
|---|---|---|---|
| മോഹനൻ അക്കൗണ്ട് | Dr. | 10,000 | |
| To സെയിൽസ് അക്കൗണ്ട് | | | 10,000 |

ഇനി മോഹനന്റെ അക്കൗണ്ടിൽ അധികമായി 9,000 രൂപ ഡെബിറ്റും സെയിൽസ് അക്കൗണ്ടിൽ അധികമായി 9,000 രൂപ ക്രെഡിറ്റും ചെയ്താൽ തെറ്റ് തിരുത്തപ്പെടും. അതിനായി താഴെ കൊടുത്തിരിക്കുന്ന തിരുത്തൽ എൻട്രി (Ractifying entry) നൽകിയാൽ മതി.

| | | | |
|---|---|---|---|
| മോഹനൻ അക്കൗണ്ട് | Dr. | 9,000 | |
| To സെയിൽസ് അക്കൗണ്ട് | | | 9,000 |

(സി) 10,000 രൂപയ്ക്ക് മോഹനന് കടമായി സാധനങ്ങൾ വിറ്റത്, വിൽപ്പന ബുക്കിൽ (സെയിൽസ് ബുക്കിൽ) 12,000 രൂപ എന്ന് രേഖപ്പെടുത്തി. ഇതും ഒരു നിർവഹണ തെറ്റാണ്. ഇങ്ങനെ തെറ്റായി രേഖപ്പെടുത്തിയത് താഴെക്കാണുന്നത് പോലെയായിരിക്കും.

| | | | |
|---|---|---|---|
| മോഹനൻ അക്കൗണ്ട് | Dr. | 12,000 | |
| To സെയിൽസ് അക്കൗണ്ട് | | | 12,000 |

ശരിയായ രേഖപ്പെടുത്തൽ ഇങ്ങനെയാവണമായിരുന്നു.

| | | | |
|---|---|---|---|
| മോഹനൻ അക്കൗണ്ട് | Dr. | 10,000 | |

| | | | |
|---|---|---|---|
| To സെയിൽസ് അക്കൗണ്ട് | | 10,000 | |

ഇതിൽ നിന്ന് നമുക്ക് കാണാവുന്നത് മോഹനന്റെ അക്കൗണ്ടിൽ 2,000 രൂപയുടെ അധിക ഡെബിറ്റും വിൽപ്പന (സെയിൽസ്) അക്കൗണ്ടിൽ 2,000 രൂപയുടെ അധികക്രെഡിറ്റും ആണ്.

ആയതുകൊണ്ട് തിരുത്തൽ എൻട്രി താഴെ കാണുന്നത് പോലെ ആയിരിക്കണം.

| | | | |
|---|---|---|---|
| സെയിൽസ് അക്കൗണ്ട് | Dr. | 2,000 | |
| To മോഹനൻ അക്കൗണ്ട് | | | 2,000 |

(ഡി) 10,000 രൂപയ്ക്ക് മോഹനന് കടമായി സാധനങ്ങൾ വിറ്റത്, വിൽപ്പന ബുക്കിൽ ശരിയായി രേഖപ്പെടുത്തി, പക്ഷേ, മോഹനന്റെ അക്കൗണ്ടിന് പകരം മദനന്റെ അക്കൗണ്ടിൽ പോസ്റ്റ് ചെയ്തു. ഇതും ഒരു നിർവഹണതെറ്റാണ്. ഇങ്ങനെ തെറ്റായി രേഖപ്പെടുത്തിയത് താഴെ കാണുന്നത് പോലെയായിരിക്കും

| | | | |
|---|---|---|---|
| മദനൻ അക്കൗണ്ട് | Dr. | 10,000 | |
| To സെയിൽസ് അക്കൗണ്ട് | | | 10,000 |

ശരിയായ രേഖപ്പെടുത്തൽ ഇങ്ങനെയാവണമായിരുന്നു.

| | | | |
|---|---|---|---|
| മോഹനൻ അക്കൗണ്ട് | Dr. | 10,000 | |
| To സെയിൽസ് അക്കൗണ്ട് | | | 10,000 |

ശ്രദ്ധിക്കുക, ഇവിടെ സെയിൽസ് അക്കൗണ്ടിൽ തെറ്റൊന്നും സംഭവിച്ചിട്ടില്ല, പക്ഷേ മോഹനന്റെ അക്കൗണ്ടിന് പകരം മദനന്റെ അക്കൗണ്ടാണ് ഡെബിറ്റ് ചെയ്തിരിക്കുന്നത്.

അതിനാൽ തിരുത്തൽ എൻട്രി താഴെക്കൊടുത്തിട്ടുള്ളത് പോലെ ആയിരിക്കണം.

| | | | |
|---|---|---|---|
| മോഹനൻ അക്കൗണ്ട് | Dr. | 10,000 | |
| To മദനൻ അക്കൗണ്ട് | | | 10,000 |

(ഇ) 2,000 രൂപ കെട്ടിടവാടക കൊടുത്തത്, കെട്ടിട ഉടമയ്ക്ക് (Land lord) കൊടുത്തതായി ക്യാഷ് ബുക്കിൽ രേഖപ്പെടുത്തി.

തെറ്റായി പോസ്റ്റ് ചെയ്തതിന്റെ ഫലം താഴെ കാണുന്നത് പോലെ ആയിരിക്കും.

| | | | |
|---|---|---|---|
| ലാന്റ് ലോർഡ് അക്കൗണ്ട് | Dr. | 2,000 | |
| To ക്യാഷ് അക്കൗണ്ട് | | | 2,000 |

ശരിയായ രേഖപ്പെടുത്തൽ ഇങ്ങനെയാവണമായിരുന്നു:

| | | | |
|---|---|---|---|
| റെന്റ് അക്കൗണ്ട് | Dr. | 2,000 | |
| To ക്യാഷ് അക്കൗണ്ട് | | | 2,000 |

വാടക (റെന്റ്) അക്കൗണ്ടിന് പകരം തെറ്റായി കെട്ടിടയുടമയുടെ (Land lord) അക്കൗണ്ട് ഡെബിറ്റ് ചെയ്തിരിക്കുന്നു. ആയതുകൊണ്ട് തിരുത്തൽ എൻട്രി താഴെ കൊടുത്തിരിക്കുന്നതുപോലെ ആയിരിക്കണം:

| | | | |
|---|---|---|---|
| റെന്റ് അക്കൗണ്ട് | Dr. | 2,000 | |
| To ലാന്റ് ലോർഡ് അക്കൗണ്ട് | | | 2,000 |

## സ്വയം വിലയിരുത്തൽ ചോദ്യങ്ങൾ - II

താഴെക്കൊടുത്തിരിക്കുന്നവയ്ക്ക് തിരുത്തൽ എൻട്രികൾ രേഖപ്പെടുത്തുക:

1. രജനിക്ക് 5,000 രൂപയ്ക്ക് കടമായി സാധനങ്ങൾ വിറ്റത് വാങ്ങൽ ബുക്കിൽ (പർച്ചേസ് ബുക്കിൽ) രേഖപ്പെടുത്തി:
   ഇത് ഒരു ................................................................ തരത്തിലുള്ള തെറ്റാണ്.
   അക്കൗണ്ട് ബുക്കിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്ന എൻട്രി എഴുതുക.

| | | |
|---|---|---|
| | | |

ശരിയായ രേഖപ്പെടുത്തൽ ഇങ്ങനെയാവണമായിരുന്നു:

| | | |
|---|---|---|
| | | |

തിരുത്തൽ എൻട്രി ഇങ്ങനെ ആയിരിക്കും:

| | | |
|---|---|---|
| | | |
| | | |

2. മെസ്സേഴ്സ് റാവു ഫർണിഷിംഗ്സിൽ നിന്ന് 8,000 രൂപയ്ക്ക് ഫർണിച്ചറുകൾ വാങ്ങിയത് വാങ്ങൽ പുസ്തകത്തിൽ (പർച്ചേസ് ബുക്കിൽ) രേഖപ്പെടുത്തി. ഇത് ഏത് തരത്തിലുള്ള തെറ്റാണ്.
   അക്കൗണ്ട് ബുക്കിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്ന എൻട്രി എഴുതുക.

| | | |
|---|---|---|
| | | |

ശരിയായ രേഖപ്പെടുത്തൽ ഇങ്ങനെയാവണമായിരുന്നു:

| | | |
|---|---|---|
| | | |

തിരുത്തൽ എൻട്രി ഇങ്ങനെ ആയിരിക്കും:

| | | |
|---|---|---|
| | | |

3. രാധികയ്ക്ക് 15,000 രൂപയ്ക്ക് സാധനങ്ങൾ വിറ്റത് കമ്മിഷൻ കിട്ടിയതായാണ് ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയത്. ഇത് ഒരു ................................................................ തരത്തിലുള്ള തെറ്റാണ്.
   അക്കൗണ്ട് ബുക്കിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്ന എൻട്രി എഴുതുക.

| | | |
|---|---|---|
| | | |

ശരിയായ രേഖപ്പെടുത്തൽ ഇങ്ങനെയാവണമായിരുന്നു:

| | | |
|---|---|---|
| | | |
| | | |

തിരുത്തൽ എൻട്രി ഇങ്ങനെ ആയിരിക്കും:

| | | |
|---|---|---|
| | | |
| | | |

4. കരീമിൽ നിന്ന് കിട്ടിയ 6,000 രൂപ നദീമിന്റെ അക്കൗണ്ടിൽ പോസ്റ്റ് ചെയ്തു ഇത് ഒരു ............................................................ തരത്തിലുള്ള തെറ്റാണ്. അക്കൗണ്ട് ബുക്കിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്ന എൻട്രി എഴുതുക.

| | | |
|---|---|---|
| | | |
| | | |

ശരിയായ രേഖപ്പെടുത്തൽ ഇങ്ങനെയാവണമായിരുന്നു:

| | | |
|---|---|---|
| | | |
| | | |

തിരുത്തൽ എൻട്രി ഇങ്ങനെ ആയിരിക്കും:

| | | |
|---|---|---|
| | | |
| | | |

### *6.6.2 ട്രയൽ ബാലൻസിനെ ബാധിക്കുന്ന തെറ്റുകൾ തിരുത്തുന്ന വിധം (Rectification of Errors affecting Trial Balance)*

ഒരു അക്കൗണ്ടിനെ മാത്രം ബാധിക്കുന്ന തെറ്റുകൾ, ബാധിക്കുന്ന അക്കൗണ്ടിൽ ഒരു വിശദീകരണക്കുറിപ്പ് നൽകിയോ അല്ലെങ്കിൽ സസ്പെൻസ് അക്കൗണ്ടിന്റെ സഹായത്തോടെ ഒരു ജേർണൽ എൻട്രിയിലൂടെയോ പരിഹരിക്കാവുന്നതേയുള്ളൂ. ഈ അധ്യായത്തിൽ മറ്റൊരിടത്ത് സസ്പെൻസ് അക്കൗണ്ടിനെപ്പറ്റി വിശദീകരിക്കാം. തുകകൾ കൂട്ടുമ്പോഴുണ്ടാകുന്ന തെറ്റുകൾ, തുകകൾ ഒരു പേജിൽ നിന്ന് അടുത്ത പേജിലേക്ക് എടുത്ത് എഴുതുമ്പോൾ സംഭവിക്കാവുന്ന തെറ്റുകൾ, അക്കൗണ്ടുകൾ ബാലൻസ് ചെയ്യുമ്പോഴുണ്ടാകാവുന്ന തെറ്റുകൾ, ശരിയായ അക്കൗണ്ടിൽ തെറ്റായ തുകകൾ പോസ്റ്റ് ചെയ്യുക, ശരിയായ അക്കൗണ്ടിൽ തെറ്റായ വശത്ത് പോസ്റ്റ് ചെയ്യുക, തെറ്റായ വശത്ത് തെറ്റായ തുകകൾ പോസ്റ്റ് ചെയ്യുക, ഒരു അക്കൗണ്ട് പൂർണമായും ട്രയൽ ബാലൻസിൽ ഉൾപ്പെടുത്താൻ വിട്ടുപോവുക, തുടങ്ങിയ തരത്തിലുള്ള തെറ്റുകളാണിവ. ഇത്തരം തെറ്റുകളെ ഏകവശത്തെറ്റുകൾ (one-sided errors) എന്നും പറയാറുണ്ട്.

ഒരു പ്രഥമ രേഖപ്പെടുത്തൽ ബുക്കിലെ തെറ്റ് അത് പേരേടിൽ (ലെഡ്ജറിൽ) പോസ്റ്റ് ചെയ്യുന്നതിന് മുൻപുതന്നെ കണ്ടെത്തിയാൽ അത് ഒറ്റവര കൊണ്ട് വെട്ടി അതിന് മുകളിലായി ശരിയായ സംഖ്യ എഴുതി ഒപ്പിട്ട് വച്ചാൽ മതിയാകും. ശരിയായ പേരേട് (ലെഡ്ജർ) അക്കൗണ്ടിൽ തെറ്റായ

സംഖ്യ രേഖപ്പെടുത്തിയതും ഇതുപോലെ തന്നെ പരിഹരിക്കാം, അല്ലെങ്കിൽ വ്യത്യാസമുള്ള സംഖ്യയ്ക്ക് അധികമായി ഒരു പോസ്റ്റിംഗ് കൂടി നടത്തി. വിവരങ്ങളുടെ കോളത്തിൽ വിശദീകരണക്കുറിപ്പ് നൽകിയാലും മതി. പക്ഷേ, തെറ്റുകൾ ഒരിക്കലും റബ്ബർ ഉപയോഗിച്ച് മായ്ക്കുകയോ മുകളിൽക്കൂടി എഴുതുകയോ ചെയ്യരുത്. അത് അക്കൗണ്ടിംഗ് രേഖകളുടെ ആധികാരികതയിൽ സംശയമുണ്ടാക്കുകയും, എന്തൊക്കെയോ ഒളിക്കുന്നുണ്ടെന്ന പ്രതീതി സൃഷ്ടിക്കുകയും ചെയ്യും. അതുകൊണ്ടു തന്നെ, കൂടുതൽ നല്ല മാർഗം തെറ്റ് ഇല്ലാതാക്കുന്ന തരത്തിൽ അതാത് വശത്ത് തിരുത്തൽ രേഖപ്പെടുത്തി വയ്ക്കുക എന്നതാണ്. ഉദാഹരണമായി ശ്യാമിന്റെ അക്കൗണ്ടിൽ 190 രൂപ കുറവായി ക്രെഡിറ്റ് ചെയ്തിരിക്കുന്നു. ഇത് താഴെപ്പറയുന്ന പോലെ അദ്ദേഹത്തിന്റെ അക്കൗണ്ടിൽ അധികമായി ഒരു 190 രൂപ ക്രെഡിറ്റ് ചെയ്തുകൊണ്ട് പരിഹരിക്കാം.

**Dr.** ശ്യാം അക്കൗണ്ട് **Cr.**

| തിയതി | വിവരണങ്ങൾ | ജെ.എഫ് | തുക (₹) | തിയതി | വിവരണങ്ങൾ | ജെ.എഫ്. | തുക(₹) |
|---|---|---|---|---|---|---|---|
| | | | | | ....................... ന് കുറവായി പോസ്റ്റ് ചെയ്തതിലെ വ്യത്യാസം | | 190 |

മറ്റൊരു ഉദാഹരണമെടുക്കാം, പർച്ചേസ് ബുക്കിന്റെ ആകെത്തുക കണ്ടപ്പോൾ 1,000 രൂപ l pd^a pt] nb n Cu sXänsâ ^ eanb nB sl h n§ ep Ä t] nh sN¿ p¶ ] Àt¨ k v A ¡ u- nsâ sU_ näv h i ¯ v 1,000 cq] l pdh v nW¨ pw C X v] cn cn p¶ X n v X nsg sl nSp¯ ncn p¶ coX nb nÂ F ³ {Sn \ S¯ nb nÂ aX n

] Àt¨ k vA ¡ u- v

**Dr.** **Cr.**

| തിയതി | വിവരണങ്ങൾ | ജെ.എഫ് | തുക(₹) | തിയതി | വിവരണങ്ങൾ | ജെ.എഫ്. | തുക(₹) |
|---|---|---|---|---|---|---|---|
| | ....................... മാസത്തെ പർച്ചേസ് ബുക്കിൽ കണ്ടെത്തിയ കുറവ് തുക | | 1,000 | | | | |

## സസ്പെൻസ് അക്കൗണ്ട് (Suspense account)

ഒരു വശത്തുള്ള തെറ്റുകൾ മൂലം ട്രയൽ ബാലൻസിന്റെ ഇരുവശവും തുല്യമായില്ലെങ്കിൽ പോലും അക്കൗണ്ടന്റിന് കാലതാമസമില്ലാതെ ധനകാര്യ പത്രികകൾ തയാറാക്കുക എന്ന നടപടിക്രമങ്ങളുമായി മുൻപോട്ടു പോകേണ്ടതുണ്ട്. അതിനായി ട്രയൽ ബാലൻസിൽ കുറവുള്ള വശത്ത് വ്യത്യാസമുള്ള സംഖ്യ സസ്പെൻസ് അക്കൗണ്ട് എന്ന പേരിൽ എഴുതിച്ചേർക്കുന്നു.

സസ്പെൻസ് അക്കൗണ്ട് തയാറാക്കുന്ന നടപടിക്രമങ്ങൾ താഴെക്കൊടുത്തിരിക്കുന്ന ഉദാഹരണത്തിൽ നിന്ന് മനസ്സിലാക്കാം.

ഒരു സ്ഥാപനത്തിന്റെ വിൽപ്പന ബുക്ക് (sales book) നമുക്കൊന്ന് പരിശോധിക്കാം.

### സെയിൽസ് ബുക്ക് (ജേർണൽ)

| തിയതി \ ¼À | ഇൻവോയ്സ് | ഉപഭോക്താക്കളുടെ പേരുകൾ (sU_ mäsNt¿- p¶ A¡ u- pÄ) | എൽ. F^y | തുക (₹) |
|---|---|---|---|---|
| | | അശോക് ട്രേഡേഴ്സ് | | 20,000 |
| | | ബിമൽ സർവീസ് സെന്റർ | | 10,000 |
| | | ചോപ്ര എന്റർപ്രൈസസ് | | 5,000 |
| | | ദിവാകർ ആൻഡ് സൺസ് | | 15,000 |
| | | | | 50,000 |

Zrh ml ÀB ª Uvk ¬ k ní pÅ hmÂ¸\ t] mì vsN¿mî hmíp] mbnF ¶ vl cpXp , seU ÀXmsg I mW p¶ Xpt] mse B bncn¡ pw D- mhp .

### A ti ml vt{St U gk vA ¡ u- v

**Dr.** **Cr.**

| തിയതി | വിവരണങ്ങൾ | ജെ. എഫ്. | തുക ₹ | തിയതി | വിവരണങ്ങൾ | ജെ. എഫ് | തുക ₹ |
|---|---|---|---|---|---|---|---|
| | സെയിൽസ് | | 20,000 | | ബാലൻസ് c/d | | 20,000 |
| | | | 20,000 | | | | 20,000 |

### ബിമൽ സർവീസ് സെന്റർ അക്കൗണ്ട്

**Dr.** **Cr.**

| തിയതി | വിവരണങ്ങൾ | ജെ. എഫ്. | തുക ₹ | തിയതി | വിവരണങ്ങൾ | ജെ. എഫ് | തുക ₹ |
|---|---|---|---|---|---|---|---|
| | സെയിൽസ് | | 10,000 | | ബാലൻസ് c/d | | 10,000 |
| | | | 10,000 | | | | 10,000 |

### ചോപ്ര എന്റർപ്രൈസസ് അക്കൗണ്ട്

**Dr.** **Cr.**

| തിയതി | വിവരണങ്ങൾ | ജെ. എഫ്. | തുക ₹ | തിയതി | വിവരണങ്ങൾ | ജെ. എഫ് | തുക ₹ |
|---|---|---|---|---|---|---|---|
| | സെയിൽസ് | | 5,000 | | ബാലൻസ് c/d | | 5,000 |
| | | | 5,000 | | | | 5,000 |

സെയിൽസ് അക്കൗണ്ട്

**Cr.** **Dr.**

| തിയതി | വിവരണങ്ങൾ | ജെ. എഫ്. | തുക ₹ | തിയതി | വിവരണങ്ങൾ | ജെ. എഫ്. | തുക ₹ |
|---|---|---|---|---|---|---|---|
| | | | | | ആകെ ക്രെഡിറ്റ് സെയിൽസ് | | *50,000* |

മുകളിലെ ബാലൻസുകളുടെ അടിസ്ഥാനത്തിൽ ട്രയൽ ബാലൻസ് തയാറാക്കിയാൽ സ്വാഭാവികമായും ഇരുവശവും തുല്യമാവുകയില്ല. ക്രെഡിറ്റ് കോളത്തിലെ ആകെത്തുക 50,000 രൂപയും ഡെബിറ്റ് കോളത്തിലെ ആകെത്തുക 35,000 രൂപയും ആയിരിക്കും. അങ്ങനെ ട്രയൽബാലൻസിൽ 15,000 രൂപയുടെ വ്യത്യാസം കാണിക്കും. ഈ വ്യത്യാസം താൽക്കാലി കമായി ഒരു സസ്പെൻസ് അക്കൗണ്ടിലേക്ക് മാറ്റി ട്രയൽ ബാലൻസിന്റെ ഇരുവശവും തുല്യമാക്കുന്നു.

മുകളിലെ ഉദാഹരണത്തിൽ, വ്യത്യാസമുണ്ടായത് ഒരു വശത്ത് മാത്രം സംഭവിച്ച തെറ്റു കൊണ്ടാണ്. (ദിവാകർ ആൻഡ് സൺസ് അക്കൗണ്ടിൽ പോസ്റ്റ് ചെയ്യാൻ വിട്ടുപോയി). യഥാർത്ഥ സാഹചര്യങ്ങളിൽ ഇത്തരത്തിൽ ട്രയൽ ബാലൻസിന്റെ നിരവധി ഏകവശത്തെ റ്റുകൾ ഉണ്ടാകാം. ഇത് സസ്പെൻസ് അക്കൗണ്ട് തുറക്കേണ്ട സാഹചര്യം സൃഷ്ടിക്കുന്നു. ട്രയൽ ബാലൻസിന്റെ തുല്യതയെ ബാധിക്കുന്ന എല്ലാ തെറ്റുകളും കണ്ടെത്തുന്നതുവരെ അവ പരിഹരിക്കാനോ ട്രയൽ ബാലൻസിന്റെ ഇരുവശവും തുല്യമാക്കാനോ കഴിയുകയില്ല. ഇത്തരമൊരു സാഹചര്യത്തിൽ വ്യത്യാസം സസ്പെൻസ് അക്കൗണ്ടിൽ കാണിച്ച് ട്രയൽ ബാലൻസിന്റെ ഇരുവശവും തുല്യമാക്കുകയും മറ്റ് അക്കൗണ്ടിംഗ് നടപടിക്രമങ്ങളിലേക്ക് കടക്കുകയും ചെയ്യാം.

തെറ്റുകൾ കണ്ടെത്തി അതിൽ ഉൾപ്പെടുന്ന കൃത്യമായ അക്കൗണ്ടുകളും തുകകളും മനസ്സി ലാക്കിക്കഴിഞ്ഞാൽ ആ തുകകൾ സസ്പെൻസ് അക്കൗണ്ടിൽ നിന്ന് പ്രസ്തുത അക്കൗ ണ്ടുകളിലേക്ക് മാറ്റി സസ്പെൻസ് അക്കൗണ്ട് അവസാനിപ്പിക്കാം. അതിനാൽ സസ്പെൻസ് അക്കൗണ്ടിനെ ഏതെങ്കിലും ഒരു പ്രത്യേക വിഭാഗം അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല, എന്നു മാത്രമല്ല അത് ഒരു താൽക്കാലിക സംവിധാനം മാത്രമായേ കണക്കാക്കാറുള്ളൂ.

സസ്പെൻസ് അക്കൗണ്ടുപയോഗിച്ച്, ഒരു വശത്ത് മാത്രം വരുന്ന തെറ്റുകൾ തിരുത്താൻ ശ്രമിക്കുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്.

(i) തെറ്റ് ഏതെല്ലാം അക്കൗണ്ടുകളെ ബാധിച്ചു എന്ന് കണ്ടെത്തുക.

(ii) ബാധിക്കപ്പെട്ട അക്കൗണ്ടിൽ കൂടുതൽ വന്ന ഡെബിറ്റ്/ക്രെഡിറ്റ് തുക അല്ലെങ്കിൽ കുറവ് വന്ന ഡെബിറ്റ്/ക്രെഡിറ്റ് തുക എത്രയെന്നു കണ്ടെത്തുക.

(iii) തെറ്റ് ബാധിച്ച അക്കൗണ്ടിൽ ഡെബിറ്റ് കൂടുകയോ ക്രെഡിറ്റ് കുറയുകയോ ചെയ്തെങ്കിൽ ആ തുക പ്രസ്തുത അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുക.

(iv) തെറ്റ് ബാധിച്ച അക്കൗണ്ടിൽ ക്രെഡിറ്റ് കൂടുകയോ ഡെബിറ്റ് കുറയുകയോ ചെയ്തെങ്കിൽ ആ തുക പ്രസ്തുത അക്കൗണ്ടിൽ ഡെബിറ്റ് ചെയ്യുക.

(v) ബാധിക്കപ്പെട്ട മറ്റേ അക്കൗണ്ടുപോലെ തന്നെ സസ്പെൻസ് അക്കൗണ്ടിൽ ഡെബിറ്റ് അല്ലെങ്കിൽ ക്രെഡിറ്റ് ചെയ്തുകൊണ്ട് ജേർണൽ എൻട്രി പൂർത്തീകരിക്കുക.

സസ്പെൻസ് അക്കൗണ്ടുപയോഗിച്ചുകൊണ്ട് നടത്തുന്ന തിരുത്തൽ പ്രക്രിയ നമുക്ക് ചർച്ച ചെയ്യാം.

(a) മോഹനന് 10,000 രൂപയ്ക്ക് കടമായി വിൽപ്പന (ക്രെഡിറ്റ് സെയിൽസ്) നടത്തിയത് അദ്ദേഹത്തിന്റെ അക്കൗണ്ടിൽ പോസ്റ്റ് ചെയ്യാൻ വിട്ടുപോയി. ഇവിടെ സംഭവിച്ചത്, സെയിൽസ്ബുക്ക് പോസ്റ്റ് ചെയ്യുമ്പോൾ പറ്റിയ ഭാഗികമായി വിട്ടുപോകൽ എന്ന തെറ്റാണ്.

തെറ്റ് സംഭവിച്ചത്:

| | | | |
|---|---|---|---|
| മോഹനൻ അക്കൗണ്ട് | Dr. | 10,000 | |
| To സെയിൽസ് അക്കൗണ്ട് | | | 10,000 |

ശരിയായ രീതിയിൽ വേണ്ടിയിരുന്നത്

| | | | |
|---|---|---|---|
| മോഹനൻ അക്കൗണ്ട് | Dr. | 10,000 | |
| To സെയിൽസ് അക്കൗണ്ട് | | | 10,000 |

ആയതുകൊണ്ട്, തിരുത്തൽ എൻട്രി വരേണ്ടത്

| | | | |
|---|---|---|---|
| മോഹനൻ അക്കൗണ്ട് | Dr. | 10,000 | |
| To സസ്പെൻസ് അക്കൗണ്ട് | | | 10,000 |

(b) മോഹനന് 10,000 രൂപയ്ക്ക് കടമായി വിൽപ്പന (ക്രെഡിറ്റ് സെയിൽസ്) നടത്തിയത് അദ്ദേഹത്തിന്റെ അക്കൗണ്ടിൽ 7,000 രൂപ എന്ന് പോസ്റ്റ് ചെയ്തു. ഇത് ഒരു നിർവഹണത്തെറ്റാണ്. മോഹനന്റെ അക്കൗണ്ട് 10,000 രൂപ ഡെബിറ്റ് ചെയ്യുന്നതിന് പകരം 7,000 രൂപ ഡെബിറ്റ് ചെയ്യുകയും 3,000 രൂപ ഡെബിറ്റിൽ കുറവ് വരികയും ചെയ്തു.

തെറ്റ് സംഭവിച്ചത്:

| | | | |
|---|---|---|---|
| മോഹനൻ അക്കൗണ്ട് | Dr. | 7,000 | |
| To സെയിൽസ് അക്കൗണ്ട് | | | 10,000 |

ശരിയായ രീതിയിൽ വരേണ്ടിയിരുന്നത്

| | | | |
|---|---|---|---|
| മോഹനൻ അക്കൗണ്ട് | Dr. | 10,000 | |
| To സെയിൽസ് അക്കൗണ്ട് | | | 10,000 |

ആയതുകൊണ്ട് തിരുത്തൽ എൻട്രി വരേണ്ടത്

| | | | |
|---|---|---|---|
| മോഹനൻ അക്കൗണ്ട് | Dr. | 3,000 | |
| To സസ്പെൻസ് അക്കൗണ്ട് | | | 3,000 |

(*C*) മോഹനന് 10,000 രൂപയ്ക്ക് കടമായി വിൽപ്പന (ക്രെഡിറ്റ് സെയിൽസ്) നടത്തിയത് അദ്ദേഹത്തിന്റെ അക്കൗണ്ടിൽ 12,000 രൂപ എന്ന് പോസ്റ്റ് ചെയ്തു. ഇത് ഒരു നിർവഹണത്തെറ്റാണ്.

തെറ്റ് സംഭവിച്ചത്:

| | | | |
|---|---|---|---|
| മോഹനൻ അക്കൗണ്ട് | Dr. | 12,000 | |
| To സെയിൽസ് അക്കൗണ്ട് | | | 10,000 |

ശരിയായ രീതിയിൽ വരേണ്ടിയിരുന്നത്

| | | | |
|---|---|---|---|
| മോഹനൻ അക്കൗണ്ട് | Dr. | 10,000 | |
| To സെയിൽസ് അക്കൗണ്ട് | | | 10,000 |

ആയതുകൊണ്ട് തിരുത്തൽ എൻട്രി വരേണ്ടത് ഇപ്രകാരമാണ്

| | | | |
|---|---|---|---|
| സസ്പെൻസ് അക്കൗണ്ട് | Dr. | 2,000 | |
| To മോഹനൻ അക്കൗണ്ട് | | | 2,000 |

(*d*) h n§ Â _ p nsâ (purchese book) ആകെത്തുക കാണുമ്പോൾ 1,000 രൂപ കൂടിപ്പോയി. അനുബന്ധബുക്കുകൾ (subsidiary book)കൂട്ടുമ്പോഴുണ്ടാകുന്ന തെറ്റുകൾ അവയുടെ ആകെത്തുക പോസ്റ്റ് ചെയ്യുന്ന അക്കൗണ്ടിനെ മാത്രമേ ബാധിക്കുകയുള്ളൂ. അതിലുള്ള വ്യക്തികളുടെ അക്കൗണ്ടുകളെ സാധാരണയായി ഇത് ബാധിക്കുകയില്ല. താഴെക്കൊടുത്തിരിക്കുന്ന ഉദാഹരണം പരിശോധിക്കാം.

പർച്ചേയ്സ് ബുക്ക് (ജേർണൽ)

| തിയതി | ഇൻവോയ്സ് നമ്പർ | വിതരണക്കാരുടെ പേരുകൾ (ക്രെഡിറ്റ് ചെയ്യേണ്ട അക്കൗണ്ടുകൾ) | എൽ. എഫ്. | തുക(₹) |
|---|---|---|---|---|
| | | സുരേഷ് | | 8,000 |
| | | ചന്ദ്രപ്രകാശ് | | 7,000 |
| | | സച്ചിൻ | | 6,000 |
| | | | | 21,000 |
| | | തെറ്റായി രേഖപ്പെടുത്തിയ തുക | | 22,000 |

സുരേഷ് അക്കൗണ്ട്

**Dr.** **Cr.**

| തിയതി | വിവരണം | ജെ. എഫ് | തുക ₹ | തിയതി | വിവരണം | ജെ. എഫ് | തുക ₹ |
|---|---|---|---|---|---|---|---|
| | | | | | പർച്ചേയ്സ് | | 8,000 |

ചന്ദ്രപ്രകാശ് അക്കൗണ്ട്

**Dr.** **Cr.**

| തിയതി | വിവരണം | ജെ. എഫ് | തുക ₹ | തിയതി | വിവരണം | ജെ. എഫ് | തുക ₹ |
|---|---|---|---|---|---|---|---|
| | | | | | പർച്ചേയ്സ് | | 7,000 |

സച്ചിൻ അക്കൗണ്ട്

**Dr.** **Cr.**

| തിയതി | വിവരണം | ജെ. എഫ് | തുക ₹ | തിയതി | വിവരണം | ജെ. എഫ് | തുക ₹ |
|---|---|---|---|---|---|---|---|
| | | | | | പർച്ചേയ്സ് | | 6,000 |

പർച്ചേസ് അക്കൗണ്ട്

Dr. Cr.

| തിയതി | വിവരണം | ജെ. എഫ് | തുക ₹ | തിയതി | വിവരണം | ജെ. എഫ് | തുക ₹ |
|---|---|---|---|---|---|---|---|
| | ആകെ ക്രെഡിറ്റ് പർച്ചേയ്സ് | | 22,000 | | | | |

നിങ്ങൾക്ക് കാണാവുന്നതു പോലെ സുരേഷിന്റെയോ ചന്ദ്രപ്രകാശിന്റെയോ സച്ചിന്റെയോ അക്കൗണ്ടിൽ തെറ്റുകളൊന്നുമില്ല. പർച്ചേയ്സ് അക്കൗണ്ട് മാത്രമാണ് 1,000 രൂപ അധികമായി ഡെബിറ്റ് ചെയ്തിരിക്കുന്നത്. അതുകൊണ്ട് തന്നെ തിരുത്തൽ എൻട്രി താഴെ കൊടുത്തിരിക്കുന്നത് പോലെ ആയിരിക്കും.

| | | | |
|---|---|---|---|
| സസ്പെൻസ് അക്കൗണ്ട് | Dr. | 1,000 | |
| To പർച്ചേയ്സ് അക്കൗണ്ട് | | | 1,000 |

## *6.6.3* അടുത്ത അക്കൗണ്ടിംഗ് വർഷത്തിൽ തെറ്റുകൾ തിരുത്തുന്നത് (Rectification of errors in the next accounting year)

ഏതെങ്കിലും ഒരു അക്കൗണ്ടിംഗ് വർഷത്തിൽ സംഭവിച്ച തെറ്റ് ആ വർഷത്തെ ധനകാര്യ പത്രികകൾ തയാറാക്കുന്നതിന് മുൻപ് കണ്ടെത്തി തിരുത്താൻ കഴിഞ്ഞില്ലെങ്കിൽ സസ്പെൻസ് അക്കൗണ്ട് അവസാനിപ്പിക്കാൻ കഴിയുകയില്ല. മാത്രമല്ല, അതിന്റെ ബാക്കി അടുത്ത അക്കൗണ്ടിംഗ് കാലയളവിലേക്ക് കൊണ്ടുപോകേണ്ടതായും വരും. ഒരു അക്കൗണ്ടിംഗ് കാലയളവിലുണ്ടായ തെറ്റ് അടുത്ത അക്കൗണ്ടിംഗ് കാലയളവിൽ കണ്ടെത്തി തിരുത്തുകയാണെങ്കിൽ, അടുത്ത അക്കൗണ്ടിംഗ് കാലയളവിലെ ധനകാര്യ പത്രികകളെ സ്വാധീനിക്കാതിരിക്കാനായി ഒരു ലാഭനഷ്ട നീക്കുപോക്ക് അക്കൗണ്ട് (പ്രോഫിറ്റ് ആന്റ് ലോസ്സ് അഡ്ജസ്റ്റ്മെന്റ് അക്കൗണ്ട്) തുറക്കുകയും ചെലവുകളും, നഷ്ടങ്ങളും, ഡെബിറ്റും വരവുകളും, നേട്ടങ്ങളും ക്രെഡിറ്റും ചെയ്യുന്നു. ഇതിനെക്കുറിച്ചെല്ലാം അക്കൗണ്ടിംഗിന്റെ ഉയർന്ന തലങ്ങളിൽ നിങ്ങൾക്ക് പഠിക്കാം.

## തെറ്റുകൾ തിരുത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. പ്രഥമ രേഖപ്പെടുത്തൽ ബുക്കിൽ (അതായത് ജേർണലിൽ) ആണ് തെറ്റുണ്ടായതെങ്കിൽ, ഓർക്കുക, എല്ലാ പോസ്റ്റിംഗുകളും അതിനനുസൃതമായിട്ടാകും നടത്തിയിരിക്കുക.
2. തെറ്റ് സംഭവിച്ചിരിക്കുന്നത് പോസ്റ്റിംഗ് സമയത്താണെങ്കിൽ അനുബന്ധ ബുക്കുകളിലെ (subsidiary books) രേഖപ്പെടുത്തലുകളെല്ലാം ശരിയാണെന്ന് അനുമാനിക്കാം.
3. തെറ്റ് സംഭവിച്ചത് തെറ്റായ അക്കൗണ്ടിൽ പോസ്റ്റ് ചെയ്തതാണെങ്കിൽ, (അക്കൗണ്ടിന്റെ വശമോ, സംഖ്യയോ സൂചിപ്പിക്കാതെ) പോസ്റ്റിംഗ് നടത്തിയത് ശരിയായ വശത്തും, ശരിയായ തുകയും ആണെന്ന് അനുമാനിക്കണം.
4. ശരിയായ അക്കൗണ്ടിൽ തെറ്റായ തുക പോസ്റ്റ് ചെയ്തു എന്ന് പറഞ്ഞാൽ (ഏതു വശത്താണ് പോസ്റ്റ് ചെയ്തത് എന്ന് സൂചിപ്പിക്കാതെ) പോസ്റ്റിംഗ് നടത്തിയത് ശരിയായ വശത്താണ് എന്ന് അനുമാനിക്കാം.
5. തെറ്റ് സംഭവിച്ചത് തെറ്റായ അക്കൗണ്ടിൽ തെറ്റായ വശത്ത് പോസ്റ്റ് ചെയ്തതു കൊണ്ടാണെങ്കിൽ, (ഏത് സംഖ്യയാണ് പോസ്റ്റ് ചെയ്തത് എന്ന് സൂചിപ്പിക്കാതെ) ഇടപാട് യഥാർത്ഥത്തിൽ രേഖപ്പെടുത്തിയ അതേ തുക തന്നെയാണ് പോസ്റ്റ് ചെയ്തിരിക്കുന്നത് എന്ന് അനുമാനിക്കണം.
6. തെറ്റ് സംഭവിച്ചത് തെറ്റായ അക്കൗണ്ടിൽ തെറ്റായ തുക പോസ്റ്റ് ചെയ്തതു കൊണ്ടാണെങ്കിൽ, (ഏത് വശത്താണ് പോസ്റ്റ് ചെയ്തത് എന്ന് സൂചിപ്പിക്കാതെ) പോസ്റ്റിംഗ് നടത്തിയത് ശരിയായ വശത്താണ് എന്ന് അനുമാനിക്കാം.
7. പോസ്റ്റിംഗ് നടത്തിയത് ശരിയായ അക്കൗണ്ടിൽ തെറ്റായ വശത്താണ് എങ്കിൽ (പോസ്റ്റ് ചെയ്ത തുക സൂചിപ്പിക്കാതെ) യഥാർഥ രേഖകൾ പ്രകാരമുള്ള ശരിയായ തുക തന്നെയാണ് പോസ്റ്റ് ചെയ്തിരിക്കുന്നത് എന്ന് അനുമാനിക്കാം.
8. തെറ്റ് സംഭവിച്ചത് അനുബന്ധബുക്കിൽ (സബ്സിഡിയറി ബുക്കിൽ) ഒരു ഇടപാട് പോസ്റ്റ് ചെയ്യുമ്പോൾ ഒരു വ്യക്തിഗത അക്കൗണ്ടിനെ മാത്രമാണെങ്കിൽ, അതിൽ വിൽപ്പന അക്കൗണ്ട്(സെയിൽസ് അക്കൗണ്ട്), വാങ്ങൽ അക്കൗണ്ട്(പർച്ചേയ്സ് അക്കൗണ്ട്), വിൽപ്പന മടക്കം അക്കൗണ്ട്(സെയിൽസ് റിട്ടേൺസ് അക്കൗണ്ട്), വാങ്ങൽ മടക്കം അക്കൗണ്ട്(പർച്ചേയ്സ് റിട്ടേൺസ് അക്കൗണ്ട്), എന്നിവ ഉൾപ്പെട്ടിട്ടുണ്ടാവില്ല.
9. ക്യാഷ് ബുക്കിൽ ഒരു ഇടപാട് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ, പോസ്റ്റിംഗിൽ തെറ്റ് സംഭവിച്ചത് ക്യാഷ് അക്കൗണ്ടിലോ ബാങ്ക് അക്കൗണ്ടിലോ ആയിരിക്കില്ല, മറിച്ച് ഇടപാട് സ്വാധീനിച്ചിട്ടുള്ള മറ്റേ അക്കൗണ്ടിലായിരിക്കും.
10. പൊതുവായ ജേർണലിൽ ആണ് ഒരു ഇടപാട് രേഖപ്പെടുത്തിയിട്ടുള്ളത് എങ്കിൽ, 'ഇടപാട് പോസ്റ്റ് ചെയ്തിട്ടില്ല' എന്ന പ്രയോഗം സൂചിപ്പിക്കുന്നത്, മറ്റൊന്നും പ്രത്യേകമായി പറഞ്ഞിട്ടില്ലെങ്കിൽ, രണ്ട് അക്കൗണ്ടുകളിലും തെറ്റ് സംഭവിച്ചിട്ടുണ്ട് എന്നാണ്.
11. അനുബന്ധ ബുക്കുകളുടെ (സബ്സിഡിയറി ബുക്കുകളുടെ) തുക കാണുന്നതിൽ സംഭവിച്ച തെറ്റുകൾ ആ പ്രത്യേക പുസ്തകത്തിന്റെ തുക പോസ്റ്റ് ചെയ്യുന്ന അക്കൗണ്ടിനെ മാത്രമേ ബാധിക്കുകയുള്ളൂ. അതിലെ വ്യക്തിഗത അക്കൗണ്ടുകളെ ബാധിക്കുകയില്ല.

## സ്വയം വിലയിരുത്തൽ ചോദ്യങ്ങൾ - III

താഴെ കൊടുത്തിരിക്കുന്നവയുടെ സ്വാധീനം കാണിക്കുക.

1. മോഹനന് 10,000 രൂപയ്ക്ക് കടമായി സാധനങ്ങൾ വിറ്റത് അദ്ദേഹത്തിന്റെ അക്കൗണ്ടിൽ 12,000 രൂപ എന്ന് പോസ്റ്റ് ചെയ്തു.

ഇത് ഒരു ...................................................... തെറ്റാണ്

തെറ്റിന്റെ സ്വാധീനം ഇങ്ങനെ ആയിരിക്കും.

| | | |
|---|---|---|
| | | |
| | | |

ശരിയായ എൻട്രി ഇങ്ങനെ ആകണമായിരുന്നു.

| | | |
|---|---|---|
| | | |
| | | |

തിരുത്തൽ എൻട്രി താഴെ പറയും പ്രകാരം ആയിരിക്കണം.

| | | |
|---|---|---|
| | | |
| | | |

2. നേഹയ്ക്ക് 2000 രൂപ കൊടുത്തത് അവളുടെ അക്കൗണ്ടിൽ പോസ്റ്റ് ചെയ്തിട്ടില്ല

ഇത് ഒരു ...................................................... തെറ്റാണ്

തെറ്റിന്റെ സ്വാധീനം ഇങ്ങനെ ആയിരിക്കും.

| | | |
|---|---|---|
| | | |
| | | |

ശരിയായ എൻട്രി ഇങ്ങനെ ആകണമായിരുന്നു.

| | | |
|---|---|---|
| | | |
| | | |

തിരുത്തൽ എൻട്രി ഇങ്ങനെ ആയിരിക്കണം.

| | | |
|---|---|---|
| | | |
| | | |

3. മേഘലയ്ക്ക് വിൽപ്പന നടത്തിയതിൽ നിന്ന് 1,600 രൂപയുടെ സാധനങ്ങൾ തിരിച്ചുവന്നത് അവളുടെ അക്കൗണ്ടിൽ 1,000 രൂപ എന്ന് പോസ്റ്റ് ചെയ്തു.

ഇത് ഒരു ...................................................... തെറ്റാണ്

തെറ്റിന്റെ സ്വാധീനം ഇങ്ങനെ ആയിരിക്കും.

| | | |
|---|---|---|
| | | |
| | | |

ശരിയായ എൻട്രി ഇങ്ങനെ ആകണമായിരുന്നു.

| | | |
|---|---|---|
| | | |
| | | |

തിരുത്തൽ എൻട്രി ഇങ്ങനെ ആയിരിക്കണം.

| | | |
|---|---|---|
| | | |
| | | |

4. മേശ, കസേര. തുടങ്ങിയവയുടെ മൂല്യക്ഷയം (ഡിപ്രീസിയേഷൻ) 1,500 രൂപ എഴുതിത്തള്ളിയത് മൂല്യക്ഷയ (ഡിപ്രീസിയേഷൻ) അക്കൗണ്ടിൽ പോസ്റ്റ് ചെയ്തിട്ടില്ല.

ഇത് ഒരു ...................................................... തെറ്റാണ്

തെറ്റിന്റെ സ്വാധീനം ഇങ്ങനെ ആയിരിക്കും.

| | | |
|---|---|---|
| | | |
| | | |

ശരിയായ എൻട്രി ഇങ്ങനെ ആകണമായിരുന്നു.

| | | |
|---|---|---|
| | | |
| | | |

തിരുത്തൽ എൻട്രി ഇങ്ങനെ ആയിരിക്കണം.

| | | |
|---|---|---|
| | | |
| | | |

**നിർധാരണം 1**

താഴെക്കൊടുത്തിരിക്കുന്ന തെറ്റുകൾ തിരുത്തുക.

രഘുവിൽ നിന്ന് 20,000 രൂപയ്ക്ക് കടമായി സാധനങ്ങൾ വാങ്ങിയത്

(i) രേഖപ്പെടുത്താൻ വിട്ടുപോയി.
(ii) 10,000 രൂപ എന്ന് രേഖപ്പെടുത്തി.
(iii) 25,000 രൂപ എന്ന് രേഖപ്പെടുത്തി.
(iv) അദ്ദേഹത്തിന്റെ അക്കൗണ്ടിൽ പോസ്റ്റ് ചെയ്തിട്ടില്ല.
(v) അദ്ദേഹത്തിന്റെ അക്കൗണ്ടിൽ 2,000 രൂപ എന്ന് പോസ്റ്റ് ചെയ്തു.
(vi) രാഘവന്റെ അക്കൗണ്ടിൽ പോസ്റ്റ് ചെയ്തു.
(vii) രഘുവിന്റെ അക്കൗണ്ടിൽ ഡെബിറ്റ് വശത്ത് പോസ്റ്റ് ചെയ്തു.
(viii) രാഘവന്റെ അക്കൗണ്ടിൽ ഡെബിറ്റ് വശത്ത് പോസ്റ്റ് ചെയ്തു.
(ix) സെയിൽസ് ബുക്കിലൂടെ രേഖപ്പെടുത്തി.

**ഉത്തരം :**

(i)

| | | | |
|---|---|---|---|
| പർച്ചേയ്സ് അക്കൗണ്ട് | Dr. | 20,000 | |
| To രഘു അക്കൗണ്ട് | | | 20,000 |

(രഘുവിൽ നിന്ന് 20,000 രൂപയ്ക്ക് കടമായി സാധനങ്ങൾ വാങ്ങിയത് രേഖപ്പെടുത്താൻ വിട്ടുപോയത് ഇപ്പോൾ തിരുത്തി)

(ii)

| | | | |
|---|---|---|---|
| പർച്ചേയ്സ് അക്കൗണ്ട് | Dr. | 10,000 | |
| To രഘു അക്കൗണ്ട് | | | 10,000 |

(രഘുവിൽ നിന്ന് 20,000 രൂപയ്ക്ക് കടമായി സാധനങ്ങൾ വാങ്ങിയത് 10,000 എന്ന് രേഖപ്പെടുത്തിയത് ഇപ്പോൾ തിരുത്തി)

(iii)

| | | | |
|---|---|---|---|
| രഘു അക്കൗണ്ട് | Dr. | 5,000 | |
| To പർച്ചേയ്സ് അക്കൗണ്ട് | | | 5,000 |

(രഘുവിൽ നിന്ന് 20,000 രൂപയ്ക്ക് കടമായി സാധനങ്ങൾ വാങ്ങിയത് 25,000 എന്ന് രേഖപ്പെടുത്തിയത് ഇപ്പോൾ തിരുത്തി)

(iv)

| | | | |
|---|---|---|---|
| സസ്പെൻസ് അക്കൗണ്ട് | Dr. | 20,000 | |
| To രഘു അക്കൗണ്ട് | | | 20,000 |

(രഘുവിൽ നിന്ന് 20,000 രൂപയ്ക്ക് കടമായി സാധനങ്ങൾ വാങ്ങിയത് അദ്ദേഹത്തിന്റെ അക്കൗണ്ടിൽ പോസ്റ്റ് ചെയ്യാൻ വിട്ടുപോയത് ഇപ്പോൾ തിരുത്തി)

(v)

| | | | |
|---|---|---|---|
| സസ്പെൻസ് അക്കൗണ്ട് | Dr. | 18,000 | |
| To രഘു അക്കൗണ്ട് | | | 18,000 |

(രഘുവിൽ നിന്ന് 20,000 രൂപയ്ക്ക് കടമായി സാധനങ്ങൾ വാങ്ങിയത് അദ്ദേഹത്തിന്റെ അക്കൗണ്ടിൽ 2000 എന്ന് പോസ്റ്റ് ചെയ്തത് ഇപ്പോൾ തിരുത്തി)

(vi)

| | | | |
|---|---|---|---|
| രാഘവൻ അക്കൗണ്ട് | Dr. | 20,000 | |
| To രഘു അക്കൗണ്ട് | | | 20,000 |

(രഘുവിൽ നിന്ന് 20,000 രൂപയ്ക്ക് കടമായി സാധനങ്ങൾ വാങ്ങിയത് രാഘവന്റെ അക്കൗണ്ടിൽ പോസ്റ്റ് ചെയ്തത് ഇപ്പോൾ തിരുത്തി)

(vii)

| | | | |
|---|---|---|---|
| സസ്പെൻസ് അക്കൗണ്ട് | Dr. | 40,000 | |
| To രഘു അക്കൗണ്ട് | | | 40,000 |

(രഘുവിൽ നിന്ന് 20,000 രൂപയ്ക്ക് കടമായി സാധനങ്ങൾ വാങ്ങിയത് അദ്ദേഹത്തിന്റെ അക്കൗണ്ടിൽ തെറ്റായി ഡെബിറ്റ് വശത്ത് പോസ്റ്റ് ചെയ്തത് ഇപ്പോൾ തിരുത്തി)

(viii)

| | | | |
|---|---|---|---|
| സസ്പെൻസ് അക്കൗണ്ട് | Dr. | 40,000 | |
| To രാഘവൻ അക്കൗണ്ട് | | | 20,000 |
| To രഘു അക്കൗണ്ട് | | | 20,000 |

(രഘുവിൽ നിന്ന് 20,000 രൂപയ്ക്ക് കടമായി സാധനങ്ങൾ വാങ്ങിയത് രാഘവന്റെ അക്കൗണ്ടിൽ തെറ്റായി ഡെബിറ്റ് വശത്ത് പോസ്റ്റ് ചെയ്തത് ഇപ്പോൾ തിരുത്തി)

(ix)

| | | | |
|---|---|---|---|
| സെയിൽസ് അക്കൗണ്ട് | Dr. | 20,000 | |
| പർച്ചേയ്സ് അക്കൗണ്ട് | Dr. | 20,000 | |
| To രഘു അക്കൗണ്ട് | | | 40,000 |

(രഘുവിൽ നിന്ന് 20,000 രൂപയ്ക്ക് കടമായി സാധനങ്ങൾ വാങ്ങിയത് തെറ്റായി സെയിൽസ് ബുക്കിൽ രേഖപ്പെടുത്തിയത് ഇപ്പോൾ തിരുത്തി)

**നിർദ്ധാരണം : 2**

താഴെക്കൊടുത്തിരിക്കുന്ന തെറ്റുകൾ തിരുത്തുക.

16,000 രൂപയ്ക്ക് സാധനങ്ങൾ വിറ്റത്:

(i) വിൽപ്പന (സെയിൽസ്) അക്കൗണ്ടിൽ പോസ്റ്റ് ചെയ്തിട്ടില്ല.

(ii) വിൽപ്പന (സെയിൽസ്) അക്കൗണ്ടിൽ 6,000 രൂപ എന്ന് പോസ്റ്റ് ചെയ്തു.

(iii) കമ്മീഷൻ അക്കൗണ്ടിൽ പോസ്റ്റ് ചെയ്തു.

**ഉത്തരം :**

(i)

| | | | |
|---|---|---|---|
| സസ്പെൻസ് അക്കൗണ്ട് | Dr. | 16,000 | |
| സെയിൽസ് അക്കൗണ്ട് | | | 16,000 |

(പണത്തിന് സാധനങ്ങൾ വിറ്റത് സെയിൽസ് അക്കൗണ്ടിൽ പോസ്റ്റ് ചെയ്യാൻ വിട്ടുപോയത് ഇപ്പോൾ തിരുത്തി)

(ii)

| | | | |
|---|---|---|---|
| സസ്പെൻസ് അക്കൗണ്ട് | Dr. | 10,000 | |
| To സെയിൽസ് അക്കൗണ്ട് | | | 10,000 |

(പണത്തിന് 16,000 രൂപയ്ക്ക് സാധനങ്ങൾ വിറ്റത് സെയിൽസ് അക്കൗണ്ടിൽ 6,000 രൂപ എന്ന് പോസ്റ്റ് ചെയ്തത് ഇപ്പോൾ തിരുത്തി)

(iii)

| | | | |
|---|---|---|---|
| കമ്മീഷൻ അക്കൗണ്ട് | Dr. | 16,000 | |
| To സെയിൽസ് അക്കൗണ്ട് | | | 16,000 |

(റൊക്കം പണത്തിന് സാധനങ്ങൾ വിറ്റത് സെയിൽസ് അക്കൗണ്ടിൽ പോസ്റ്റ് ചെയ്യുന്നതിന് പകരം കമ്മീഷൻ അക്കൗണ്ടിൽ പോസ്റ്റ് ചെയ്തത് ഇപ്പോൾ തിരുത്തി)

**നിർദ്ധാരണം 3**

യന്ത്ര സാമഗ്രിയുടെ മൂല്യക്ഷയം (ഡിപ്രീസിയേഷൻ) എഴുതിത്തള്ളിയത്, 2,000 രൂപ.

(i) പൂർണമായും പോസ്റ്റ് ചെയ്യാൻ വിട്ടുപോയി.

(ii) മെഷിനറി അക്കൗണ്ടിൽ പോസ്റ്റ് ചെയ്യാൻ വിട്ടുപോയി

(iii) ഡിപ്രീസിയേഷൻ അക്കൗണ്ടിൽ പോസ്റ്റ് ചെയ്യാൻ വിട്ടുപോയി.

**ഉത്തരം :**

(i) ഇത് ജനറൽ ജേർണലിൽ ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. ജനറൽ ജേർണലിൽ നിന്ന് ഓരോ അക്കൗണ്ടിലേക്കും പ്രത്യേകമായാണ് പോസ്റ്റ് ചെയ്യേണ്ടത്. ഇവിടെ മെഷിനറി അക്കൗണ്ടിലും, ഡിപ്രീസിയേഷൻ അക്കൗണ്ടിലും പോസ്റ്റിംഗ് നടത്തിയിട്ടില്ല. ആയതുകൊണ്ട് തിരുത്തൽ എൻട്രി താഴെപ്പറയും പ്രകാരമായിരിക്കും.

| | | |
|---|---|---|
| ഡിപ്രീസിയേഷൻ അക്കൗണ്ട് Dr. | 2,000 | |
| To മെഷിനറി അക്കൗണ്ട് | | 2,000 |

(യന്ത്രസാമഗ്രികളുടെ മൂല്യക്ഷയം എഴുതിത്തള്ളിയത് പോസ്റ്റ് ചെയ്യാതിരുന്നത് ഇപ്പോൾ തിരുത്തി.)

(ii) ഇവിടെ മെഷിനറി അക്കൗണ്ടിൽ പോസ്റ്റിംഗ് നടത്തിയിട്ടില്ല. ഡിപ്രീസിയേഷൻ അക്കൗണ്ടിൽ കൃത്യമായി ഡെബിറ്റ് ചെയ്തിരിക്കും എന്ന് അനുമാനിക്കാം. ആയതുകൊണ്ട് തിരുത്തൽ എൻട്രി താഴെപ്പറയുന്നതുപോലെ ആയിരിക്കും.

| | | | |
|---|---|---|---|
| സസ്പെൻസ് അക്കൗണ്ട് | Dr. | 2,000 | |
| To മെഷിനറി അക്കൗണ്ട് | | | 2,000 |
| (യന്ത്രസാമഗ്രികളുടെ മൂല്യക്ഷയം എഴുതിത്തള്ളിയത് യന്ത്രസാമഗ്രികളുടെ അക്കൗണ്ടിൽ പോസ്റ്റ് ചെയ്യാതിരുന്നത് ഇപ്പോൾ തിരുത്തി). | | | |

(iii) ഇവിടെ ഡിപ്രീസിയേഷൻ അക്കൗണ്ടിൽ ഡെബിറ്റ് ചെയ്തിട്ടില്ല. എന്നാൽ, മെഷിനറി അക്കൗണ്ടിൽ കൃത്യമായി ക്രെഡിറ്റ് ചെയ്തിരിക്കും എന്ന് അനുമാനിക്കാം. ആയതുകൊണ്ട് തിരുത്തൽ എൻട്രി താഴെപ്പറയുന്നു.

| | | | |
|---|---|---|---|
| ഡിപ്രീസിയേഷൻ അക്കൗണ്ട് Dr. | | 2,000 | |
| To സസ്പെൻസ് അക്കൗണ്ട് | | | 2,000 |
| (യന്ത്രസാമഗ്രികളുടെ മൂല്യക്ഷയം എഴുതിത്തള്ളിയത് ഡിപ്രീസിയേഷൻ അക്കൗണ്ടിൽ പോസ്റ്റ് ചെയ്യാതിരുന്നത് ഇപ്പോൾ തിരുത്തി | | | |

**നിർധാരണം 4**

അനുരാഗിന്റെ ട്രയൽ ബാലൻസിന്റെ ഇരുവശങ്ങളും തുല്യമാകുന്നില്ല. അതിന്റെ ക്രെഡിറ്റ് വശത്ത് 10,000 രൂപ അധികം കാണിക്കുന്നു. അനുരാഗ് ആ വ്യത്യാസം സസ്പെൻസ് അക്കൗണ്ടിൽ രേഖപ്പെടുത്തി. പിന്നീട് താഴെക്കാണുന്ന തെറ്റുകൾ അദ്ദേഹം കണ്ടെത്തി.

(i) സെയിൽസ് റിട്ടേൺസ് ബുക്കിന്റെ ആകെത്തുക കണ്ടെത്തിയതിൽ 1,000 രൂപ അധികമായി കാണിച്ചു.

(ii) പർച്ചേസ് ബുക്കിന്റെ ആകെ തുക കണ്ടെത്തിയതിൽ 600 രൂപ കുറഞ്ഞു പോയി.

(iii) സെയിൽസ്ബുക്കിന്റെ നാലാം പേജിലെ ആകെത്തുക അഞ്ചാം പേജിലേക്ക് എടുത്തെഴുതിയപ്പോൾ 1,200 രൂപയ്ക്ക് പകരം 1,000 രൂപ എന്നും എട്ടാം പേജിൽ നിന്നും ഒമ്പതാം പേജിലേക്ക് എടുത്തെഴുതിയപ്പോൾ 5,000 രൂപയ്ക്ക് പകരം 5,600 രൂപ എന്നും തെറ്റായി എഴുതിപ്പോയി.

(iv) റാമിന് 1,000 രൂപയുടെ സാധനങ്ങൾ തിരിച്ചയച്ചത് സെയിൽസ്ബുക്കിൽ തെറ്റായി രേഖപ്പെടുത്തി.

(v) മനോജ് & കമ്പനിയിൽ നിന്ന് 8,000 രൂപയ്ക്ക് കടമായി സാധനങ്ങൾ വാങ്ങിയത് സെയിൽസ്ബുക്കിൽ തെറ്റായി രേഖപ്പെടുത്തി.

(vi) സാബു & കമ്പനിയിൽ നിന്ന് 5,000 രൂപയ്ക്ക് കടമായി സാധനങ്ങൾ വാങ്ങിയത് സെയിൽസ് ബുക്കിൽ രേഖപ്പെടുത്തി. എന്നാൽ സാബു & കമ്പനിയുടെ അക്കൗണ്ടിൽ കൃത്യമായി ക്രെഡിറ്റ് ചെയ്തു.

(vii) 2,000 രൂപ ശമ്പളം (സാലറി) നൽകിയത് ജീവനക്കാരന്റെ വ്യക്തിഗത അക്കൗണ്ടിൽ ഡെബിറ്റ് ചെയ്തു.

**ഉത്തരം :**

(i)

| | | | |
|---|---|---|---|
| സസ്പെൻസ് അക്കൗണ്ട് | Dr. | 1,000 | |
| To സെയിൽസ് റിട്ടേൺസ് അക്കൗണ്ട് | | | 1,000 |
| (സെയിൽസ് റിട്ടേൺസ്ബുക്കിന്റെ ആകെത്തുക കണ്ടതിൽ 1,000 രൂപ കൂടുതലായിവന്ന തെറ്റ് തിരുത്തി). | | | |

(ii)

| | | | |
|---|---|---|---|
| പർച്ചേയ്സ് അക്കൗണ്ട് | Dr. | 600 | |
| To സസ്പെൻസ് അക്കൗണ്ട് | | | 600 |
| (പർച്ചേസ് ബുക്കിന്റെ ആകെത്തുക കണ്ടതിൽ 600 രൂപ കുറവുവന്ന തെറ്റ് തിരുത്തി) | | | |

(iii)

| | | | |
|---|---|---|---|
| സെയിൽസ് അക്കൗണ്ട് | Dr. | 400 | |
| To സസ്പെൻസ് അക്കൗണ്ട് | | | 400 |
| സെയിൽസ്ബുക്കിലെ തുക എടുത്തെഴുതുന്നതിൽ വന്ന തെറ്റ് തിരുത്തി) | | | |

***കുറിപ്പ്:*** ഒരു നിശ്ചിത കാലയളവിൽ തുക ഒരു പേജിൽ നിന്ന് അടുത്ത പേജിലേക്ക് എടുത്തെഴുതുന്നതിൽ തെറ്റ് സംഭവിച്ചാൽ ആത്യന്തികമായി ആ പുസ്തകത്തിന്റെ ആകെത്തുകയെ ബാധിക്കുകയും അവസാനം അത് കൂടുതലോ കുറവോ ആവുകയും ചെയ്യും. ഇവിടെ നാലാം പേജിലെ തുക അഞ്ചാം പേജിലേക്ക് എടുത്തെഴുതിയപ്പോൾ 200 രൂപ കുറയുകയും, എട്ടാം നമ്പർ പേജിൽ നിന്നും ഒമ്പതാം പേജിലേക്ക് എടുത്തെഴുതിയപ്പോൾ 600 രൂപ കൂടുകയും ചെയ്തു. ആകെ കൂടുതൽ വന്നത് (600–200) = 400 രൂപ.

(iv)

| | | | |
|---|---|---|---|
| സെയിൽസ് അക്കൗണ്ട് | Dr. | 1,000 | |
| To പർച്ചേയ്സ് റിട്ടേൺസ് അക്കൗണ്ട് | | | 1,000 |
| (റിട്ടേൺസ് സെയിൽസ് ബുക്കിൽ തെറ്റായി രേഖപ്പെടുത്തിയത് തിരുത്തി) | | | |

(v)

| | | | |
|---|---|---|---|
| പർച്ചേയ്സ് അക്കൗണ്ട് | Dr. | 8,000 | |
| സെയിൽസ് അക്കൗണ്ട് | Dr. | 8,000 | |
| To മനോജ് & കമ്പനി അക്കൗണ്ട് | | | 16,000 |
| (കടമായി സാധനങ്ങൾ വാങ്ങിയത്, സെയിൽസ്ബുക്കിൽ രേഖപ്പെടുത്തിയത് തിരുത്തി) | | | |

(vi)

| | | | |
|---|---|---|---|
| പർച്ചേസ് അക്കൗണ്ട് | Dr. | 5,000 | |
| സെയിൽസ് അക്കൗണ്ട് | Dr. | 5,000 | |
| To സസ്പെൻസ് അക്കൗണ്ട് | | | 10,000 |
| (കടമായി സാധനങ്ങൾ വാങ്ങിയത് വിതരണക്കാരുടെ അക്കൗണ്ടിൽ കൃത്യമായി ക്രെഡിറ്റ് ചെയതു. എന്നാൽ സെയിൽസ്ബുക്കിൽ തെറ്റായി രേഖപ്പെടുത്തിയത് തിരുത്തി) | | | |

(vii)

| | | | |
|---|---|---|---|
| സാലറി അക്കൗണ്ട് | Dr. | 2,000 | |
| To എംപ്ലോയി അക്കൗണ്ട് | | | 2,000 |
| (ശമ്പളം നൽകിയത് തൊഴിലാളിയുടെ വ്യക്തിഗത അക്കൗണ്ടിൽ തെറ്റായി രേഖപ്പെടുത്തിയത് തിരുത്തി) | | | |

## സസ്പെൻസ് അക്കൗണ്ട്

**Dr.** **Cr.**

| തിയതി | വിവരണം | ജെ.എഫ് | തുക ₹ | തിയതി | വിവരണം | ജെ.എഫ് | തുക ₹ |
|---|---|---|---|---|---|---|---|
| | ട്രയൽ ബാലൻസ് പ്രകാരമുള്ള വ്യത്യാസം | | 10,000 | | പർച്ചേസ് | | 600 |
| | | | | | സെയിൽസ് | | 400 |
| | സെയിൽസ് റിട്ടേൺസ് | | 1,000 | | പർച്ചേസ് | | 5,000 |
| | | | | | സെയിൽസ് | | 5,000 |
| | | | 11,000 | | | | 11,000 |

**നിർധാരണം 5**

രാഹുലിന്റെ ട്രയൽബാലൻസിന്റെ ഇരുവശങ്ങളും തുല്യമാകുന്നില്ല. വ്യത്യാസം രാഹുൽ സസ്പെൻസ് അക്കൗണ്ടിൽ രേഖപ്പെടുത്തി. പിന്നീട് താഴെക്കാണുന്ന തെറ്റുകൾ അദ്ദേഹം കണ്ടെത്തി :

(i) യന്ത്രസാമഗ്രികൾ (മെഷിനറി) സ്ഥാപിച്ചതിനുള്ള ചെലവ് 600 രൂപ വേതന(വേജസ്) അക്കൗണ്ടിൽ രേഖപ്പെടുത്തി.

(ii) യന്ത്രസാമഗ്രികളുടെ (മെഷിനറി) കേടുപാടുകൾ തീർക്കുന്നതിന് ചെലവായ (റിപ്പയർ) 400 രൂപ മെഷിനറി അക്കൗണ്ടിൽ ഡെബിറ്റ് ചെയ്തു.

(iii) ഉപയോഗിച്ച യന്ത്രസാമഗ്രികൾ (സെക്കൻഡ് ഹാൻഡ് മെഷിനറി) വാങ്ങി പുനരുദ്ധാരണത്തിനായി ചെലവഴിച്ച 1,000 രൂപ റിപ്പയർ അക്കൗണ്ടിൽ ഡെബിറ്റ് ചെയ്തു.

(iv) ബിസിനസ്സിലുണ്ടായിരുന്ന 8,000 രൂപയുടെ അസംസ്കൃത വസ്തുക്കളും, 2,000 രൂപ വേതനവും കെട്ടിട നിർമ്മാണത്തിന് ഉപയോഗിച്ചത് അക്കൗണ്ടിൽ നീക്കുപോക്ക് നടത്തിയിട്ടില്ല.

(v) 5,000 രൂപയുടെ ഫർണിച്ചർ വാങ്ങിയത് പർച്ചേസ് അക്കൗണ്ടിൽ 500 രൂപ എന്ന് പോസ്റ്റ് ചെയ്തു.

(vi) അക്കൗണ്ടിൽ 2,000 രൂപ മൂല്യമുണ്ടായിരുന്ന പഴയ യന്ത്രസാമഗ്രികൾ (മെഷിനറി) അതേ വിലയ്ക്ക് കരീമിന് വിറ്റത് സെയിൽസ് ബുക്കിൽ രേഖപ്പെടുത്തി.

(vii) സെയിൽസ് റിട്ടേൺസ്ബുക്കിന്റെ ആകെത്തുക 3,000 രൂപ ലെഡ്ജറിൽ പോസ്റ്റ് ചെയ്തിട്ടില്ല.

മുകളിൽ കൊടുത്തിരിക്കുന്ന തെറ്റുകൾ തിരുത്തുകയും, സസ്പെൻസ് അക്കൗണ്ട് തയാറാക്കി ട്രയൽ ബാലൻസിലെ വ്യത്യാസം എത്രയെന്ന് കണ്ടുപിടിക്കുകയും ചെയ്യുക.

**ഉത്തരം :**

(i)

| | | | |
|---|---|---|---|
| മെഷിനറി അക്കൗണ്ട് | Dr. | 600 | |
| To വേജസ് അക്കൗണ്ട് | | | 600 |

(മെഷിനറി സ്ഥാപിക്കുന്നതിന് ചെലവായ തുക വേതന (വേജസ്) അക്കൗണ്ടിൽ ഡെബിറ്റ് ചെയ്ത തെറ്റ് തിരുത്തി)

(ii)

| | | | |
|---|---|---|---|
| റിപ്പയർ അക്കൗണ്ട് | Dr. | 400 | |
| To മെഷിനറി അക്കൗണ്ട് | | | 400 |

(യന്ത്രസാമഗ്രികളുടെ കേടുപാടുകൾ തീർക്കുന്നതിന് ചെലവായ റിപ്പയർ തുക മെഷിനറി അക്കൗണ്ടിൽ ഡെബിറ്റ് ചെയ്തത് തിരുത്തി)

(iii)

| | | | |
|---|---|---|---|
| മെഷിനറി അക്കൗണ്ട് | Dr. | 1,000 | |
| To റിപ്പയർ അക്കൗണ്ട് | | | 1,000 |

(യന്ത്രസാമഗ്രികളുടെ പുനരുദ്ധാരണത്തിനായി ചെലവഴിച്ച തുക റിപ്പയർ അക്കൗണ്ടിൽ ഡെബിറ്റ് ചെയ്തത് ഇപ്പോൾ തിരുത്തി)

(iv)

| | | | |
|---|---|---|---|
| ബിൽഡിംഗ്സ് അക്കൗണ്ട് | Dr. | 10,000 | |
| To പർച്ചേയ്സ് അക്കൗണ്ട് | | | 8,000 |
| To വേജസ് അക്കൗണ്ട് | | | 2,000 |

(കെട്ടിട നിർമ്മാണത്തിനുപയോഗിച്ച അസംസ്കൃത വസ്തുക്കൾ വാങ്ങിയതും, വേതനച്ചെലവും ബിൽഡിംഗ്സ് അക്കൗണ്ടിൽ ഡെബിറ്റ് ചെയ്യാൻ വിട്ടുപോയത് ഇപ്പോൾ തിരുത്തി)

(v)

ഫർണിച്ചർ അക്കൗണ്ട് Dr. 5,000
To പർച്ചേയ്സ് അക്കൗണ്ട് 500
To സസ്പെൻസ് അക്കൗണ്ട് 4,500
(5,000 രൂപയ്ക്ക് ഫർണിച്ചർ വാങ്ങിയത് 500 രൂപ എന്ന് പർച്ചേസ് അക്കൗണ്ടിൽ തെറ്റായി രേഖപ്പെടുത്തിയത് ഇപ്പോൾ തിരുത്തി)

(vi)

സെയിൽസ് അക്കൗണ്ട് Dr. 2,000
To മെഷിനറി അക്കൗണ്ട് 2,000
(യന്ത്രസാമഗ്രികൾ വിറ്റത് സെയിൽസ്ബുക്കിൽ തെറ്റായി രേഖപ്പെടുത്തിയത് ഇപ്പോൾ തിരുത്തി)

(vii)

സെയിൽസ് റിട്ടേൺസ് അക്കൗണ്ട് Dr. 3,000
To സസ്പെൻസ് അക്കൗണ്ട് 3,000
(സെയിൽസ് റിട്ടേൺസ്ബുക്കിന്റെ ആകെത്തുക ലെഡ്ജറിൽ പോസ്റ്റ് ചെയ്യാൻ വിട്ടുപോയത് ഇപ്പോൾ തിരുത്തി)

**സസ്പെൻസ് അക്കൗണ്ട്**

Dr. Cr.

| തിയതി | വിവരണം | ജെ.എഫ് | തുക ₹ | തിയതി | വിവരണം | ജെ.എഫ് | തുക ₹ |
|---|---|---|---|---|---|---|---|
| | ട്രയൽ ബാലൻസ് പ്രകാരമുള്ള വ്യത്യാസം | | 7,500 | | ഫർണിച്ചർ<br>സെയിൽസ് റിട്ടേൺസ് | | 4,500<br>3,000 |
| | | | 7,500 | | | | 7,500 |

ആയതുകൊണ്ട് ട്രയൽ ബാലൻസിൽ 7,500 രൂപ ക്രെഡിറ്റ് വശത്ത് കൂടുതലായിരിക്കും.

**നിർധാരണം : 6**

അനന്തരാമന്റെ ട്രയൽ ബാലൻസിന്റെ ഇരുവശങ്ങളും തുല്യമാകുന്നില്ല. അതിൽ ക്രെഡിറ്റ് വശത്ത് 16,000 രൂപ അധികം കാണിക്കുന്നു. അദ്ദേഹം ആ വ്യത്യാസം സസ്പെൻസ് അക്കൗണ്ടിൽ രേഖപ്പെടുത്തി. പിന്നീട് താഴെക്കാണുന്ന തെറ്റുകൾ കണ്ടെത്തി. തെറ്റുകൾ തിരുത്തുന്നതിനുള്ള ജേർണൽ എൻട്രികൾ എഴുതി സസ്പെൻസ് അക്കൗണ്ട് തയാറാക്കുക.

(i) മോഹിതിന്റെ കൈയിൽ നിന്ന് ലഭിച്ച 4,000 രൂപ മഹേഷിന്റെ അക്കൗണ്ടിൽ 1,000 രൂപ എന്ന് പോസ്റ്റ് ചെയ്തു.

(ii) അപർണയുടെ കൈയിൽ നിന്ന് ലഭിക്കാനുള്ള 6,000 രൂപയുടെ കണക്ക് തീർപ്പാക്കിയപ്പോൾ ലഭിച്ച 5,800 രൂപയുടെ ചെക്ക് പണമില്ലാതെ മടങ്ങി. ചെക്ക് മടങ്ങിയത് അക്കൗണ്ടിൽ രേഖപ്പെടുത്താൻ വിട്ടുപോയി.

(iii) മുൻപ് കിട്ടാക്കടമായി (ബാഡ് ഡെബ്റ്റ്) എഴുതിത്തള്ളിയ 800 രൂപ ഷൈജു തിരിച്ചുനൽകിയത് അദ്ദേഹത്തിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു.

(iv) 5,000 രൂപയുടെ സാധനങ്ങൾ കിരണിന് വിറ്റത് കടമായി പർച്ചേയ്സ് ബുക്കിൽ 2,000 രൂപ എന്ന് രേഖപ്പെടുത്തി.

(v) പർച്ചേയ്സ് ബുക്കിന്റെ ആകെത്തുക കണ്ടതിൽ 1,000 രൂപ കുറവ് വന്നു.

(vi) 1,600 രൂപയ്ക്ക് മെഷിനറി നന്നാക്കിയത് തെറ്റായി മെഷിനറി അക്കൗണ്ടിൽ 1,000 രൂപ എന്ന് ഡെബിറ്റ് ചെയ്തു.

(vii) നീതു തിരിച്ച് നൽകിയ 3,000 രൂപയുടെ സാധനങ്ങൾ നീക്കിയിരിപ്പ് ചരക്കിൽ വരവ് വച്ചുവെങ്കിലും പുസ്തകത്തിൽ രേഖപ്പെടുത്തിയില്ല.

**ഉത്തരം :**

(i)

| | | | |
|---|---|---|---|
| മഹേഷ് അക്കൗണ്ട് | Dr. | 1,000 | |
| സസ്പെൻസ് അക്കൗണ്ട് | Dr. | 3,000 | |
| To മോഹിത് അക്കൗണ്ട് | | | 4,000 |
| (മോഹിതിൽ നിന്ന് ലഭിച്ച 4,000 രൂപ മഹേഷിന്റെ അക്കൗണ്ടിൽ 1,000 രൂപ എന്ന് പോസ്റ്റ് ചെയ്തത് ഇപ്പോൾ തിരുത്തി) | | | |

(ii)

| | | | |
|---|---|---|---|
| അപർണ അക്കൗണ്ട് | Dr. | 6,000 | |
| To ബാങ്ക് അക്കൗണ്ട് | | | 5,800 |
| To ഡിസ്ക്കൗണ്ട് അക്കൗണ്ട് | | | 200 |

(അപർണയിൽ നിന്ന് ലഭിക്കാനുള്ള 6,000 രൂപയുടെ കണക്ക് തീർപ്പാക്കിയപ്പോൾ ലഭിച്ച 5,800 രൂപയുടെ ചെക്ക് അക്കൗണ്ടിൽ പണമില്ലാതെ മടങ്ങിയത് രേഖപ്പെടുത്താൻ വിട്ടുപോയത് ഇപ്പോൾ തിരുത്തി.)

(iii)

| | | | |
|---|---|---|---|
| ഷൈജു അക്കൗണ്ട് | Dr. | 800 | |
| To ബാഡ് ഡെബ്റ്റ് റിക്കവേർഡ് അക്കൗണ്ട് | | | 800 |

(ബാഡ് ഡെബ്റ്റ് റിക്കവേർഡ് തെറ്റായി ഷൈജുവിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തത് ഇപ്പോൾ തിരുത്തി)

(iv)

| | | | |
|---|---|---|---|
| കിരൺ അക്കൗണ്ട് | Dr. | 7,000 | |
| To പർച്ചേയ്സ് അക്കൗണ്ട് | | | 2,000 |
| To സെയിൽസ് അക്കൗണ്ട് | | | 5,000 |

(കിരണിന് കടമായി 5,000 രൂപയ്ക്ക് സാധനങ്ങൾ വിൽപ്പന നടത്തിയത് 2,000 രൂപ എന്ന് പർച്ചേയ്സ് ബുക്കിൽരേഖപ്പെടുത്തിയത് ഇപ്പോൾ തിരുത്തി)

(v)

| | | | |
|---|---|---|---|
| പർച്ചേയ്സ് അക്കൗണ്ട് | Dr. | 1,000 | |
| To സസ്പെൻസ് അക്കൗണ്ട് | | | 1,000 |

(പർച്ചേയ്സ് ബുക്കിന്റെ ആകെ തുക കണ്ടപ്പോൾ 1000 രൂപ കുറവ് വന്നത് ഇപ്പോൾ തിരുത്തി)

(vi)

| | | | |
|---|---|---|---|
| റിപ്പയർ അക്കൗണ്ട് | Dr. | 1,600 | |
| To മെഷിനറി അക്കൗണ്ട് | | | 1,000 |
| To സസ്പെൻസ് അക്കൗണ്ട് | | | 600 |

(മെഷിനറി അറ്റകുറ്റപ്പണി നടത്തിയതിന് ചെലവായ 1600 രൂപ മെഷിനറിഅക്കൗണ്ടിൽ തെറ്റായി 1,000 രൂപയെന്ന് ഡെബിറ്റ് ചെയ്തത് ഇപ്പോൾ തിരുത്തി)

(vii)

| | | | |
|---|---|---|---|
| സെയിൽസ് റിട്ടേൺസ് അക്കൗണ്ട് | Dr. | 3,000 | |
| To നീതു അക്കൗണ്ട് | | | 3,000 |

(നീതു തിരിച്ചുതന്ന സാധനങ്ങൾ രേഖപ്പെടുത്താൻ വിട്ടുപോയത് ഇപ്പോൾ രേഖപ്പെടുത്തി)

**സസ്പെൻസ് അക്കൗണ്ട്**

**Dr.** **Cr.**

| തിയതി | വിവരണം | ജെ.എഫ് | സംഖ്യ ₹ | തിയതി | വിവരണം | ജെ.ഫ് ₹ | സംഖ്യ |
|---|---|---|---|---|---|---|---|
| | ട്രയൽ ബാലൻസ് | | | | പർച്ചേയ്സസ് | | 1,000 |
| | പ്രകാരമുള്ള | | | | റിപ്പയർ | | 600 |
| | വ്യത്യാസം | | 16,000 | | | | |
| | മോഹിത് | | 3,000 | | ബാലൻസ് c/d | | 17,400 |
| | | | 19,000 | | | | 19,000 |

***കുറിപ്പ്:*** കണ്ടെത്തിയ തെറ്റുകൾ തിരുത്തിയ ശേഷവും സസ്പെൻസ് അക്കൗണ്ടിൽ 17,400 രൂപയുടെ ഡെബിറ്റ് ബാലൻസ് കാണിക്കുന്നു. ഇതിനർഥം, ട്രയൽ ബാലൻസിനെ ബാധിക്കുന്ന തെറ്റുകൾ ഇനിയും കണ്ടെത്താനുണ്ട് എന്നാണ്. സസ്പെൻസ് അക്കൗണ്ടിന്റെ ബാലൻസ് അടുത്ത അക്കൗണ്ടിംഗ് വർഷത്തെ അക്കൗണ്ടിൽ ഉൾപ്പെടുത്തുകയും, ട്രയൽ ബാലൻസിനെ ബാധിക്കുന്ന ബാക്കിയുള്ള തെറ്റുകൾ എല്ലാം കണ്ടെത്തുന്ന മുറയ്ക്ക് അത് ഇല്ലാതായിപ്പോവുകയും ചെയ്യും.

**നിർധാരണം 7**

കൈലാസിന്റെ ട്രയൽ ബാലൻസിന്റെ ഇരുവശങ്ങളും തുല്യമാകുന്നില്ല. അദ്ദേഹം ആ വ്യത്യാസം സസ്പെൻസ് അക്കൗണ്ടിൽ രേഖപ്പെടുത്തിവച്ചു. പിന്നീട് താഴെപ്പറയുന്ന തെറ്റുകൾ അദ്ദേഹം കണ്ടെത്തി:

(i) 500 രൂപയുടെ സാധനങ്ങൾ സ്വന്തം ആവശ്യത്തിനായി എടുത്തത് കൈലാസ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

(ii) രമേഷിൽ നിന്ന് 2,040 രൂപ കിട്ടിയപ്പോൾ അനുവദിച്ച 60 രൂപയുടെ ഡിസ്ക്കൗണ്ട് ബുക്കിൽ രേഖപ്പെടുത്താൻ വിട്ടുപോയി.

(iii) രോഹന് 3250 രൂപ നൽകിയപ്പോൾ കിട്ടിയ 50 രൂപ ഡിസ്കൗണ്ട് അക്കൗണ്ടുകളിൽ പോസ്റ്റ് ചെയ്തിട്ടില്ല.

(iv) ഖലീൽ എന്ന ഡെബ്റ്ററിൽ നിന്ന് കിട്ടാക്കടമായി എഴുതിത്തള്ളിയ 700 രൂപ തിരിച്ച് കിട്ടിയത് അദ്ദേഹത്തിന്റെ വ്യക്തിഗത അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു.

(v) ഗോപാൽ എന്ന ഡെബ്റ്ററിൽ നിന്ന് 5,000 രൂപ അദ്ദേഹത്തിന്റെ അക്കൗണ്ടിൽ 500 രൂപ എന്ന് പോസ്റ്റ് ചെയ്തു.

(vi) മഹേഷിൽ നിന്ന് വാങ്ങിയ സാധനങ്ങളിൽ 700 രൂപയുടെ സാധനങ്ങൾ തിരിച്ചു നൽകിയത് അദ്ദേഹത്തിന്റെ അക്കൗണ്ടിൽ 70 രൂപ എന്ന് പോസ്റ്റ് ചെയ്തു.

(vii) നാരായണനിൽ നിന്ന് കിട്ടാനുള്ള 1,000 രൂപയുടെ ബില്ല് പണം ലഭിക്കാതെ തിരിച്ചു വന്നത് തെറ്റായി അലവൻസ് അക്കൗണ്ടിൽ 10,000 രൂപ എന്ന് ഡെബിറ്റ് ചെയ്തു.

മുകളിൽ കൊടുത്തിരിക്കുന്ന തെറ്റുകൾ തിരുത്തുന്നതിനുള്ള ജേർണൽ എൻട്രികൾ എഴുതുകയും ട്രയൽ ബാലൻസിലെ വ്യത്യാസം കണ്ടെത്തുന്നതിനായി സസ്പെൻസ് അക്കൗണ്ട് തയാറാക്കുകയും ചെയ്യുക.

**ഉത്തരം :**

(i)

| | | | |
|---|---|---|---|
| ഡ്രോയിംഗ്സ് അക്കൗണ്ട് | Dr. | 500 | |
| To പർച്ചേയ്സ് അക്കൗണ്ട് | | | 500 |
| (ഉടമസ്ഥൻ സ്വന്തം ആവശ്യങ്ങൾക്കായി സാധനങ്ങൾ എടുത്തത് രേഖപ്പെടുത്താൻ വിട്ടുപോയത് ഇപ്പോൾ തിരുത്തി). | | | |

(ii)

| | | | |
|---|---|---|---|
| ഡിസ്ക്കൗണ്ട് അലൗഡ് അക്കൗണ്ട് | Dr. | 60 | |
| To രമേഷ് അക്കൗണ്ട് | | | 60 |

(രമേഷിന് അനുവദിച്ച ഡിസ്ക്കൗണ്ട് രേഖപ്പെടുത്താൻ വിട്ടുപോയത് ഇപ്പോൾ തിരുത്തി).

(iii)

| | | | |
|---|---|---|---|
| രോഹൻ അക്കൗണ്ട് | Dr. | 50 | |
| To ഡിസ്കൗണ്ട് റിസീവ്ഡ് അക്കൗണ്ട് | | | 50 |

(രോഹനിൽ നിന്ന് ലഭിച്ച ഡിസ്കൗണ്ട് രേഖപ്പെടുത്താൻ വിട്ടുപോയത് ഇപ്പോൾ തിരുത്തി).

(iv)

| | | | |
|---|---|---|---|
| ഖലീൽ അക്കൗണ്ട് | Dr. | 700 | |
| To ബാഡ് ഡെബ്റ്റ് റിക്കവേർഡ് അക്കൗണ്ട് | | | 700 |

(ഖലീലിൽ നിന്ന് കിട്ടാക്കടമായി എഴുതിത്തള്ളിയ തുക തിരിച്ചുകിട്ടിയത് കടക്കാരന്റെ വ്യക്തിഗത അക്കൗണ്ടിൽ തെറ്റായി ക്രെഡിറ്റ് ചെയ്തത് ഇപ്പോൾ തിരുത്തി)

(v)

| | | | |
|---|---|---|---|
| സസ്പെൻസ് അക്കൗണ്ട് | Dr. | 4,500 | |
| To ഗോപാൽ അക്കൗണ്ട് | | | 4,500 |

(ഗോപാലിൽ നിന്ന് ലഭിച്ച 5,000 രൂപ അദ്ദേഹത്തിന്റെ അക്കൗണ്ടിൽ 500 രൂപ എന്ന് തെറ്റായി പോസ്റ്റ് ചെയ്തത് ഇപ്പോൾ തിരുത്തി)

(vi)

| | | | |
|---|---|---|---|
| മഹേഷ് അക്കൗണ്ട് | Dr. | 630 | |
| To സസ്പെൻസ് അക്കൗണ്ട് | | | 630 |

(മഹേഷിൽ നിന്ന് വാങ്ങിയ സാധനങ്ങളിൽ 700 രൂപയുടെ സാധനങ്ങൾ തിരിച്ചുനൽകിയത് അദ്ദേഹത്തിന്റെ അക്കൗണ്ടിൽ 70 രൂപ എന്ന് തെറ്റായി പോസ്റ്റ് ചെയ്തത് ഇപ്പോൾ തിരുത്തി)

(vii)

| | | | |
|---|---|---|---|
| നാരായണൻ അക്കൗണ്ട് | Dr. | 1,000 | |
| സസ്പെൻസ് അക്കൗണ്ട് | Dr. | 9,000 | |
| To അലവൻസ് അക്കൗണ്ട് | | | 10,000 |

(നാരായണനിൽ നിന്ന് കിട്ടാനുള്ള 1,000 രൂപയുടെ ബില്ല് പണം ലഭിക്കാതെ തിരിച്ചുവന്നത് തെറ്റായി അലവൻസുകളുടെ അക്കൗണ്ടിൽ 10,000 രൂപ എന്ന് ഡെബിറ്റ് ചെയ്തത് ഇപ്പോൾ തിരുത്തി.)

## സസ്പെൻസ് അക്കൗണ്ട്

**Dr.** **Cr.**

| തിയതി | വിവരണം | ജെ.എഫ് | സംഖ്യ *Rs.* | തിയതി | വിവരണം | ജെ.എഫ് | സംഖ്യ *Rs.* |
|---|---|---|---|---|---|---|---|
| | ഗോപാൽ | | 4,500 | | മഹേഷ് | | 630 |
| | അലവൻസ് | | 9,000 | | ട്രയൽ ബാലൻസ് പ്രകാരമുള്ള വ്യത്യാസം | | 12,870 |
| | | | 13,500 | | | | 13,500 |

## സ്വയം വിലയിരുത്തൽ ചോദ്യങ്ങൾ - IV

**ശരിയായ ഉത്തരത്തിന് നേരെ '✓' മാർക്ക് ചെയ്യുക.**

(1) ട്രയൽ ബാലൻസിന്റെ തുല്യതയെ ബാധിക്കുന്നത്

(a) ഒരു വശത്ത് മാത്രം വരുന്ന തെറ്റുകളാണ്

(b) രണ്ട് വശത്തും വരുന്ന തെറ്റുകൾ മാത്രമാണ്

(c) aയും bയും ശരിയാണ്

(*d*) aയും bയും ശരിയല്ല

(2) താഴെക്കൊടുത്തിരിക്കുന്നവയിൽ താത്വിക തെറ്റല്ലാത്തത് ഏത്?

(a) ഫർണിച്ചർ വാങ്ങിയത് പർച്ചേയ്സ് അക്കൗണ്ടിൽ രേഖപ്പെടുത്തി

(*b*) സെക്കന്റ് ഹാൻഡ് മെഷിനറി വാങ്ങി നന്നാക്കിയ ചെലവ് റിപ്പയർ അക്കൗണ്ടിൽ രേഖപ്പെടുത്തി.

(c) മനോജിൽ നിന്ന് ലഭിച്ച പണം സരോജിന്റെ അക്കൗണ്ടിൽ പോസ്റ്റ് ചെയ്തു.

(d) പഴയ കാർ വിറ്റത് സെയിൽസ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു.

(3) താഴെക്കൊടുത്തിരിക്കുന്നവയിൽ നിർവഹണത്തെറ്റല്ലാത്തത് ഏത്?

(a) സെയിൽസ് ബുക്കിന്റെ ആകെത്തുക കണക്കാക്കിയത് കൂടിപ്പോയി.

(b) രമേഷിന് കടമായി 5,000 രൂപയ്ക്ക് സാധനങ്ങൾ വിറ്റത് അദ്ദേഹത്തിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു.

(c) മെഷിനറി അക്കൗണ്ട് ബാലൻസ് കണ്ടത് തെറ്റിപ്പോയി

(d) രൊക്കംപണത്തിന് സാധനങ്ങൾ വിറ്റത് ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയില്ല.

(4) താഴെക്കൊടുത്തിരിക്കുന്ന തെറ്റുകളിൽ ഏതാണ് സസ്പെൻസ് അക്കൗണ്ടിൽ കൂടി തിരുത്തപ്പെടുന്നത്?

(*a*) സെയിൽസ് റിട്ടേൺസ് ബുക്ക് തുക കണ്ടതിൽ 1,000 രൂപ കുറവ് വന്നു.

(b) മധുവിന് വിറ്റ 1,000 രൂപയുടെ സാധനങ്ങൾ തിരിച്ചുവന്നത് രേഖപ്പെടുത്തിയില്ല

(c) മധുവിന് വിറ്റ 1,000 രൂപയുടെ സാധനങ്ങൾ തിരിച്ചുവന്നത് 100 രൂപ എന്ന് രേഖപ്പെടുത്തി.

(d) മധുവിന് വിറ്റ 1,000 രൂപയുടെ സാധനങ്ങൾ തിരിച്ചുവന്നത് പർച്ചേയ്സ് ബുക്കിൽക്കൂടി രേഖപ്പെടുത്തി.

(5) ട്രയൽബാലൻസിന്റെ ഇരുവശങ്ങളും തുല്യമായാൽ അതിനർഥം

(a) അക്കൗണ്ട് ബുക്കിൽ തെറ്റുകളൊന്നുമില്ല.

(b) അക്കൗണ്ട് ബുക്കിൽ ഇരുവശത്തുമുള്ള തെറ്റുകൾ ഉണ്ടാകാം.

(c) അക്കൗണ്ട് ബുക്കിൽ ഒരു വശത്തുള്ള തെറ്റുകൾ ഉണ്ടാകാം.

(d) അക്കൗണ്ട് ബുക്കിൽ ഇരുവശത്തും ഒരു വശത്തുമുള്ള തെറ്റുകൾ ഉണ്ടാകാം.

(6) തെറ്റുകൾ തിരുത്തിയതിന് ശേഷവും സസ്പെൻസ് അക്കൗണ്ട്, തുല്യമാകുന്നില്ലെങ്കിൽ അതിനർഥം;
   (a) അക്കൗണ്ട് ബുക്കിൽ ഒരു വശത്തുള്ള തെറ്റുകൾ മാത്രം ഇനിയും കണ്ടെത്തേണ്ടതുണ്ട്
   (b) ഇനിയും കണ്ടെത്താൻ തെറ്റുകൾ ഒന്നുമില്ല
   (c) അക്കൗണ്ട് ബുക്കിൽ ഇരുവശത്തുള്ള തെറ്റുകൾ മാത്രം ഇനിയും കണ്ടെത്തേണ്ടതുണ്ട്
   (d) അക്കൗണ്ട് ബുക്കിൽ ഒരുവശത്തും ഇരുവശത്തുമുള്ള തെറ്റുകൾ ഇനിയും കണ്ടെത്തേണ്ടതുണ്ട്

(7) പുതിയ യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിന് നൽകിയ വേതനം വേതന അക്കൗണ്ടിൽ ഡെബിറ്റ് ചെയതു. ഇത്
   (a) ഒരു നിർവഹണത്തെറ്റാണ്
   (b) ഒരു താത്വികത്തെറ്റാണ്
   (c) ഒരു പൂരികൃത തെറ്റാണ്
   (d) ഒരു ഉപേക്ഷാ തെറ്റാണ്.

(8) ട്രയൽ ബാലൻസ് ഒരു;
   (a) അക്കൗണ്ടാണ്.
   (b) പത്രികയാണ്.
   (c) അനുബന്ധ പുസ്തകമാണ്.
   (d) പ്രധാന പുസ്തകമാണ്.

(9) ഒരു ട്രയൽബാലൻസ് തയാറാക്കുന്നത്;
   (a) ധനകാര്യപത്രികകൾ തയാറാക്കിയതിന് ശേഷം.
   (b) ഇടപാടുകൾ അനുബന്ധ ബുക്കുകളിൽ രേഖപ്പെടുത്തിയതിന് ശേഷം.
   (c) ലഡ്ജറിലേക്കുള്ള പോസ്റ്റിംഗ് പൂർത്തിയാക്കിയതിന് ശേഷം
   (d) ലഡ്ജറിലേക്കുള്ള പോസ്റ്റിംഗ് പൂർത്തിയാക്കി അക്കൗണ്ടുകൾ ബാലൻസ് ചെയ്തതിന് ശേഷം

**പാഠഭാഗത്തെ മുഖ്യപദങ്ങൾ**

- ട്രയൽബാലൻസ് അഥവാ ശിഷ്ടപത്രം (Trial balance)
- പൂരികൃത (Compensating Errors)
- നിർവഹണത്തെറ്റുകൾ (Error of Commission)
- താത്വികത്തെറ്റുകൾ (Error of Principle)
- ഉപേക്ഷാത്തെറ്റുകൾ (Error of Omission)
- സസ്പെൻസ് അക്കൗണ്ട് (Suspense account)

## പഠനനേട്ടങ്ങൾ അടിസ്ഥാനമാക്കിയുള്ള സംഗ്രഹം

1. **ട്രയൽ ബാലൻസിന്റെ അർത്ഥം:** ലഡ്ജറിലെ വിവിധങ്ങളായ അക്കൗണ്ടുകളിലെ ബാലൻസുകളുടെ (ഡെബിറ്റ്/ക്രെഡിറ്റ്) സംഗ്രഹം
2. **ട്രയൽ ബാലൻസിന്റെ ലക്ഷ്യങ്ങൾ:** ട്രയൽ ബാലൻസ് തയാറാക്കുന്നതിന്റെ പ്രധാന ലക്ഷ്യങ്ങൾ

(i) ലഡ്ജർ അക്കൗണ്ടുകളിലെ സാംഖികമായ കൃത്യത ഉറപ്പുവരുത്തുക.

(ii) തെറ്റുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ കണ്ടെത്തുക,

(iii) വർഷാന്ത്യ കണക്കുകൾ തയാറാക്കുന്നതിന് സഹായിക്കുക.

3. ബാലൻസ് രീതിയിൽ ട്രയൽബാലൻസ് തയാറാക്കൽ: ഈ രീതിയിൽ ട്രയൽ ബാലൻസ് തയാറാക്കുമ്പോൾ അതിന് മൂന്ന് കോളങ്ങൾ ഉണ്ടായിരിക്കും. ഒന്നാമത്തെ കോളത്തിൽ അക്കൗണ്ടിന്റെ പേര്, ലഡ്ജറിലുള്ള ഓരോ അക്കൗണ്ടിന്റെയും ഡെബിറ്റ് ബാലൻസുകൾ എഴുതുന്നതിന് രണ്ടാമത്തെ കോളവും, ക്രെഡിറ്റ് ബാലൻസുകൾ എഴുതുന്നതിന് മൂന്നാമത്തെ കോളവും ഉപയോഗിക്കുന്നു.
4. വിവിധ തരം തെറ്റുകൾ
   (i) **നിർവഹണത്തെറ്റുകൾ:** ഒരു ഇടപാട് രേഖപ്പെടുത്തുന്നതിൽ വന്ന തെറ്റുകൾ, തുക കാണുന്നതിൽ വന്ന തെറ്റുകൾ, തെറ്റായി എടുത്തെഴുതൽ, തെറ്റായി ബാലൻസ് കാണുക തുടങ്ങിയവ.
   (ii) **ഉപേക്ഷാത്തെറ്റുകൾ:** പൂർണമായോ ഭാഗികമായോ ഒരു ഇടപാട് അക്കൗണ്ട് ബുക്കിൽ രേഖപ്പെടുത്താൻ വിട്ടുപോകുന്നത് മൂലമുണ്ടാകുന്ന തെറ്റുകൾ.
   (iii) **താത്വിക തെറ്റുകൾ:** വരവുകളെയും ചെലവുകളെയും റവന്യു ഇനങ്ങളായും (Revenue) മൂലധന ഇനങ്ങളായും (Capital) തരം തിരിക്കുന്നതിൽ സംഭവിക്കുന്ന പിഴവുകൾ മൂലമുണ്ടാകുന്ന തെറ്റുകൾ.
   (iv) **പൂരികൃതത്തെറ്റുകൾ:** ഡെബിറ്റ്, ക്രെഡിറ്റ് വശങ്ങളിലുണ്ടാകുന്ന രണ്ടോ അതിലധികമോ തെറ്റുകൾ മൂലം അവയുടെ സ്വാധീനം ഇല്ലാതാകുന്ന തരത്തിലുള്ള തെറ്റുകൾ.
5. **തെറ്റുകൾ തിരുത്തൽ:** ഒരു അക്കൗണ്ടിനെ മാത്രം ബാധിക്കുന്ന തെറ്റുകൾ ഒരു വിശദീകരണക്കുറിപ്പ് കൊണ്ടോ അല്ലെങ്കിൽ ഒരു ജേർണൽ എൻട്രി കൊണ്ടോ തിരുത്താവുന്നതാണ്. രണ്ടോ അതിലധികമോ അക്കൗണ്ടുകളെ ബാധിക്കുന്ന തെറ്റുകൾ ഒരു ജേർണൽ എൻട്രിയിലൂടെ തിരുത്താം.
6. **സസ്പെൻസ് അക്കൗണ്ടിന്റെ അർത്ഥവും ഉപയോഗവും:** ട്രയൽബാലൻസിന്റെ ഇരുവശങ്ങളും തമ്മിലുള്ള വ്യത്യാസം, അതുണ്ടാകാൻ കാരണമായ തെറ്റുകൾ കണ്ടെത്തി പരിഹരിക്കുന്നതുവരെ രേഖപ്പെടുത്തി വയ്ക്കുന്നതിനുള്ള അക്കൗണ്ടാണ് ഇത്. ട്രയൽ ബാലൻസിന്റെ ഇരുവശങ്ങളും തുല്യമായില്ലെങ്കിലും ധനകാര്യ പത്രികകൾ തയാറാക്കാൻ ഇത് സഹായിക്കുന്നു.

7. **സസ്പെൻസ് അക്കൗണ്ട് ഇല്ലാതാക്കൽ:** എല്ലാതെറ്റുകളും കണ്ടെത്തി തിരുത്തി കഴിഞ്ഞാൽ സസ്പെൻസ് അക്കൗണ്ട് സ്വാഭാവികമായും ഇല്ലാതാകും.

## പരിശീലന ചോദ്യങ്ങൾ

### ഹ്രസ്വോത്തര ചോദ്യങ്ങൾ

1. ട്രയൽബാലൻസിന്റെ അർഥം പ്രസ്താവിക്കുക.
2. താത്വികത്തെറ്റുകൾക്ക് രണ്ട് ഉദാഹരണങ്ങൾ നൽകുക.
3. നിർവഹണത്തെറ്റുകൾക്ക് രണ്ട് ഉദാഹരണങ്ങൾ നൽകുക.
4. ട്രയൽബാലൻസ് തയാറാക്കുന്നതിനുള്ള വിവിധ രീതികൾ എന്തെല്ലാം?
5. ട്രയൽബാലൻസിലെ തെറ്റുകൾ കണ്ടെത്തുന്നതിനായി ഒരു അക്കൗണ്ടന്റ് ചെയ്യേണ്ട നടപടികൾ എന്തെല്ലാം?
6. സസ്പെൻസ് അക്കൗണ്ട് എന്നാലെന്ത്? അക്കൗണ്ടന്റ് കണ്ടെത്തിക്കഴിഞ്ഞ തെറ്റുകൾ തിരുത്തിക്കഴിഞ്ഞാൽ സസ്പെൻസ് അക്കൗണ്ട് ഇല്ലാതായിത്തീരും എന്ന് ഉറപ്പുണ്ടോ? ഇല്ലെങ്കിൽ, സസ്പെൻസ് അക്കൗണ്ടിൽ പിന്നെയും ബാക്കിയുള്ള തുക എന്ത് ചെയ്യും?
7. ഏതെല്ലാം തരത്തിലുള്ള തെറ്റുകളാണ് ട്രയൽബാലൻസിൽ വ്യത്യാസം ഉണ്ടാകാൻ കാരണമാകുന്നത്? ട്രയൽ ബാലൻസിൽ കണ്ടെത്താൻ കഴിയാത്ത തെറ്റുകൾക്കുകൂടി ഉദാഹരണങ്ങൾ ലിസ്റ്റ് ചെയ്യുക.
8. ട്രയൽ ബാലൻസിന്റെ പരിമിതികൾ പ്രസ്താവിക്കുക.

### ദീർഘോത്തര ചോദ്യങ്ങൾ

1. ട്രയൽ ബാലൻസ് തയാറാക്കുന്നതിന്റെ ആവശ്യകത വിശദീകരിക്കുക.
2. താത്വികത്തെറ്റുകൾ എന്തെന്ന് വിശദീകരിച്ച് അതിന് രണ്ട് ഉദാഹരണങ്ങൾ നൽകി അവ തിരുത്താനുള്ള മാർഗങ്ങൾ വിശദീകരിക്കുക.
3. നിർവഹണത്തെറ്റുകൾ എന്തെന്ന് വിശദീകരിച്ച് അതിന് രണ്ട് ഉദാഹരണങ്ങൾ നൽകി അവ തിരുത്താനുള്ള മാർഗങ്ങൾ വിശദീകരിക്കുക.
4. ബിസിനസ് ഇടപാടുകൾ രേഖപ്പെടുത്തുമ്പോൾ സാധാരണയായി ഏതെല്ലാം തരത്തിലുള്ള തെറ്റുകളാണ് സംഭവിക്കുന്നത്?
5. ഒരു കമ്പനിയുടെ അക്കൗണ്ടന്റ് എന്ന നിലയിൽ, പുതിയ ട്രയൽ ബാലൻസിന്റെ ഇരുവശത്തെയും തുകകൾ തുല്യമാകാത്തത് മൂലം നിങ്ങൾ ആകെ നിരാശനാണ്. അതീവ ശ്രദ്ധയോടുകൂടി വിശകലനം ചെയ്തപ്പോൾ നിങ്ങൾക്ക് ഒരു തെറ്റ് മാത്രമേ കണ്ടെത്താൻ കഴിഞ്ഞുള്ളു. കൃത്യമായിപ്പറഞ്ഞാൽ ആഫീസ് ഉപകരണങ്ങളുടെ അക്കൗണ്ടിൽ 15,600 രൂപയുടെ ഡെബിറ്റ് ബാലൻസ് ട്രയൽ ബാലൻസിൽ ഉണ്ട്. പിന്നീട് നിങ്ങൾ കണ്ടെത്തിയത്, കടമായി വാങ്ങിയ 3,500 രൂപയുടെ ഒരു പെൻഡ്രൈവ് ശരിയായി രേഖപ്പെടുത്തിയത് ജേർണലിൽ നിന്ന് ലെഡ്ജറിലേക്ക്

പോസ്റ്റ് ചെയ്തപ്പോൾ 3,500 രൂപ ആഫീസ് ഉപകരണങ്ങളുടെ അക്കൗണ്ടിൽ ഡെബിറ്റ് ചെയ്യുകയും മറ്റൊരു 3,500 രൂപ പണം കൊടുക്കാനുള്ളവരുടെ (ക്രെഡിറ്റേഴ്സ്) അക്കൗണ്ടിൽ ഡെബിറ്റ് ചെയ്യുകയും ചെയ്തിരിക്കുന്നു. ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുകയും തെറ്റായി പ്രസ്താവിച്ച സംഖ്യകൾ ഉണ്ടെങ്കിൽ സൂചിപ്പിക്കുകയും ചെയ്യുക.

(a) ആഫീസ് ഉപകരണങ്ങളുടെ അക്കൗണ്ട് ബാലൻസ് ട്രയൽ ബാലൻസിൽ കൂടുതലായാണോ, കുറവായാണോ, ശരിയായാണോ രേഖപ്പെടുത്തിയിരിക്കുന്നത്?

(b) ക്രെഡിറ്റർമാരുടെ അക്കൗണ്ട് ബാലൻസ് ട്രയൽ ബാലൻസിൽ കൂടുതലായാണോ, കുറവായാണോ, ശരിയായാണോ രേഖപ്പെടുത്തിയിരിക്കുന്നത്?

(c) ട്രയൽ ബാലൻസിലെ ഡെബിറ്റ് കോളത്തിലെ ആകെത്തുക കൂടുതലായാണോ, കുറവായാണോ, ശരിയായാണോ രേഖപ്പെടുത്തിയിരിക്കുന്നത്?

(d) ട്രയൽ ബാലൻസിലെ ക്രെഡിറ്റ് കോളത്തിലെ ആകെത്തുക കൂടുതലായാണോ, കുറവായാണോ, ശരിയായാണോ രേഖപ്പെടുത്തിയിരിക്കുന്നത്?

(c) തെറ്റ് തിരുത്തുന്നതിന് മുൻപ് ട്രയൽ ബാലൻസിന്റെ ഡെബിറ്റ് കോളത്തിലെ തുക 2,40,000 ആണെങ്കിൽ ക്രെഡിറ്റ് കോളത്തിലെ തുക എത്രയായിരിക്കും?

**സാംഖിക ചോദ്യങ്ങൾ (Numerical Questions)**

1. താഴെ കൊടുത്തിരിക്കുന്ന തെറ്റുകൾ തിരുത്തുക.
   (i) മോഹനന് 7,000 രൂപയുടെ സാധനങ്ങൾ കടമായി വിൽപ്പന നടത്തിയത് രേഖപ്പെടുത്തിയിട്ടില്ല.
   (ii) ഹരിയിൽ നിന്ന് 9,000 രൂപയ്ക്ക് സാധനങ്ങൾ കടമായി വാങ്ങിയത് രേഖപ്പെടുത്തിയിട്ടില്ല.
   (iii) 4,000 രൂപയുടെ സാധനങ്ങൾ രാകേഷിന് തിരിച്ചയച്ചത് രേഖപ്പെടുത്തിയിട്ടില്ല.
   (iv) മഹേഷിൽ നിന്ന് 1,000 രൂപയുടെ സാധനങ്ങൾ തിരിച്ച് വന്നത് രേഖപ്പെടുത്തിയിട്ടില്ല.

2. താഴെക്കൊടുത്തിരിക്കുന്ന തെറ്റുകൾ തിരുത്തുക.
   (i) അനിലിന് 7,000 രൂപയുടെ സാധനങ്ങൾ കടമായി വിൽപ്പന നടത്തിയത് 700 രൂപ എന്ന് രേഖപ്പെടുത്തി.
   (ii) പ്രസാദിൽ നിന്ന് 9,000 രൂപയ്ക്ക് സാധനങ്ങൾ കടമായി വാങ്ങിയത് 900 രൂപ എന്ന് രേഖപ്പെടുത്തി.
   (iii) 4,000 രൂപയുടെ സാധനങ്ങൾ രാകേഷിന് തിരിച്ചയച്ചത് 400 രൂപ എന്ന് രേഖപ്പെടുത്തി.
   (iv) ജോണിൽ നിന്ന് 1,000 രൂപയുടെ സാധനങ്ങൾ തിരിച്ചുവന്നത് 100 രൂപ എന്ന് രേഖപ്പെടുത്തി.

3. താഴെക്കൊടുത്തിരിക്കുന്ന തെറ്റുകൾ തിരുത്തുക.

   (i) പ്രിയയ്ക്ക് 7,000 രൂപയുടെ സാധനങ്ങൾ കടമായി വിൽപ്പന നടത്തിയത് 7,200 രൂപ എന്ന് രേഖപ്പെടുത്തി.

   (ii) സ്മിതയിൽ നിന്ന് 9,000 രൂപയ്ക്ക് സാധനങ്ങൾ കടമായി വാങ്ങിയത് 9,900 രൂപ എന്ന് രേഖപ്പെടുത്തി.

   (iii) 4,000 രൂപയുടെ സാധനങ്ങൾ പ്രവീണയ്ക്ക് തിരിച്ചയച്ചത് 4,040 രൂപ എന്ന് രേഖപ്പെടുത്തി.

   (iv) ദീപയിൽ നിന്ന് 1,000 രൂപയുടെ സാധനങ്ങൾ തിരിച്ചു വന്നത് 1,600 രൂപ എന്ന് രേഖപ്പെടുത്തി.

4. താഴെക്കൊടുത്തിരിക്കുന്ന തെറ്റുകൾ തിരുത്തുക

   (a) ശമ്പളമായി നൽകിയ 5,000 രൂപ ജീവനക്കാരന്റെ വ്യക്തിഗത അക്കൗണ്ടിൽ ഡെബിറ്റ് ചെയ്തു.

   (b) വാടകയായി നൽകിയ 4,000 രൂപ ഉടമയുടെ വ്യക്തിഗത അക്കൗണ്ടിൽ പോസ്റ്റ് ചെയ്തു.

   (c) സ്വകാര്യ ആവശ്യത്തിനായി ഉടമസ്ഥൻ ഉപയോഗിച്ച 1,000 രൂപയുടെ സാധനങ്ങൾ പലവകച്ചെലവ് (സൻട്രി എക്സ്പെൻസ്) അക്കൗണ്ടിൽ ഡെബിറ്റ് ചെയ്തു.

   (d) അരുണിൽ നിന്ന് ലഭിച്ച 2,000 രൂപ അരുണിമയുടെ അക്കൗണ്ടിൽ പോസ്റ്റ് ചെയ്തു.

   (e) ബാബുവിന് നൽകിയ 1,500 രൂപ സാബുവിന്റെ അക്കൗണ്ടിൽ പോസ്റ്റ് ചെയ്തു.

5. താഴെക്കൊടുത്തിരിക്കുന്ന തെറ്റുകൾ തിരുത്തുക.

   (a) തോമസിന് 7,000 രൂപയുടെ സാധനങ്ങൾ കടമായി വിൽപ്പന നടത്തിയത് പർച്ചേയ്സ് ബുക്കിൽ രേഖപ്പെടുത്തി.

   (b) ജലീലിൽ നിന്ന് 9,000 രൂപയ്ക്ക് സാധനങ്ങൾ കടമായി വാങ്ങിയത് സെയിൽസ് ബുക്കിൽ രേഖപ്പെടുത്തി.

   (c) 4,000 രൂപയുടെ സാധനങ്ങൾ രാകേഷിന് തിരിച്ചയച്ചത് സെയിൽസ് റിട്ടേൺസ് ബുക്കിൽ രേഖപ്പെടുത്തി.

   (d) മഹേഷിൽ നിന്ന് 1,000 രൂപയുടെ സാധനങ്ങൾ തിരിച്ചു വന്നത് പർച്ചേയ്സ് റിട്ടേൺസ് ബുക്കിൽ രേഖപ്പെടുത്തി.

   (e) വിനീഷിൽ നിന്നും 2,000 രൂപയുടെ സാധനങ്ങൾ തിരിച്ചു വന്നത് പർച്ചേയ്സ് ബുക്കിൽ രേഖപ്പെടുത്തി.

6. താഴെക്കൊടുത്തിരിക്കുന്ന തെറ്റുകൾ തിരുത്തുക.
   (a) സെയിൽസ്ബുക്കിന്റെ ആകെത്തുക കണക്കാക്കിയപ്പോൾ 700 രൂപ കൂടിപ്പോയി.
   (b) പർച്ചേസ്ബുക്കിന്റെ ആകെത്തുക കണക്കാക്കിയപ്പോൾ 500 രൂപ കൂടിപ്പോയി.
   (c) സെയിൽസ് റിട്ടേൺസ് ബുക്കിന്റെ ആകെത്തുക കണക്കാക്കിയപ്പോൾ 300 രൂപ കൂടിപ്പോയി.
   (d) പർച്ചേയ്സ് റിട്ടേൺസ് ബുക്കിന്റെ ആകെത്തുക കണക്കാക്കിയപ്പോൾ 200 രൂപ കൂടിപ്പോയി.
7. താഴെക്കൊടുത്തിരിക്കുന്ന തെറ്റുകൾ തിരുത്തുക
   (a) സെയിൽസ് ബുക്കിന്റെ ആകെത്തുക കണക്കാക്കിയപ്പോൾ 300 രൂപ കുറഞ്ഞുപോയി.
   (b) പർച്ചേസ് ബുക്കിന്റെ ആകെത്തുക കണക്കാക്കിയപ്പോൾ 400 രൂപ കുറഞ്ഞുപോയി.
   (c) സെയിൽസ് റിട്ടേൺസ്ബുക്കിന്റെ ആകെത്തുക കണക്കാക്കിയപ്പോൾ 200 രൂപ കുറഞ്ഞുപോയി.
   (d) പർച്ചേസ് റിട്ടേൺസ് ബുക്കിന്റെ ആകെത്തുക കണക്കാക്കിയപ്പോൾ 100 രൂപ കുറഞ്ഞുപോയി.
8. താഴെക്കൊടുത്തിരിക്കുന്ന തെറ്റുകൾ തിരുത്തി സസ്പെൻസ് അക്കൗണ്ട് തയാറാക്കി ട്രയൽബാലൻസിലെ ഇരുവശങ്ങളും തമ്മിലുള്ള വ്യത്യാസം കണ്ടെത്തുക.
   (a) മോഹനന് 7,000 രൂപയുടെ സാധനങ്ങൾ കടമായി വിൽപ്പന നടത്തിയത് പോസ്റ്റ് ചെയ്തിട്ടില്ല.
   (b) രോഹനിൽ നിന്ന് 9,000 രൂപയ്ക്ക് സാധനങ്ങൾ കടമായി വാങ്ങിയത് പോസ്റ്റ് ചെയ്തിട്ടില്ല.
   (c) 4,000 രൂപയുടെ സാധനങ്ങൾ രാകേഷിന് തിരിച്ചയച്ചത് പോസ്റ്റ് ചെയ്തിട്ടില്ല.
   (d) മഹേഷിൽ നിന്ന് 1,000 രൂപയുടെ സാധനങ്ങൾ തിരിച്ചു വന്നത് പോസ്റ്റ് ചെയ്തിട്ടില്ല.
   (e) ഗണേഷിന് നൽകിയ 3,000 രൂപ പോസ്റ്റ് ചെയ്തിട്ടില്ല.
   (f) 2,000 രൂപയ്ക്ക് സാധനങ്ങൾ വിറ്റത് പോസ്റ്റ് ചെയ്തിട്ടില്ല.

   (ഉത്തരം: ട്രയൽ ബാലൻസിൽ ക്രെഡിറ്റ് വശത്ത് 2,000 രൂപ കൂടുതൽ)

9. താഴെക്കൊടുത്തിരിക്കുന്ന തെറ്റുകൾ തിരുത്തി സസ്പെൻസ് അക്കൗണ്ട് തയാറാക്കി ട്രയൽ ബാലൻസിലെ ഇരുവശങ്ങളും തമ്മിലുള്ള വ്യത്യാസം കണ്ടെത്തുക.

(*a*) മോഹനന് 7,000 രൂപയുടെ സാധനങ്ങൾ കടമായി വിൽപ്പന നടത്തിയത് 9,000 രൂപ എന്ന് പോസ്റ്റ് ചെയ്തു.

(*b*) രോഹനിൽ നിന്ന് 9, 000 രൂപയ്ക്ക് സാധനങ്ങൾ കടമായി വാങ്ങിയത് 6,000 എന്ന് പോസ്റ്റ് ചെയ്തു.

(*c*) 4,000 രൂപയുടെ സാധനങ്ങൾ രാകേഷിന് തിരിച്ചയച്ചത് 5,000 എന്ന് പോസ്റ്റ് ചെയ്തു.

(*d*) മഹേഷിൽ നിന്ന് 1,000 രൂപയുടെ സാധനങ്ങൾ തിരിച്ചു വന്നത് 3,000 എന്ന് പോസ്റ്റ് ചെയ്തു.

(*e*) 2,000 രൂപയ്ക്ക് സാധനങ്ങൾ വിറ്റത് 200 രൂപ എന്ന് പോസ്റ്റ് ചെയ്തു.

(ഉത്തരം: ട്രയൽ ബാലൻസിൽ ഡെബിറ്റ് വശത്ത് 5,800 രൂപ കൂടുതൽ)

10. താഴെക്കൊടുത്തിരിക്കുന്ന തെറ്റുകൾ തിരുത്തുക

(a) മോഹനന് 7,000 രൂപയുടെ സാധനങ്ങൾ കടമായി വിൽപ്പന നടത്തിയത് കരണിന്റെ അക്കൗണ്ടിൽ പോസ്റ്റ് ചെയ്തു.

(b) രോഹനിൽ നിന്ന് 9,000 രൂപയ്ക്ക് സാധനങ്ങൾ കടമായി വാങ്ങിയത് ഗോവിന്ദിന്റെ അക്കൗണ്ടിൽ പോസ്റ്റ് ചെയ്തു.

(c) 4,000 രൂപയുടെ സാധനങ്ങൾ രാകേഷിന് തിരിച്ചയച്ചത് നരേഷിന്റെ അക്കൗണ്ടിൽ പോസ്റ്റ് ചെയ്തു.

(d) മഹേഷിൽ നിന്ന് 1,000 രൂപയുടെ സാധനങ്ങൾ തിരിച്ചുവന്നത് മനീഷിന്റെ അക്കൗണ്ടിൽ പോസ്റ്റ് ചെയ്തു.

(e) 2,000 രൂപയ്ക്ക് സാധനങ്ങൾ വിറ്റത് കമ്മീഷൻ അക്കൗണ്ടിൽ പോസ്റ്റ് ചെയ്തു.

11. സസ്പെൻസ് അക്കൗണ്ട് തയാറാക്കിയിട്ടുണ്ട് എന്ന ധാരണയിൽ, താഴെ കൊടുത്തിരിക്കുന്ന തെറ്റുകൾ തിരുത്തി ട്രയൽബാലൻസിന്റെ ഇരുവശങ്ങളും തമ്മിലുള്ള വ്യത്യാസം കണ്ടുപിടിക്കുക.

(*a*) മോഹനന് 7,000 രൂപയുടെ സാധനങ്ങൾ കടമായി വിൽപ്പന നടത്തിയത് അദ്ദേഹത്തിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് വശത്ത് പോസ്റ്റ് ചെയ്തു.

(b) രോഹനിൽ നിന്ന് 9,000 രൂപയ്ക്ക് കടമായി സാധനങ്ങൾ വാങ്ങിയത് അദ്ദേഹത്തിന്റെ അക്കൗണ്ടിൽ 6,000 രൂപ എന്ന് ഡെബിറ്റ് വശത്ത് പോസ്റ്റ് ചെയ്തു.

(*c*) 4,000 രൂപയുടെ സാധനങ്ങൾ രാകേഷിന് തിരിച്ചയച്ചത് അദ്ദേഹത്തിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് വശത്ത് പോസ്റ്റ് ചെയ്തു.

(*d*) മഹേഷിൽ നിന്ന് 1,000 രൂപയുടെ സാധനങ്ങൾ തിരിച്ചു വന്നത് അദ്ദേഹത്തിന്റെ അക്കൗണ്ടിൽ 2,000 രൂപ എന്ന് ഡെബിറ്റ് വശത്ത് പോസ്റ്റ് ചെയ്തു.

(*e*) 2,000 രൂപയ്ക്ക് സാധനങ്ങൾ വിറ്റത് സെയിൽസ് അക്കൗണ്ടിന്റെ ഡെബിറ്റ് വശത്ത് 5,000 രൂപ എന്ന് പോസ്റ്റ് ചെയ്തു.

(ഉത്തരം: ട്രയൽ ബാലൻസിൽ ഡെബിറ്റ് വശത്ത് 3,000 രൂപ കൂടുതൽ)

12. സസ്പെൻസ് അക്കൗണ്ട് തയാറാക്കിയിട്ടുണ്ട് എന്ന ധാരണയിൽ, താഴെ കൊടുത്തിരിക്കുന്ന തെറ്റുകൾ തിരുത്തി ട്രയൽ ബാലൻസിന്റെ ഇരുവശങ്ങളും തമ്മിലുള്ള വ്യത്യാസം കണ്ടുപിടിക്കുക.

(a) മോഹനന് 7,000 രൂപയുടെ സാധനങ്ങൾ കടമായി വിൽപ്പന നടത്തിയത് കരണിന്റെ അക്കൗണ്ടിൽ 5,000 രൂപ എന്ന് പോസ്റ്റ് ചെയ്തു.

(b) രോഹനിൽ നിന്ന് 9,000 രൂപയ്ക്ക് സാധനങ്ങൾ കടമായി വാങ്ങിയത് ഗോവിന്ദിന്റെ അക്കൗണ്ടിൽ ഡെബിറ്റ് വശത്ത് 10,000 രൂപ എന്ന് പോസ്റ്റ് ചെയ്തു.

(c) 4,000 രൂപയുടെ സാധനങ്ങൾ രാകേഷിന് തിരിച്ചയച്ചത് നരേഷിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് വശത്ത് 3,000 രൂപ എന്ന് പോസ്റ്റ് ചെയ്തു.

(d) മഹേഷിൽ നിന്നും 1,000 രൂപയുടെ സാധനങ്ങൾ തിരിച്ചു വന്നത് മനീഷിന്റെ അക്കൗണ്ടിൽ 2,000 രൂപ എന്ന് ഡെബിറ്റ് വശത്ത് പോസ്റ്റ് ചെയ്തു.

(e) 2,000 രൂപയ്ക്ക് സാധനങ്ങൾ വിറ്റത് കമ്മീഷൻ അക്കൗണ്ടിൽ 200 രൂപ എന്ന് പോസ്റ്റ് ചെയ്തു.

(ഉത്തരം: ട്രയൽ ബാലൻസിൽ ഡെബിറ്റ് വശത്ത് 14,800 രൂപ കൂടുതൽ)

13. സസ്പെൻസ് അക്കൗണ്ട് തയാറാക്കിയിട്ടുണ്ട് എന്ന ധാരണയിൽ, താഴെ കൊടുത്തിരിക്കുന്ന തെറ്റുകൾ തിരുത്തി ട്രയൽ ബാലൻസിന്റെ ഇരുവശങ്ങളും തമ്മിലുള്ള വ്യത്യാസം കണ്ടുപിടിക്കുക.

(a) മോഹനന് 7,000 രൂപയുടെ സാധനങ്ങൾ കടമായി വിൽപ്പന നടത്തിയത് പർച്ചേസ് ബുക്കിൽ രേഖപ്പെടുത്തി. എന്നാൽ മോഹനന്റെ അക്കൗണ്ടിൽ കൃത്യമായി ഡെബിറ്റ് ചെയ്തു.

(b) രോഹനിൽ നിന്ന് 9,000 രൂപയ്ക്ക് സാധനങ്ങൾ കടമായി വാങ്ങിയത് സെയിൽസ് ബുക്കിൽ രേഖപ്പെടുത്തി. എന്നാൽ രോഹന്റെ അക്കൗണ്ടിൽ കൃത്യമായി ക്രെഡിറ്റ് ചെയ്തു.

(c) 4,000 രൂപയുടെ സാധനങ്ങൾ രാകേഷിന് തിരിച്ചയച്ചത് സെയിൽസ് റിട്ടേൺസ് ബുക്കിൽ രേഖപ്പെടുത്തി. എന്നാൽ രാകേഷിന്റെ അക്കൗണ്ടിൽ കൃത്യമായി ഡെബിറ്റ് ചെയ്തു.

(d) മഹേഷിൽ നിന്ന് 1,000 രൂപയുടെ സാധനങ്ങൾ തിരിച്ചുവന്നത് പർച്ചേസ് റിട്ടേൺസ് ബുക്കിൽ രേഖപ്പെടുത്തി. എന്നാൽ മഹേഷിന്റെ അക്കൗണ്ടിൽ കൃത്യമായി ക്രെഡിറ്റ് ചെയ്തു.

(e) 2,000 രൂപയുടെ സാധനങ്ങൾ നരേഷിന് തിരിച്ചയച്ചത് പർച്ചേസ്ബുക്കിൽ രേഖപ്പെടുത്തി. എന്നാൽ നരേഷിന്റെ അക്കൗണ്ടിൽ കൃത്യമായി ഡെബിറ്റ് ചെയ്തു.

(ഉത്തരം: ട്രയൽ ബാലൻസിൽ ഡെബിറ്റ് വശത്ത് 6,000 രൂപ കൂടുതൽ)

14. താഴെക്കൊടുത്തിരിക്കുന്ന തെറ്റുകൾ തിരുത്തുക

(a) 10,000 രൂപയുടെ ഫർണിച്ചർ വാങ്ങിയത് പർച്ചേയ്സ് അക്കൗണ്ടിൽ തെറ്റായി ഡെബിറ്റ് ചെയ്തു.

(b) 20,000 രൂപയ്ക്ക് രാമന്റെകൈയിൽ നിന്ന് കടമായി യന്ത്രസാമഗ്രികൾ വാങ്ങിയത് പർച്ചേയ്സ് ബുക്കിൽ രേഖപ്പെടുത്തി.

(c) യന്ത്രസാമഗ്രികളുടെ കേടുപാടുകൾ തീർക്കുന്നതിന് ചെലവായ 1,400 രൂപ മെഷിനറി അക്കൗണ്ടിൽ ഡെബിറ്റ് ചെയ്തു.

(d) ഉപയോഗിച്ച യന്ത്രസാമഗ്രികൾ വാങ്ങി നവീകരിച്ചതിന് ചെലവായ 2,000 രൂപ റിപ്പയേഴ്സ് അക്കൗണ്ടിൽ ഡെബിറ്റ് ചെയ്തു.

(e) പുസ്തകത്തിൽ 3,000 രൂപ വിലയുണ്ടായിരുന്ന പഴയ യന്ത്രസാമഗ്രികൾ അതേ വിലയ്ക്ക് വിറ്റപ്പോൾ കിട്ടിയ തുക സെയിൽസ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു.

15. സസ്പെൻസ് അക്കൗണ്ട് തയാറാക്കിയിട്ടുണ്ട് എന്ന ധാരണയിൽ, താഴെ കൊടുത്തിരിക്കുന്ന തെറ്റുകൾ തിരുത്തി ട്രയൽബാലൻസിന്റെ ഇരുവശങ്ങളും തമ്മിലുള്ള വ്യത്യാസം കണ്ടുപിടിക്കുക.

(a) 10,000 രൂപയ്ക്ക് ഫർണിച്ചർ വാങ്ങിയത് തെറ്റായി പർച്ചേയ്സ് അക്കൗണ്ടിൽ 4,000 രൂപ എന്ന് ഡെബിറ്റ് ചെയ്തു.

(b) 20,000 രൂപയ്ക്ക് രാമനിൽ നിന്ന് കടമായി യന്ത്രസാമഗ്രികൾ വാങ്ങിയത് പർച്ചേയ്സ് ബുക്കിൽ 6,000 രൂപ എന്ന് രേഖപ്പെടുത്തി.

(c) യന്ത്രസാമഗ്രികളുടെ കേടുപാടുകൾ തീർക്കുന്നതിന് ചെലവായ 1,400 രൂപ മെഷിനറി അക്കൗണ്ടിൽ 2,400 രൂപ എന്ന് ഡെബിറ്റ് ചെയ്തു.

(d) ഉപയോഗിച്ച യന്ത്രസാമഗ്രികൾ വാങ്ങി നവീകരിച്ചതിന് ചെലവായ 2,000 രൂപ റിപ്പയേഴ്സ് അക്കൗണ്ടിൽ 200 രൂപ എന്ന് ഡെബിറ്റ് ചെയ്തു.

(e) പുസ്തകത്തിൽ 3,000 രൂപ വിലയുണ്ടായിരുന്ന പഴയ യന്ത്രസാമഗ്രികൾ അതേ വിലയ്ക്ക് വിറ്റപ്പോൾ കിട്ടിയ തുക സെയിൽസ് അക്കൗണ്ടിൽ 5,000 രൂപ എന്ന് ക്രെഡിറ്റ് ചെയ്തു.

(ഉത്തരം: ട്രയൽ ബാലൻസിൽ ക്രെഡിറ്റ് വശത്ത് 8,800 രൂപ കൂടുതൽ)

16. താഴെക്കൊടുത്തിരിക്കുന്ന തെറ്റുകൾ തിരുത്തുക

(a) യന്ത്രസാമാഗ്രികളുടെ മൂല്യക്ഷയം 4,000 രൂപ പോസ്റ്റ് ചെയ്തിട്ടില്ല

(b) 5,000 രൂപ കിട്ടാക്കടം എഴുതിത്തള്ളിയത് പോസ്റ്റ് ചെയ്തിട്ടില്ല.

(c) ഒരു കടക്കാരനിൽ (ഡെബ്റ്റർ) നിന്ന് പണം കിട്ടിയപ്പോൾ അനുവദിച്ച 100 രൂപ ഡിസ്ക്കൗണ്ട് പോസ്റ്റ് ചെയ്തിട്ടില്ല.

(d) ഒരു കടക്കാരനിൽ (ഡെബ്റ്റർ) നിന്ന് പണം കിട്ടിയപ്പോൾ അനുവദിച്ച 100 രൂപ കിഴിവ് ഡിസ്ക്കൗണ്ട് അക്കൗണ്ടിൽ പോസ്റ്റ് ചെയ്തിട്ടില്ല.

(e) ഒരു കടക്കാരനിൽ (ഡെബ്റ്റർ) നിന്ന് കിട്ടിയ2,000 രൂപയുടെ പണം കിട്ടാനുള്ള ബില്ല് (ബിൽസ് റിസീവബിൾ)പോസ്റ്റ് ചെയ്തിട്ടില്ല.

17. താഴെക്കൊടുത്തിരിക്കുന്ന തെറ്റുകൾ തിരുത്തുക

(a) യന്ത്രസാമാഗ്രികളുടെ മൂല്യക്ഷയം 4,000 രൂപ എന്നത്, 400 രൂപ എന്ന് പോസ്റ്റ് ചെയ്തു.

(b) 5,000 രൂപ കിട്ടാക്കടം എഴുതിത്തള്ളിയത് 6,000 രൂപ എന്ന് പോസ്റ്റ് ചെയ്തു.

(c) ഒരു കടക്കാരനിൽ (ഡെബ്റ്റർ) നിന്ന് പണം കിട്ടിയപ്പോൾ അനുവദിച്ച 100 രൂപ ഡിസ്ക്കൗണ്ട് 60 രൂപ എന്ന് പോസ്റ്റ് ചെയ്തു.

(d) സ്വന്തം ആവശ്യത്തിനായി ഉടമസ്ഥൻ 800 രൂപയുടെ സാധനങ്ങൾ എടുത്തത് 300 രൂപ എന്ന് പോസ്റ്റ് ചെയ്തു.

(e) ഒരു കടക്കാരനിൽ (ഡെബ്റ്റർ) നിന്ന് കിട്ടിയ 2,000 രൂപയുടെ പണം കിട്ടാനുള്ള ബില്ല് (ബിൽസ് റിസീവബിൾ) 3,000 രൂപ എന്ന് പോസ്റ്റ് ചെയ്തു.

18. സസ്പെൻസ് അക്കൗണ്ട് തയാറാക്കിയിട്ടുണ്ട് എന്ന ധാരണയിൽ, താഴെ കൊടുത്തിരിക്കുന്ന തെറ്റുകൾ തിരുത്തി ട്രയൽ ബാലൻസിന്റെ ഇരുവശങ്ങളും തമ്മിലുള്ള വ്യത്യാസം കണ്ടുപിടിക്കുക.

(a) യന്ത്രസാമാഗ്രികളുടെ മൂല്യക്ഷയം 4,000 രൂപ ഡിപ്രീസിയേഷൻ അക്കൗണ്ടിൽ പോസ്റ്റ് ചെയ്തിട്ടില്ല.

(b) 5,000 രൂപ കിട്ടാക്കടം എഴുതിത്തള്ളിയത് ഡെബ്റ്റേഴ്സ് അക്കൗണ്ടിൽ പോസ്റ്റ് ചെയ്തിട്ടില്ല.

(c) ഒരു കടക്കാരനിൽ (ഡെബ്റ്റർ) നിന്ന് പണം കിട്ടിയപ്പോൾ അനുവദിച്ച 100 രൂപ കിഴിവ് ഡിസ്ക്കൗണ്ട് അലോട്ട് അക്കൗണ്ടിൽ പോസ്റ്റ് ചെയ്തിട്ടില്ല.

(d) സ്വന്തം ആവശ്യത്തിനായി ഉടമസ്ഥൻ 800 രൂപയുടെ സാധനങ്ങൾ എടുത്തത് ഡ്രോയിംഗ്സ് അക്കൗണ്ടിൽ പോസ്റ്റ് ചെയ്തിട്ടില്ല.

(e) ഒരു കടക്കാരനിൽ നിന്ന് ലഭിച്ച 2,000 രൂപയുടെ പണം കിട്ടാനുള്ള ബില്ല്, (ബിൽസ് റിസീവബിൾ) അക്കൗണ്ടിൽ പോസ്റ്റ് ചെയ്തിട്ടില്ല.

(ഉത്തരം: ട്രയൽ ബാലൻസിൽ ക്രെഡിറ്റ് വശത്ത് 1,900 രൂപ കൂടുതൽ)

19. അഞ്ജുവിന്റെ ട്രയൽ ബാലൻസിന്റെ ഇരുവശങ്ങളും തുല്യമാകുന്നില്ല. ഇതിൽ ക്രെഡിറ്റ്വശത്ത് 6,000 രൂപ കൂടുതൽ കാണിക്കുന്നു. അവൾ ആ വ്യത്യാസം സസ്പെൻസ് അക്കൗണ്ടിൽ രേഖപ്പെടുത്തി. പിന്നീട് താഴെ കൊടുത്തിരിക്കുന്ന തെറ്റുകൾ അവൾ കണ്ടെത്തി.

(a) രവിയുടെ കൈയിൽ നിന്ന് കിട്ടിയ 8,000 രൂപ. അദ്ദേഹത്തിന്റെ അക്കൗണ്ടിൽ 6,000 രൂപ എന്ന് പോസ്റ്റ് ചെയ്തു.

(b) സെയിൽസ് റിട്ടേൺസ് ബുക്കിന്റെ ആകെത്തുക കണ്ടതിൽ 1,000 രൂപ കൂടുതലായിപ്പോയി

(c) സെയിൽസ് ബുക്കിന്റെ ആകെത്തുക 10,000 രൂപ സെയിൽസ് അക്കൗണ്ടിൽ പോസ്റ്റ് ചെയ്യാൻ വിട്ടുപോയി.

(d) റസാക്കിൽ നിന്ന് കടമായി 7,000 രൂപയ്ക്ക് സാധനങ്ങൾ വാങ്ങിയത് സെയിൽസ് ബുക്കിലാണ് രേഖപ്പെടുത്തിയത്. പക്ഷെ റസാക്കിന്റെ അക്കൗണ്ടിൽ കൃത്യമായി ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

(e) 10,000 രൂപയ്ക്ക് യന്ത്രസാമഗ്രികൾ വാങ്ങിയത് പർച്ചേയ്സ് അക്കൗണ്ടിൽ 5,000 രൂപ എന്ന് പോസ്റ്റ് ചെയ്തു.

തെറ്റുകൾ തിരുത്തി സസ്പെൻസ് അക്കൗണ്ട് തയാറാക്കുക.

(ഉത്തരം: സസ്പെൻസ് അക്കൗണ്ടിന്റെ ആകെത്തുക 19,000 രൂപ)

20. രാജുവിന്റെ ട്രയൽബാലൻസിൽ ഡെബിറ്റ് വശത്ത് 10,000 രൂപ അധികം കാണിക്കുന്നു. അദ്ദേഹം ആ വ്യത്യാസം സസ്പെൻസ് അക്കൗണ്ടിൽ രേഖപ്പെടുത്തുകയും, പിന്നീട് താഴെക്കൊടുത്തിരിക്കുന്ന തെറ്റുകൾ കണ്ടെത്തുകയും ചെയ്തു.

(a) ഫർണിച്ചറിലെ മൂല്യക്ഷയം 6,000 രൂപ എഴുതിത്തള്ളിയത് ഫർണിച്ചർ അക്കൗണ്ടിൽ പോസ്റ്റ് ചെയ്തിട്ടില്ല.

(b) വിനീതയ്ക്ക് 10,000 രൂപയുടെ സാധനങ്ങൾ കടമായി വിറ്റത് 7,000 രൂപ എന്നാണ് രേഖപ്പെടുത്തിയത്.

(c) പർച്ചേയ്സ് ബുക്കിന്റെ ആകെത്തുക കണ്ടതിൽ 2,000 രൂപയുടെ കുറവുണ്ട്.

(d) റാണിക്ക് 5,000 രൂപയുടെ സാധനങ്ങൾ പണത്തിന് വിറ്റത് പോസ്റ്റ് ചെയ്തിട്ടില്ല.

(e) പഴയ യന്ത്രസാമഗ്രികൾ 7,000 രൂപയ്ക്ക് വിറ്റത് സെയിൽസ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു.

(f) കണ്ണന് പണം നൽകുമ്പോൾ കിട്ടിയ ഡിസ്ക്കൗണ്ട് 800 രൂപ പോസ്റ്റ് ചെയ്തിട്ടില്ല. തെറ്റുകൾ തിരുത്തി സസ്പെൻസ് അക്കൗണ്ട് തയാറാക്കുക.

(ഉത്തരം: സസ്പെൻസ് അക്കൗണ്ടിൽ ക്രെഡിറ്റ് ബാലൻസ് 1,000 രൂപ)

21. മദനന്റെ ട്രയൽബാലൻസിന്റെ ഇരുവശങ്ങളും തുല്യമാകുന്നില്ല. വ്യത്യാസം അദ്ദേഹം സസ്പെൻസ് അക്കൗണ്ടിൽ രേഖപ്പെടുത്തി. പിന്നീട് താഴെ കൊടുത്തിരിക്കുന്ന തെറ്റുകൾ അദ്ദേഹം കണ്ടെത്തി.

(a) സെയിൽസ് റിട്ടേൺസ് ബുക്കിന്റെ ആകെത്തുക കണ്ടത് 800 രൂപ കൂടുതലാണ്

(b) സാബുവിൽ നിന്ന് വാങ്ങിയതിൽ 2,000 രൂപയുടെ സാധനങ്ങൾ തിരിച്ചു നൽകിയത് പോസ്റ്റ് ചെയ്തിട്ടില്ല.

(c) നാരായണിയിൽ നിന്ന് കടമായി വാങ്ങിയ 4,000 രൂപയുടെ സാധനങ്ങൾ സ്റ്റോക്കിൽ വരവ് വച്ചുവെങ്കിലും ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

(d) പുതിയ യന്ത്രസാമഗ്രികൾ വാങ്ങിയത് സ്ഥാപിക്കുന്നതിന് ചെലവായ 500 രൂപ സൺട്രി എക്പെൻസസ് അക്കൗണ്ടിൽ 50 രൂപ എന്ന് ഡെബിറ്റ് ചെയ്തു.

(e) ഉടമസ്ഥയായ ദീപയുടെ താമസത്തിനായി വാടകയിനത്തിൽ നൽകിയ 1,400 രൂപ റെന്റ് അക്കൗണ്ടിൽ 1,000 രൂപ എന്ന് ഡെബിറ്റ് ചെയ്തു.

തെറ്റുകൾ തിരുത്തുകയും സസ്പെൻസ് അക്കൗണ്ട് തയാറാക്കി ട്രയൽ ബാലൻസിലെ വ്യത്യാസം കണ്ടെത്തുകയും ചെയ്യുക.

(ഉത്തരം: ട്രയൽബാലൻസിലെ വ്യത്യാസം 2,050 രൂപ ക്രെഡിറ്റ് കൂടുതൽ)

22. ഗോപാലന്റെ ട്രയൽബാലൻസിൽ ഡെബിറ്റ് വശത്ത് 16,300 രൂപ അധികമായി കണ്ടു. അദ്ദേഹം ആ വ്യത്യാസം സസ്പെൻസ് അക്കൗണ്ടിൽ രേഖപ്പെടുത്തുകയും താഴെ കൊടുത്തിരിക്കുന്ന തെറ്റുകൾ കണ്ടെത്തുകയും ചെയ്തു.

(a) രഞ്ജിത്തിന്റെ കൈയിൽ നിന്ന് ലഭിച്ച 5,000 രൂപ അജിത്തിന്റെ അക്കൗണ്ടിൽ 6,000 രൂപ എന്ന് ഡെബിറ്റ് ചെയ്തു.

(b) ഒരു ജീവനക്കാരന് വേതനമായി നൽകിയ 2,000 രൂപ അദ്ദേഹത്തിന്റെ വ്യക്തിഗത അക്കൗണ്ടിൽ 1,200 രൂപ എന്ന് ഡെബിറ്റ് ചെയ്തു.

(c) ഉടമസ്ഥൻ സ്വന്തം ആവശ്യത്തിന് എടുത്ത 1,000 രൂപയുടെ ഉൽപ്പന്നങ്ങൾ സെയിൽസ് അക്കൗണ്ടിൽ 1,600 രൂപ എന്ന് ക്രെഡിറ്റ് ചെയ്തു.

(d) യന്ത്രസാമാഗ്രികളിൽ ചുമത്തിയ മൂല്യക്ഷയം 3,000 രൂപ മെഷിനറി അക്കൗണ്ടിൽ 300 രൂപ എന്ന് പോസ്റ്റ് ചെയ്തു.

(e) ഒരു പഴയ കാർ 10,000 രൂപയ്ക്ക് വിറ്റത് സെയിൽസ് അക്കൗണ്ടിൽ 6,000 രൂപ എന്ന് ക്രെഡിറ്റ് ചെയ്തു. തെറ്റുകൾ തിരുത്തി സസ്പെൻസ് അക്കൗണ്ട് തയാറാക്കുക.

(ഉത്തരം: സസ്പെൻസ് അക്കൗണ്ടിന്റെ ആകെത്തുക 17,700 രൂപ)

23. സസ്പെൻസ് അക്കൗണ്ട് തയാറാക്കിയിട്ടുണ്ട് എന്ന ധാരണയിൽ താഴെ കൊടുത്തിരിക്കുന്ന തെറ്റുകൾ തിരുത്തുന്നതിനുള്ള ജേർണൽ എൻട്രികൾ എഴുതുക.

(a) 5,000 രൂപയുടെ സാധനങ്ങൾ സൗജന്യ സാമ്പിളുകളായി നൽകിയത് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

(b) ഉടമസ്ഥൻ സ്വന്തം ആവശ്യത്തിന് 2,000 രൂപയുടെ സാധനങ്ങൾ എടുത്തത് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

(c) ഒരു കടക്കാരനിൽ (ഡെബ്റ്റർ) നിന്ന് ലഭിച്ച 6,000 രൂപയുടെ ബിൽസ് റിസീവബിൾ അദ്ദേഹത്തിന്റെ അക്കൗണ്ടിൽ പോസ്റ്റ് ചെയ്തിട്ടില്ല.

(d) സെയിൽസ് റിട്ടേൺസ് ബുക്കിന്റെ ആകെത്തുക 1,200 രൂപ പർച്ചേയ്സ് റിട്ടേൺസ് അക്കൗണ്ടിൽ പോസ്റ്റ് ചെയ്തു.

(e) റീമയിൽ നിന്ന് ലഭിക്കാനുള്ള പണം കിട്ടിയപ്പോൾ അനുവദിച്ച 700 രൂപ കിഴിവ് ബുക്കിൽ രേഖപ്പെടുത്തിയത് 70 രൂപ എന്നാണ്.

(ഉത്തരം: ട്രയൽ ബാലൻസിലെ വ്യത്യാസം 3,600 രൂപ ഡെബിറ്റ് കൂടുതൽ)

24. ഖാദറിന്റെ ട്രയൽ ബാലൻസിന്റെ ഇരുവശങ്ങളും തുല്യമാകുന്നില്ല. വ്യത്യാസം അദ്ദേഹം സസ്പെൻസ് അക്കൗണ്ടിൽ രേഖപ്പെടുത്തി. പിന്നീട് താഴെ കൊടുത്തിരിക്കുന്ന തെറ്റുകൾ അദ്ദേഹം കണ്ടെത്തി.

(a) അനസിന് 16,000 രൂപയുടെ സാധനങ്ങൾ കടത്തിന് വിറ്റത് പർച്ചേയ്സ് ബുക്കിൽ 10,000 രൂപ എന്ന് രേഖപ്പെടുത്തുകയും അനസിന്റെ അക്കൗണ്ടിൽ ഡെബിറ്റ് വശത്ത് 1,000 രൂപ എന്ന് പോസ്റ്റ് ചെയ്യുകയും ചെയ്തു.

(b) റഹീമിന്റെ കൈയിൽ നിന്ന് 6,000 രൂപയുടെ ഫർണിച്ചർ വാങ്ങിയത് പർച്ചേയ്സ് ബുക്കിൽ 5,000 രൂപ എന്ന് രേഖപ്പെടുത്തുകയും റഹീമിന്റെ അക്കൗണ്ടിൽ ഡെബിറ്റ് വശത്ത് 2,000 രൂപ എന്ന് പോസ്റ്റ് ചെയ്യുകയും ചെയ്തു.

(c) റാമിന് 3,000 രൂപയുടെ സാധനങ്ങൾ തിരിച്ചുനൽകിയത് സെയിൽസ് ബുക്കിൽ 1,000 രൂപ എന്ന് രേഖപ്പെടുത്തി.

(d) പഴയ യന്ത്രസാമഗ്രികൾ 2,000 രൂപയ്ക്ക് മനീഷിന് വിറ്റത് സെയിൽസ് ബുക്കിൽ 1,800 രൂപ എന്ന് രേഖപ്പെടുത്തുകയും മനീഷിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് വശത്ത് 1,200 രൂപ എന്ന് പോസ്റ്റ് ചെയ്യുകയും ചെയ്തു.

(e) സെയിൽസ് റിട്ടേൺസ്ബുക്കിലെ ആകെത്തുക 2,800 രൂപ പർച്ചേയ്സ് അക്കൗണ്ടിൽ പോസ്റ്റ് ചെയ്തു.

തെറ്റുകൾ തിരുത്തി സസ്പെൻസ് അക്കൗണ്ട് തയാറാക്കി ട്രയൽ ബാലൻസിലെ വ്യത്യാസം കണ്ടുപിടിക്കുക.

(ഉത്തരം: ട്രയൽ ബാലൻസിലെ വ്യത്യാസം 15,000 രൂപ ഡെബിറ്റ് കൂടുതൽ)

25. ജോണിന്റെ ട്രയൽ ബാലൻസിന്റെ ഇരുവശങ്ങളും തുല്യമാകുന്നില്ല. വ്യത്യാസം അദ്ദേഹം സസ്പെൻസ് അക്കൗണ്ടിൽ രേഖപ്പെടുത്തി. പിന്നീട് താഴെ കൊടുത്തിരിക്കുന്ന തെറ്റുകൾ കണ്ടെത്തി.

(a) ജനുവരി മാസത്തിൽ സെയിൽസ്ബുക്കിലെ രണ്ടാമത്തെ പേജിലെ തുക 1,200 രൂപ മൂന്നാമത്തെ പേജിലേക്ക് എടുത്തെഴുതിയത് 1,000 രൂപ എന്നും, ആറാമത്തെ പേജിലെ തുക 5,000 രൂപ ഏഴാമത്തെ പേജിലേക്ക് എടുത്തെഴുതിയത് 5,600 രൂപ എന്നും ആയിപ്പോയി.

(b) യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിന് നൽകിയ വേതനം 500 രൂപ വേതന അക്കൗണ്ടിൽ 50 രൂപ എന്ന് പോസ്റ്റ് ചെയ്തു.

(c) സൂര്യ & കമ്പനിയിൽ നിന്ന് 10,000 രൂപയ്ക്ക് കടമായി യന്ത്രസാമഗ്രികൾ വാങ്ങിയത് പർച്ചേയ്സ് ബുക്കിൽ 6,000 രൂപ എന്ന് രേഖപ്പെടുത്തുകയും അവിടെ നിന്നും സൂര്യ & കമ്പനിയുടെ അക്കൗണ്ടിലേക്ക് 1,000 രൂപ എന്ന് പോസ്റ്റ് ചെയ്യുകയും ചെയ്തു.

(d) മോഹനന് 5,000 രൂപയ്ക്ക് കടമായി സാധനങ്ങൾ വിറ്റത് പർച്ചേയ്സ് ബുക്കിൽ രേഖപ്പെടുത്തി

(e) റാമിന് തിരിച്ചുകൊടുത്ത 1,000 രൂപയുടെ സാധനങ്ങൾ സെയിൽസ് ബുക്കിൽ രേഖപ്പെടുത്തി.

(f) രാജ്&കമ്പനിയിൽ നിന്ന് 6,000 രൂപയുടെ സാധനങ്ങൾ കടമായി വാങ്ങിയത് സെയിൽസ് ബുക്കിലാണ് രേഖപ്പെടുത്തിയത്. എന്നാൽ രാജ്&കമ്പനിയുടെ അക്കൗണ്ടിൽ കൃത്യമായി ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

(g) മനു&കമ്പനിയിൽ നിന്ന് 6,000 രൂപയുടെ സാധനങ്ങൾ കടമായി വാങ്ങിയത് സെയിൽസ് ബുക്കിൽ 2,000 രൂപ എന്ന് രേഖപ്പെടുത്തുകയും അവിടെ നിന്നും എം&കമ്പനിയുടെ അക്കൗണ്ടിൽ 1,000 രൂപ ക്രെഡിറ്റ് ചെയ്യുകയും ചെയ്തു.

(h) രാമന് 4,000 രൂപയുടെ സാധനങ്ങൾ കടമായി വിറ്റത് രാഘവന്റെ അക്കൗണ്ടിൽ 1,000 രൂപ എന്ന് ക്രെഡിറ്റ് ചെയ്തു.

(i) 1,600 രൂപയുടെ ബിൽസ് റിസീവബിൾ റഹീം പണം നൽകാതെ മടക്കിയത് അലവൻസ് അക്കൗണ്ടിന്റെ ഡെബിറ്റ് വശത്ത് പോസ്റ്റ് ചെയ്തു.

(j) മണിക്ക് കൊടുക്കാനുള്ള ബില്ലിന്റെ തുക 5,000 രൂപ നൽകിയത് മനുവിന്റെ അക്കൗണ്ടിൽ ഡെബിറ്റ് ചെയ്തു.

(k) പഴയ ഫർണിച്ചർ വിറ്റ് കിട്ടിയ 3,000 രൂപ സെയിൽസ് അക്കൗണ്ടിൽ 1,000 രൂപ എന്ന് പോസ്റ്റ് ചെയ്തു.

(l) ഫർണിച്ചറിന്റെ മൂല്യക്ഷയം 800 രൂപ പോസ്റ്റ് ചെയ്തിട്ടില്ല.

(m) കെട്ടിട നിർമ്മാണത്തിനായി ഉപയോഗിച്ച 10,000 രൂപയുടെ അസംസ്കൃത വസ്തുക്കളെയും വേതനം നൽകിയ 3,000 രൂപയെയും സംബന്ധിച്ച് ഒരു നീക്കുപോക്കും ബുക്കിൽ നടത്തിയിട്ടില്ല.

തെറ്റുകൾ തിരുത്തുകയും സസ്പെൻസ് അക്കൗണ്ട് തയാറാക്കി ട്രയൽ ബാലൻസിലെ വ്യത്യാസം കണ്ടെത്തുകയും ചെയ്യുക.
(ഉത്തരം: ട്രയൽ ബാലൻസിലെ വ്യത്യാസം 13,850 രൂപ ക്രെഡിറ്റ് കൂടുതൽ).

## സ്വയം വിലയിരുത്തൽ ചോദ്യങ്ങളുടെ ഉത്തരസൂചിക

**ഉത്തര സൂചിക - I**

ട്രയൽ ബാലൻസ് തുക 5,17,000 രൂപ

**ഉത്തര സൂചിക - II**

| | | | | |
|---|---|---|---|---|
| | നിർവഹണത്തെറ്റ് | | | |
| 1. | പർച്ചേസ് അക്കൗണ്ട് | Dr. | 5,000 | |
| | To രജനി അക്കൗണ്ട് | | | 5,000 |
| | രജനി അക്കൗണ്ട് | Dr. | 5,000 | |
| | To സെയിൽസ് അക്കൗണ്ട് | | | 5,000 |
| | രജനി അക്കൗണ്ട് | Dr. | 10,000 | |
| | To സെയിൽസ് അക്കൗണ്ട് | | | 5,000 |
| | To പർച്ചേസ് അക്കൗണ്ട് | | | 5,000 |
| | താത്വികത്തെറ്റ് | | | |
| 2. | പർച്ചേയ്സ് അക്കൗണ്ട് | Dr. | 8,000 | |
| | To റാവു അക്കൗണ്ട് | | | 8,000 |
| | ഫർണിച്ചർ അക്കൗണ്ട് | Dr. | 1,000 | |
| | To റാവു അക്കൗണ്ട് | | | 1,000 |
| | ഫർണിച്ചർ അക്കൗണ്ട് | Dr. | 8,000 | |
| | To പർച്ചേയ്സ് അക്കൗണ്ട് | | | 8,000 |
| | നിർവഹണത്തെറ്റ് | | | |
| 3. | ക്യാഷ് അക്കൗണ്ട് | Dr. | 15,000 | |
| | To കമ്മീഷൻ അക്കൗണ്ട് | | | 15,000 |

| | | | |
|---|---|---|---|
| ക്യാഷ് അക്കൗണ്ട് | Dr. | 15,000 | |
| To സെയിൽസ് അക്കൗണ്ട് | | | 15,000 |
| കമ്മീഷൻ അക്കൗണ്ട് | Dr. | 15,000 | |
| To സെയിൽസ് അക്കൗണ്ട് | | | 15,000 |

4. നിർവഹണത്തെറ്റ്

| | | | |
|---|---|---|---|
| ക്യാഷ് അക്കൗണ്ട് | Dr. | 6, 000 | |
| To നദീം അക്കൗണ്ട് | | | 6,000 |
| ക്യാഷ് അക്കൗണ്ട് | Dr. | 6,000 | |
| To കരീം അക്കൗണ്ട് | | | 6,000 |
| നദീം അക്കൗണ്ട് | Dr. | 6,000 | |
| To കരീം അക്കൗണ്ട് | | | 6,000 |

**ഉത്തര സൂചിക - III**

1. നിർഹണത്തെറ്റുകൾ

| | | | |
|---|---|---|---|
| മോഹൻ അക്കൗണ്ട് | Dr. | 12, 000 | |
| To സെയിൽസ് അക്കൗണ്ട് | | | 10,000 |
| മോഹൻ അക്കൗണ്ട് | Dr. | 10,000 | |
| To സെയിൽസ് അക്കൗണ്ട് | | | 10,000 |
| സസ്പെൻസ് അക്കൗണ്ട് | Dr. | 2,000 | |
| To മോഹൻ അക്കൗണ്ട് | | | 2,000 |

2. ഭാഗികമായ ഉപേക്ഷിതത്തെറ്റുകൾ

| | | | |
|---|---|---|---|
| അക്കൗണ്ട് | Dr. | 2,000 | |
| To ക്യാഷ് അക്കൗണ്ട് | | | 2,000 |

| | | | | |
|---|---|---|---|---|
| | നേഹ അക്കൗണ്ട് | Dr. | 2,000 | |
| | To ക്യാഷ് അക്കൗണ്ട് | | | 2,000 |
| | നേഹ അക്കൗണ്ട് | Dr. | 2,000 | |
| | To സസ്പെൻസ് അക്കൗണ്ട് | | | 2,000 |
| 3. | നിർവഹണത്തെറ്റുകൾ | | | |
| | സെയിൽസ് റിട്ടേൺസ് അക്കൗണ്ട് | Dr. | 1,600 | |
| | To മേഘല അക്കൗണ്ട് | | | 1,000 |
| | സെയിൽസ് റിട്ടേൺസ് അക്കൗണ്ട് | Dr. | 1,600 | |
| | To മേഘല അക്കൗണ്ട് | | | 1,600 |
| | സസ്പെൻസ് അക്കൗണ്ട് | Dr. | 600 | |
| | To മേഘല അക്കൗണ്ട് | | | 600 |
| 4. | ഭാഗിക ഉപേക്ഷിതത്തെറ്റുകൾ | | | |
| | അക്കൗണ്ട് | Dr. | 1,500 | |
| | To ഫർണിച്ചർ അക്കൗണ്ട് | | | 1,500 |
| | ഡിപ്രീസിയേഷൻ അക്കൗണ്ട് | Dr. | 1,500 | |
| | To ഫർണിച്ചർ അക്കൗണ്ട് | | | 1,500 |
| | ഡിപ്രീസിയേഷൻ അക്കൗണ്ട് | Dr. | 1,500 | |
| | To സസ്പെൻസ് അക്കൗണ്ട് | | | 1,500 |

**ഉത്തര സൂചിക - IV**

1. (a) 2. (c) 3. (d) 4. (a) 5. (b) 6. (a) 7. (b) 8. (b) 9. (d)